# COMMON PRE-BOARD EXAMINATION 2022-23

## Subject: MALAYALAM (മലയാളം) Code: 012

Class: X | Time Allowed: 3 hours

Maximum Marks: 80

*General Instructions:*

The question paper is divided into two sections:

| | | | | |
|---|---|---|---|---|
| Section A | : | Reading Comprehension | | |
| | : | Vocabulary Building & prose & poetry. (M.C.Q) | : | 40 Marks |
| Section B | : | Grammar, Composition | | |
| | : | Literature (Prose, Poetry & Non-detailed) | : | 40 Marks |

## എ) വിഭാഗം / SECTION A

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിനു മാത്രം ശരിയുത്തരം എടുത്തെഴുതുക.**

**( ഓരോന്നിനും 1 മാർക്ക് വീതം ) (8X1=8)**

കേരളത്തിന്റെ തനതായ ദൃശ്യകലയാണ് കഥകളി. നൃത്തവും സംഗീതവും വാദ്യവും ഒത്തുചേർന്ന ഒരു ക്ലാസിക് കലയാണിത്. പതിനേഴാം ശതകത്തിൽ ഉണ്ടായ രാമനാട്ടമാണ് കഥകളിയുടെ ആദിമരൂപം. രാമനാട്ടത്തെ കൊട്ടാരക്കര തമ്പുരാൻ പരിഷ്കരിച്ച് കഥകളിയാക്കി എന്ന് വിശ്വസിക്കപ്പെടുന്നു. പതിനെട്ടാം ശതകത്തിൽ കോട്ടയം തമ്പുരാന്റെ കാലത്താണ് കഥകളി പ്രചാരം നേടിത്തുടങ്ങിയത്.

തിരുവിതാംകൂറിലെ ധർമ്മരാജാവ്, അദ്ദേഹത്തിന്റെ സദസ്യനായ ഉണ്ണായിവാര്യർ, ഇരയിമ്മൻ തമ്പി തുടങ്ങിയവർ കഥകളിയെ പിൽക്കാലത്ത് പരിപോഷിപ്പിച്ചവരാണ്. ഇക്കൂട്ടത്തിൽ എക്കാലത്തെയും മികച്ച ആട്ടക്കഥ എഴുതിയ ആളാണ് ഉണ്ണായിവാര്യർ. അദ്ദേഹത്തിന്റെ നളചരിതം നാടകീയത മുറ്റിനിൽക്കുന്ന ഒരു കൃതിയാണ്. ഇരയിമ്മൻ തമ്പിയുടെ കീചകവധം, ദക്ഷയാഗം, കാർത്തിക തിരുനാളിന്റെ നരകാസുരവധം

മുരിങ്ങൂർ ശങ്കരൻ പോറ്റിയുടെ കുചേലവൃത്തം തുടങ്ങിയവയാണ് മികച്ച മറ്റ് ആട്ടക്കഥകൾ.

ആംഗികം, വാചികം, ആഹാര്യം, സാത്വികം തുടങ്ങിയ നാലു വിധത്തിലുള്ള അഭിനയവും സമന്വയിക്കുന്ന കലാരൂപമാണ് കഥകളി. അതിൽ പ്രധാനമായും അഞ്ചുതരം വേഷങ്ങളാണുള്ളത്. പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണവ. ധീരോദാത്തരും സൽസ്വഭാവികളുമായ കഥാപാത്രങ്ങളാണ് പച്ച വേഷമണിയുന്നത്. ധർമ്മപുത്രർ, നളൻ, ഭീമസേനൻ, അർജ്ജുനൻ തുടങ്ങിയവർ ഇതിനുദാഹരണമാണ്. നന്മയും തിന്മയും ഇടകലർന്ന ദുര്യോധനൻ, കീചകൻ, രാവണൻ തുടങ്ങിയ രജോഗുണപ്രധാനികളായ കഥാപാത്രങ്ങളാണ് കത്തിവേഷം അണിയുക. തമോഗുണം നിറഞ്ഞ ക്രൂരകഥാപാത്രങ്ങളുടേതാണ് കരിവേഷം. കാട്ടാളൻ, ശൂർപ്പണഖ തുടങ്ങിയവർ കരിവേഷമാണ് കെട്ടുക. ദുഷ്ട കഥാപാത്രങ്ങൾ ചുവന്ന താടി വേഷം കെട്ടുന്നു. സ്ത്രീകളും മുനിമാരും അണിയുന്ന വേഷമാണ് മിനുക്ക്.

നാടകശാലയിലോ അരങ്ങിലോ വലിയ നിലവിളക്ക് കത്തിച്ചുവച്ച ശേഷം അതിനു മുന്നിൽ നിന്നാണ് കഥകളി അവതരിപ്പിക്കുക. ഇത് കളിവിളക്ക് എന്നാണറിയപ്പെടുന്നത്. കഥകളിയുണ്ട് എന്ന് അറിയിക്കാനായി കേളികൊട്ട് നടത്തുന്നതാണ് ആദ്യ ചടങ്ങ്. തോടയം, വന്ദനശ്ലോകം, പുറപ്പാട്, മേളപ്പദം എന്നീ ചടങ്ങുകൾ കഴിഞ്ഞാൽ കഥ ആരംഭിക്കും. ഗായകൻ പാടുകയും അതിനൊത്ത് നടൻ ആടുകയും ചെയ്യും. ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം എന്നിവയാണ് കഥകളിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ. സോപാനസംഗീത രീതിയാണ് കഥകളിയിലെ ആലാപനത്തിന് അടിസ്ഥാന മാക്കിയിട്ടുള്ളത്. ഹസ്തമുദ്രകളാണ് കഥകളി അഭിനയത്തിലെ പ്രധാന ഘടകം. ഹസ്തലക്ഷണദീപികയെ അവലംബിച്ചുള്ള മുദ്രകളാണ് ഇതിൽ ഉപയോഗിക്കുന്നത്.

**ചോദ്യങ്ങൾ**

(a). കഥകളിയുടെ ആദിമരൂപം ഏത്?

( 1. തീയാട്ടം 2. തിറയാട്ടം 3. രാമനാട്ടം 4. കോലംതുള്ളൽ )

(b). ആരുടെ കാലത്താണ് കഥകളി പ്രചാരം നേടിത്തുടങ്ങിയത്?

( 1. കൊച്ചീരാജാവിന്റെ 2. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ
3. കോലത്തുനാട്ടുരാജാവിന്റെ 4. കോട്ടയം തമ്പുരാന്റെ )

(c). നളചരിതത്തിന്റെ പ്രത്യേകതയെന്ത്?

( 1. വർണ്ണനയ്ക്ക് പ്രാധാന്യം നൽകിയിരിക്കുന്നു

2. നാടകീയത മുറ്റിനിൽക്കുന്നു

3. പ്രകൃതിഭംഗിയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നു

4. സംഗീതത്തിന് പ്രാമുഖ്യം നൽകിയിരിക്കുന്നു )

(d). ദക്ഷയാഗം ആരുടെ ആട്ടക്കഥയാണ്?

( 1. ഇരയിമ്മൻ തമ്പിയുടെ 2. കാർത്തികതിരുനാളിന്റെ

3. സ്വാതിതിരുനാളിന്റെ 4. കൊട്ടാരക്കരത്തമ്പുരാന്റെ )

(e). കഥകളിയുടെ അഭിനയരീതിയിൽ ഉൾപ്പെടാത്തത് ഏത്?

( 1. ആംഗികം 2. വാചികം 3. സാത്വികം 4. വൈഷയികം )

(f). ധർമ്മപുത്രർ, നളൻ തുടങ്ങിയ കഥാപാത്രങ്ങൾ അണിയുന്ന വേഷമേത്?

( 1. താടി 2. മിനുക്ക് 3. പച്ച 4. കത്തി )

(g). കരിവേഷം ഏതുതരം കഥാപാത്രങ്ങൾക്കുള്ളതാണ്?

( 1. അദ്ധ്യാത്മികഗുണം നിറഞ്ഞ പുരാണകഥാപാത്രങ്ങൾക്ക്

2. തമോഗുണം നിറഞ്ഞ ക്രൂരകഥാപാത്രങ്ങൾക്ക്

3. സൗമ്യരായ സ്ത്രീകഥാപാത്രങ്ങൾക്ക്

4. സാത്വികരായ ആചാര്യന്മാർക്ക് )

(h). കഥകളിയുടെ ആദ്യചടങ്ങ് ഏത്?

( 1. പുറപ്പാട് 2. കേളികൊട്ട് 3. മേളപ്പദം 4. തോടയം )

(i). കഥകളിയിൽ ഉപയോഗിക്കാത്ത വാദ്യോപകരണം ഏത്?

( 1. ചെണ്ട 2. മദ്ദളം 3. വയലിൻ 4. ചേങ്ങില )

(j). കഥകളിയിലെ ഹസ്തമുദ്രകൾ ഏത് ഗ്രന്ഥത്തെ അവലംബിച്ച് ചിട്ടപ്പെടുത്തിയിട്ടുള്ളതാണ്?

( 1. ഹസ്തലക്ഷണദീപിക 2. കൈവല്യനവനീതം

3. ലീലാതിലകം 4. മാതംഗലീല)

(k). കഥകളിയിൽ ഉപയോഗിക്കുന്ന സംഗീതമേത്?

( 1. ശാസ്ത്രീയസംഗീതം 2. ഹിന്ദുസ്ഥാനിസംഗീതം

3. സോപാനസംഗീതം 4. മിശ്രസംഗീതം)

**2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (8X1=8)**

(a). സജ്ജനം എന്ന വാക്കിന്റെ വിപരീതപദം ഏത്?

(i). സുജനം (ii). ദുർജ്ജനം (iii). വിജനം (iv). ബുധജനം

(b). 'കടൽ' എന്ന പദത്തിന്റെ പര്യായപദം ഏത്?

(i). കരടം (ii). വാസരം (iii). സാഗരം (iv). ആതപം

(c). 'കണ്ണ്' എന്ന അർത്ഥം വരുന്ന പദം ഏത്?

(i). നിടിലം (ii). ലലാടം (iii). കാപോതം (iv). നയനം

(d). 'കൊടി' എന്ന വാക്കിന്റെ നാനാർത്ഥപദം ഏത്?

(i). പാദം (ii). പതാക (iii). മാനം (iv). പുഷ്പം

(e). 'കരിന്തിരി' എന്നത് പിരിച്ചെഴുതുന്നത് എങ്ങനെ?

(i). കരിന്തി+തിരി (ii). കരി+തിരി

(iii). കരി+തരി (iv). കരിം+തിരി

(f). ആധി - ആദി എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത്?

(i). ഭയം-പക്ഷി (ii). ഉൽക്കണ്ഠ-ആദ്യം

(iii). രോഗം-അഭയം (iv). വ്യത്യാസം-രൂപം

(g). 'സ്വപ്നത്തിനു സമാനം' എന്നതിന്റെ ഒറ്റപ്പദം ഏത്?

(i). സ്വപ്നാസമാനം (ii). സ്വപ്നേസമാനം

(iii). സ്വപ്നസമാനം (iv). സ്വപ്നാൽസമാനം

(h). ശരിയായ പദം ഏത്?

(i). അകിലം (ii). അഖിലം (iii). അഗിലം (iv). അഘിലം

(i). 'ഭവാൻ' എന്ന പദത്തിന്റെ എതിർലിംഗം എന്ത്?

(i). ഭവാനി (ii). ഭഗവതി (iii). ഭവതി (iv). ഭവ

(j). 'നിർദയം' എന്നതിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

(i). ദയയോടെ (ii). ദയമൂലം (iii). ദയയില്ലാതെ (iv). ദയയുടെ

**3. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) (4X2=8)**

(a) "ആ ദുഷ്ടന്മാർ കൊടുംക്രൂരത കാട്ടി എന്റെ അച്ഛനെ വധിച്ചു. അതിലും എനിക്കിത്ര വ്യസനമില്ല, അങ്ങയുടെ ഈ സ്ഥിതി കാണുമ്പോൾ."

(i). ദുഷ്ടന്മാർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെ?

1. കൗരവരെ 2. പാണ്ഡവരെ 3. പാഞ്ചാലരെ 4. യാദവരെ

(ii). ആരാണ് ഇങ്ങനെ പറയുന്നത്?

1. ദുര്യോധനൻ 2. യുധിഷ്ഠിരൻ 3. അശ്വത്ഥാമാവ് 4. കർണ്ണൻ

(b) "പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ."

(i). ആരുടെ വാക്കുകളാണിവ?

1. നീലി മണ്ണാത്തിയുടെ 2. വെള്ളായിയപ്പന്റെ

3. ദുര്യോധനന്റെ 4. കുട്ട്യസ്സൻ മാപ്പിളയുടെ

(ii). ഏതു മനോഭാവമാണ് ഈ വാക്കുകളിൽ പ്രകടമാകുന്നത്?

1. ഭയം 2. രോഷം 3. അനുകമ്പ 4. അഹങ്കാരം

(c) "ഇതിപ്പോ, നീയ് വന്നിട്ട് ആ കുന്തം കുട്ട്യോളടന്തി നോക്കണംന്നും താരാട്ടു പാടണംന്നും ഒക്കെപ്പറഞ്ഞാ എനിക്ക് പറ്റ്വോ?"

(i). ഏതു സാധനത്തെപ്പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്?

1. ജാക്കറ്റ് 2. റേഡിയോ 3. സ്വർണ്ണം 4. ചൂഡാമണി

(ii). ആർക്കാണ് 'പറ്റാത്തത്'?

1. ഭീമന് 2. കണ്ടുണ്ണിക്ക്

3. മത്തായിമൂപ്പർക്ക് 4. ചാക്കോരുമാപ്ലക്ക്

(d) ''നിരന്നു ലസിപ്പൂ നെയ്യാമ്പലുകൾ''

(i). എവിടെയാണ് നിരന്നു ലസിക്കുന്നത്?

1. കുളത്തിൽ 2. കായലിൽ 3. വയലേലകളിൽ 4. നദിയിൽ

(ii). എങ്ങനെ ലസിക്കുന്നു എന്നാണു കവി പറയുന്നത്?

1. മലരിൻ പൂക്കൂട നിറച്ച് 2. ഈറനുടുത്ത്

3. ഉറ്റമുഹൂർത്തം കാത്ത് 4. പൊൽക്കിഴിയെരിയും വെള്ളിത്താലമെടുത്ത്

(e) "പെറ്റുകിടക്കും തെരുവു പട്ടിക്കെന്തൊരൂറ്റം കുരച്ചതു ചാടിക്കുതിക്കുന്നു"

(i). എവിടെ വച്ചാണ് ഈ സംഭവം ഉണ്ടാകുന്നത്?

1. ജില്ലാശുപത്രിക്കരികിൽ 2. പെരും മാളിന്റെ അടുത്ത്

3. വിദ്യാലയമുറ്റത്ത് 4. കോവിലിൽ

(ii). ഈ സംഭവം മകന് നൽകുന്ന ഓർമ്മപ്പെടുത്തൽ എന്ത്?

1. മാതൃത്വത്തിന്റെ കരുതൽ　　2. തെരുവ് പട്ടിയുടെ ശക്തി

3. മുൻകരുതലിന്റെ ആവശ്യകത　　4. യാത്രയിൽ ഉണ്ടായിരിക്കേണ്ട ശ്രദ്ധ

(f) ''ധീരനായ യതി നോക്കി തന്വിതൻ ഭൂരിബാഷ്പപരിപാടലം മുഖം''

(i). ധീരനായ യതി ആരാണ്?

1. ദ്രോണർ　　2. വാല്മീകി　　3. വ്യാസൻ　　4. ദിവാകരൻ

(ii). മുഖം 'ബാഷ്പപരിപാടലം' ആയത് എങ്ങനെ?

1. കരഞ്ഞതു കൊണ്ട്　　2. വെയിലിൽ നിന്നതുകൊണ്ട്

3. മഴ നനഞ്ഞതു കൊണ്ട്　　4. പേടിച്ചതുകൊണ്ട്

**4. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം)　　(4X4=16)**

**(a).** "ആചാര്യപുത്രാ, എന്നെ ശസ്ത്രം കൊണ്ടു കൊന്നേക്കൂ, താമസിക്കേണ്ട. മനുഷ്യശ്രേഷ്ഠാ, അങ്ങയുടെ കൈകൊണ്ടു ഞാൻ സുകൃതലോകങ്ങളിലേക്കു പോകട്ടെ."

(i). ആരാണ് ആചാര്യപുത്രൻ?

1. അശ്വത്ഥാമാവ്　　2. കൃപർ　　3. ലക്ഷണൻ　　4. ദ്രുപദൻ

(ii). 'സുകൃതലോകം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

1. കൊട്ടാരം　　2. വനം　　3. സ്വർഗ്ഗം　　4. നരകം

(iii). എങ്ങനെ കൊല്ലാനാണ് ശ്രമിച്ചത്?

1. നെഞ്ചിലിടിച്ച്　　2. വയറ്റിൽ ചവിട്ടി

3. കഴുത്ത് തിരിച്ച്　　4. മർമ്മങ്ങളിൽ പെരുവിരൽ ഊന്നിയമർത്തി

(iv). ഏത് കൃതിയിൽ ഉള്ളതാണ് ഈ വാക്കുകൾ?

1. കല ജീവിതം തന്നെ　　2. രാജാങ്കണം

3. ഭാരതപര്യടനം　　4. സാഹിത്യസല്ലാപം

**(b).** "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം."

(i). ആരാണ് ഇങ്ങനെ പറയുന്നത്?

1. പാറാവുകാരൻ　　2. തോട്ടികൾ　　3. യാത്രക്കാർ　　4. കുതിരവണ്ടിക്കാർ

(ii). ഈ വാക്കുകളിലെ പരോക്ഷ സൂചനയെന്ത്?

1. സ്നേഹം    2. പരിഹാസം    3. ക്രോധം    4. വെറുപ്പ്

(iii). ഈ സംഭാഷണം അടങ്ങിയ കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?

1. നോവൽ    2. നാടകം    3. ചെറുകഥ    4. യാത്രാവിവരണം

(iv). ഒ.വി. വിജയൻ എഴുതിയ നോവൽ ഏത്?

1. ആരാച്ചാർ    2. ആടുജീവിതം

3. ഖസാക്കിന്റെ ഇതിഹാസം    4. സ്മാരകശിലകൾ

**(c).** "മന്ഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം."

(i) മനുഷ്യരെ മെനക്കെടുത്തുന്ന ഏർപ്പാട് എന്ത്?

1. പണം കടം ചോദിക്കുന്നത്    2. റേഡിയോപ്പാട്ട് കേൾക്കുന്നത്

4. തീർത്ഥാടനത്തിന് പോകുന്നത്    3. പണയമുതൽ തിരിച്ചെടുക്കാത്തത്

(ii) ആരോടാണ് ഇങ്ങനെ പറയുന്നത്?

1. പാറാവുകാരനോട്    2. ചെമ്പുമത്തായിയോട്

3. ചാക്കുണ്ണിയോട്    4. കണ്ടുണ്ണിയോട്

(iii) ഈ വാക്കുകളിൽ നിഴലിക്കുന്ന സ്വഭാവസവിശേഷത എന്ത്?

1. കഠിനാധ്വാന ശീലം    2. ജോലിയിലുള്ള ആത്മാർത്ഥത

3. കലാവാസന    4. പണത്തോടുള്ള അത്യാഗ്രഹം

(iv) ആരുടെ കൃതിയിലുള്ളതാണ് ഈ വാക്കുകൾ?

1. ഇ. സന്തോഷ്കുമാറിന്റെ    2. ഒ.വി. വിജയന്റെ

3. കുട്ടികൃഷ്ണമാരാരുടെ    4. വൈലോപ്പിള്ളിയുടെ

**(d).** "മാനസതാരിൽ നിരൂപിച്ചതും തവ ജ്ഞാനമില്ലായ്കെന്നറിക നീ"

(i). 'തവ' എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് ആരെ?

1. നളിനിയെ    2. പുള്ളുവനെ    3. ലക്ഷ്മണനെ    4. പാഞ്ചാലിയെ

(ii). എന്താണ് നിരൂപിച്ചത്?

1. മോക്ഷാർഥിയാകുന്നതിന്    2. ലോകം ദഹിപ്പിക്കുന്നതിന്

3. വിഘ്നം വരുത്തുന്നതിന്    4. ക്രോധം പരിത്യജിക്കുന്നതിന്

(iii). ദോഷങ്ങളൊക്കെ എങ്ങനെയാണ് വന്നു ഭവിക്കുന്നത്?

1. മർത്ത്യജന്മം ക്ഷണഭംഗുരം ആയതിനാൽ
2. ശരീരം പരിണാമവിധേയമായതിനാൽ
3. ദേഹാഭിമാനം മൂലമുള്ള രോഷത്താൽ
4. പ്രപഞ്ചം പഞ്ചഭൂതകനിർമ്മിതമായതിനാൽ

(iv). എഴുത്തച്ഛന്റെ കൃതി ഏത്?

1. അധ്യാത്മരാമായണം
2. രഘുവംശം
3. ജ്ഞാനപ്പാന
4. അധ്യാത്മരാമായണം കിളിപ്പാട്ട്

**(e).** "മണിപീഠത്തിലിരുത്തൂ മന്നനെ, മലയാളത്തറവാട്ടിന്നങ്കണ മണിപീഠത്തിലിരുത്തൂ"

(i). ആരാണ് മന്നൻ?

1. അർജുനൻ 2. മഹാബലി 3. ശ്രീകൃഷ്ണൻ 4. പുള്ളുവൻ

(ii). ഇരുത്തേണ്ടത് ആര്?

1. ചെറുകന്യകകൾ 2. കൊച്ചരുവികൾ 3. ഉണ്ണികൾ 4. ഉഷസ്സ്

(iii). 'നീളും മലയെ' എന്തായിട്ടാണ് കവി സങ്കൽപ്പിക്കുന്നത്?

1. മണിപീഠം 2. വീണപ്പെണ്ണ് 3. ചങ്ങലവട്ട 4. മലരിൻ കൂട

(iv). ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ വരികൾ?

1. കന്നിക്കൊയ്ത്ത് 2. വിട 3. മകരക്കൊയ്ത്ത് 4. സഹ്യന്റെ മകൻ

## ബി വിഭാഗം / SECTION B

**5. (a) പ്രയോഗം മാറ്റുക.** **(2X1=2)**

(i) അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി.

(ii) അയാൾ നന്നേ പണിപ്പെട്ട് അവയെ ആട്ടിയകറ്റുന്നുണ്ട്.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **(2X1=2)**

(i) ആണിബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു.

(ii) പുലർച്ചയ്ക്കു മുമ്പ് കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2X1=2)**

(i) പാറാവുകാരന്റെ മുഖം പൊടുന്നനെ പെട്ടെന്ന് കനിവുറ്റതായി.

(ii) പുറത്തുവന്നു മൂന്നുപേരും കഥയെല്ലാം അന്യോന്യം പരസ്പരമറിയിച്ച് കൈകൊട്ടി 'ഭാഗ്യം ഭാഗ്യം!' എന്ന് ആർത്തുവിളിച്ചു.

**(d) അർഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **(2X1=2)**

(i) ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കി.

(ii) 'എന്നാൽ എന്റെ പുൽക്കൊടി പാണ്ഡവരുടെ സന്തതിയിലെങ്കിലും ചെന്നേശണം.'

**(e) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2X1=2)**

(i) വിലപിക്കുക (ii) ഉത്തരവിടുക (iii) കാതോർക്കുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഓരോന്നിനും 5 മാർക്ക് വീതം)**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **(5)**

(i) വിദ്യാർത്ഥികളും സാമൂഹികകടമകളും

(ii) ആഗോളതാപനം

(b) നിങ്ങളുടെ സ്കൂളിന് സമീപം ലഹരി ഉൽപ്പന്നങ്ങളുടെ വിൽപ്പനയും ഉപയോഗവും വ്യാപകമാകുന്നതിനെക്കുറിച്ച് പോലീസ് അധികാരിക്ക് പരാതിക്കത്ത് തയ്യാറാക്കുക. **(5)**

(c) നിങ്ങളുടെ പ്രദേശത്തെ ഗതാഗതയോഗ്യമല്ലാത്ത പൊതുവഴി ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സഞ്ചാരയോഗ്യമാക്കി നാടിനു സമർപ്പിച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി പത്രവാർത്ത തയ്യാറാക്കുക. **(5)**

**7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക.**

**( ഓരോന്നിനും 3 മാർക്ക് വീതം )**

(a) ഏതെങ്കിലും **ഒരു** ചോദ്യത്തിനു മാത്രം ഉത്തരം എഴുതുക. **(1X3=3)**

(i) വെള്ളായിയപ്പൻ കൂടെ കൊണ്ടുപോകുന്ന പൊതിച്ചോറ് കടത്തീരത്ത് എന്ന കഥയുടെ ഭാവതലത്തെ സ്വാധീനിക്കുന്നത് എങ്ങനെ?

(ii) തനിക്ക് സ്വർഗ്ഗപ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിക്കുന്നത് എന്തുകൊണ്ട്?

(b) ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. **(2X3=6)**

(i) അമ്മയുടെ കണ്ണുകളെ മങ്ങിപ്പഴകിയ പിഞ്ഞാണവർണം എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ട് ?

(ii) "നന്നല്ല ദേഹംനിമിത്തം മഹാമോഹം." കാരണമെന്ത്?

(iii) "ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ " നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ കാരണമെന്ത് ?

**8. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. (2X3=6)**

(i) ചട്ടമ്പി സ്വാമികളും സ്വാമി വിവേകാനന്ദനും തമ്മിൽ നടന്ന കൂടിക്കാഴ്ച-യെക്കുറിച്ച് വിവരിക്കുക.

(ii) ചട്ടമ്പി സ്വാമികൾക്ക് 'വിദ്യാധിരാജൻ' എന്ന വിശേഷണം ലഭിച്ചതെങ്ങനെ?

(iii) "തന്നോടൊപ്പമുള്ളവർക്ക് തനിക്ക് ലഭിക്കുന്ന അംഗീകാരം ലഭിക്കണമെന്ന് സ്വാമിജിക്ക് നിർബന്ധമുണ്ടായിരുന്നു." ഉദാഹരണസഹിതം വിശദീകരിക്കുക.

***

# COMMON PRE-BOARD EXAMINATION 2022-23

## Subject: MALAYALAM (മലയാളം) Code: 012

Class: X

Time Allowed: 3 hours

Maximum Marks: 80

**ANSWER KEY (ഉത്തരസൂചിക)**

### എ വിഭാഗം / SECTION A

**1. അവധാരണം ഗദ്യം:- ശരിയുത്തരങ്ങൾ (ഏതെങ്കിലും എട്ടെണ്ണം മതി) (8X1=8)**

(a). 3. രാമനാട്ടം

(b). 4. കോട്ടയം തമ്പുരാന്റെ

(c). 2. നാടകീയത മുറ്റിനിൽക്കുന്നു

(d). 1. ഇരയിമ്മൻ തമ്പിയുടെ

(e). 4. വൈഷയികം

(f). 3. പച്ച

(g). 2. തമോഗുണം നിറഞ്ഞ ക്രൂരകഥാപാത്രങ്ങൾക്ക്

(h). 2. കേളികൊട്ട്

(i). 3. വയലിൻ

(j). 1. ഹസ്തലക്ഷണദീപിക

(k). 3. സോപാനസംഗീതം

**2. ശരിയുത്തരങ്ങൾ (ഏതെങ്കിലും എട്ടെണ്ണം മതി) (8X1=8)**

(a). (ii). ദുർജ്ജനം

(b). (iii). സാഗരം

(c). (iv). നയനം

(d). (ii). പതാക

(e). (ii). കരി + തിരി

(f). (ii). ഉൽക്കണ്ഠ - ആദ്യം

(g). (iii). സ്വപ്നസമാനം

(h). (ii). അഖിലം

(i). (iii). ഭവതി

(j). (iii). ദയയില്ലാതെ

**3. ശരിയുത്തരങ്ങൾ (ഏതെങ്കിലും നാലെണ്ണം മതി. 1 മാർക്ക് വീതം) (4X2=8)**

(a) (i). 2. പാണ്ഡവരെ

(ii). 3. അശ്വത്ഥാമാവ്

(b) (i). 4. കുട്ട്യസ്സൻ മാപ്പിളയുടെ

(ii). 3. അനുകമ്പ

(c) (i). 2. റേഡിയോ

(ii). 3. മത്തായിമൂപ്പർക്ക്

(d) (i). 3. വയലേലകളിൽ

(ii). 4. പൊൽക്കിഴിയെരിയും വെള്ളിത്താലമെടുത്ത്

(e) (i). 2. പെരുംമാളിന്റെ അടുത്ത്

(ii). 1. മാതൃത്വത്തിന്റെ കരുതൽ

(f) (i). 4. ദിവാകരൻ

(ii). 1. കരഞ്ഞതു കൊണ്ട്

**4. ശരിയുത്തരങ്ങൾ (ഏതെങ്കിലും നാലെണ്ണം മതി. ഓരോന്നിനും 1 മാർക്ക് വീതം)(4X4=16)**

(a). (i). 1. അശ്വത്ഥാമാവ്

(ii). 3. സ്വർഗ്ഗം

(iii). 4. മർമ്മങ്ങളിൽ പെരുവിരൽ ഊന്നിയമർത്തി

(iv).3. ഭാരതപര്യടനം

(b). (i). 4. കുതിരവണ്ടിക്കാർ

(ii). 2. പരിഹാസം

(iii). 3. ചെറുകഥ

(iv). 3. ഖസാക്കിന്റെ ഇതിഹാസം

(c). (i). 2. റേഡിയോപ്പാട്ട് കേൾക്കുന്നത്

(ii). 3. ചാക്കുണ്ണിയോട്

(iii). 4. പണത്തോടുള്ള അത്യാഗ്രഹം

(iv). 1. ഇ. സന്തോഷ്കുമാറിന്റെ

(d). (i). 3. ലക്ഷ്മണനെ

(ii). 2. ലോകം ദഹിപ്പിക്കുന്നതിന്

(iii). 3. ദേഹാഭിമാനം മൂലമുള്ള രോഷത്താൽ

(iv). 4. അധ്യാത്മരാമായണം കിളിപ്പാട്ട്

(e). (i). 2. മഹാബലി

(ii). 4. ഉഷസ്സ്

(iii). 3. ചങ്ങലവട്ട

(iv) 2. വിട

## ബി വിഭാഗം / SECTION B

**5. (a) പ്രയോഗം മാറ്റുക.** **(2X1=2)**

(i) ഉടുപ്പുകൾ അളവുകൾ തെറ്റിച്ച് അയാളാൽ തുന്നപ്പെട്ടു.

(ii) അവ അയാളാൽ നന്നേ പണിപ്പെട്ട് ആട്ടിയകറ്റപ്പെടുന്നുണ്ട്.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **(2X1=2)**

(i) ആണിബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് - അംഗവാക്യം

അയാൾ തിരിഞ്ഞു നോക്കാതെ നടന്നു. - അംഗിവാക്യം

(ii) പുലർച്ചയ്ക്കു മുമ്പ് കൊമ്പുവിളികൾ മുഴങ്ങുന്നത് - അംഗവാക്യം

വെള്ളായിയപ്പൻ കേട്ടു. - അംഗിവാക്യം

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2X1=2)**

(i) പാറാവുകാരന്റെ മുഖം **പൊടുന്നനെ/ പെട്ടെന്ന്** കനിവുറ്റതായി.

( പൊടുന്നനെ / പെട്ടെന്ന് ഏതെങ്കിലും ഒന്നു മതി )

(ii) പുറത്തുവന്നു മൂന്നുപേരും കഥയെല്ലാം **അന്യോന്യം / പരസ്പരമ**റിയിച്ച് കൈകൊട്ടി 'ഭാഗ്യം ഭാഗ്യം!' എന്ന് ആർത്തുവിളിച്ചു.

( അന്യോന്യം / പരസ്പരം ഏതെങ്കിലും ഒന്നു മതി )

**(d) അർഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. (2X1=2)**

(i) ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കാതിരുന്നില്ല.

(ii) 'എന്നാൽ എന്റെ പുൽക്കൊടി പാണ്ഡവരുടെ സന്തതിയിലെങ്കിലും ചെന്നേശാതിരിക്കരുത്.'

**(e) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക. (2X1=2)**

(i) വിലപിക്കുക (ii) ഉത്തരവിടുക (iii) കാതോർക്കുക

ആശയം വ്യക്തമാകും വിധം വാക്യരൂപീകരണം നടത്തിയിരിക്കണം.

പാഠപുസ്തകത്തിലെ വാക്യം സ്വീകാര്യമല്ല.

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **(5)**

ഉപന്യാസമാതൃക 2 മാർക്ക്, അവതരണം 3 മാർക്ക്.

ആമുഖം, ഉള്ളടക്കം, ഖണ്ഡികാകരണം, ഉപസംഹാരം എന്നിവ ഉണ്ടായിരിക്കണം.

(b) കത്ത് **(5)**

അഭിസംബോധന, ആമുഖം, ഉള്ളടക്കം, കത്തിന്റെ ഘടന എന്നിവ ഉണ്ടായിരിക്കണം. ഖണ്ഡിക തിരിച്ച് വിഷയം അവതരിപ്പിച്ചിരിക്കണം.

(c) പത്രവാർത്ത **(5)**

രൂപഘടന 2 മാർക്ക്, വാർത്തയുടെ അവതരണം 3 മാർക്ക്.

ഉചിതമായ ശീർഷകം, സ്ഥലം, ആമുഖം, ഉപസംഹാരം എന്നിവ ഉണ്ടായിരിക്കണം.

ഖണ്ഡിക തിരിച്ച് പത്രഭാഷയിൽ വിഷയം ഉചിതമായി അവതരിപ്പിച്ചിരിക്കണം.

**7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക.**

**(ഓരോന്നിനും 3 മാർക്ക് വീതം )**

(a) ഏതെങ്കിലും **ഒരു** ചോദ്യത്തിനു മാത്രം ഉത്തരം എഴുതുക. **(1X3=3)**

കർത്താവ്, കൃതി, ആമുഖം എന്നിവ ഉൾപ്പെടുത്തി പാഠഭാഗവുമായി ബന്ധിപ്പിച്ച് തെറ്റില്ലാതെ ഉചിതമായ വാക്യങ്ങളിൽ ഉത്തരം എഴുതിയിരിക്കണം.

(b) ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. **(2X3=6)**

കർത്താവ്, കൃതി, ആമുഖം എന്നിവ ഉൾപ്പെടുത്തി പാഠഭാഗവുമായി ബന്ധിപ്പിച്ച് തെറ്റില്ലാതെ ഉചിതമായ വാക്യങ്ങളിൽ ഉത്തരം എഴുതിയിരിക്കണം.

**8. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. (2X3=6)**

കർത്താവ്, കൃതി, ആമുഖം എന്നിവ ഉൾപ്പെടുത്തി ചോദ്യത്തിന് അനുരൂപമായി ഉത്തരം എഴുതിയിരിക്കണം.

***

# COMMON PRE-BOARD EXAMINATION 2022-23

## Subject: MALAYALAM(മലയാളം)-012

*STD : X* *Date:*
*Time allowed : 3Hrs.* *Maximum Mark : 80*
അനുവദിച്ച സമയം : 3 മണിക്കൂർ ആകെ മാർക്ക് : 80

*General Instructions:*

**The question paper is divided into two sections:**

| | | |
|---|---|---|
| **Section A** | **: Reading Comprehension** | |
| | **: Vocabulary Building & prose & poetry. (M.C. Q.} :** | **40 Marks** |
| **Section B** | **: Grammar, Composition** | |
| | **: Literature (Prose, Poetry & Non-detailed) :** | **40 Marks** |

### എ വിഭാഗം/ Section A

1. **താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ഏതെങ്കിലും 8 എണ്ണത്തിന് ശരിയുത്തരങ്ങൾ എഴുതുക. ( ഓരോന്നിനും 1 മാർക്ക് വീതം )** ( 8 x 1 = 8)

പാശ്ചാത്യസാഹിത്യവുമായുള്ള സമ്പർക്കത്തിൽ നിന്നാണ് മലയാളത്തിൽ ചെറുകഥാ പ്രസ്ഥാനം രൂപംകൊണ്ടത്. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, എം. ആർ. കെ.സി , മൂർക്കോത്തു കുമാരൻ എന്നിവരാണ് ആദ്യകാല ചെറുകഥാ കൃത്തുക്കളിൽ പ്രമുഖർ. പാശ്ചാത്യ ചെറുകഥകളുടെ രചനാരീതിയാണ് ഇവർ പിൻതുടർ-ന്നിരുന്നത്. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ വാസനാവികൃതിയാണ് അറിയപ്പെടുന്നതിൽ ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥ.പിന്നീട് രൂപത്തിലും കഥാപാത്രസൃഷ്ടിയിലും കഥകൾ മെച്ചപ്പെട്ടു . കെ. സുകുമാരൻ , ഇ.വി. കൃഷ്ണപിള്ള, മുത്തിരിങ്ങോട്ടു ഭവ-ത്രാതൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ അക്കാലത്തെ പ്രമുഖ കഥാകൃത്തുക്കളാണ്. ലോക സാഹിത്യത്തിൽ നിന്ന് ഒട്ടേറെ മികച്ച കഥകൾ കേസരി ബാലകൃഷ്ണപിള്ള മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി . ജീവിതത്തെ യഥാതഥം അവതരിപ്പിക്കുവാനും സാമൂഹ്യ പുരോഗതിക്ക് ചെറുകഥയെ ഒരു ഉപകരണമാക്കാനും കേസരി ഉദ്ബോധിപ്പിച്ചു. തകഴി, കേശവദേവ്, കാരൂർ,വൈക്കം മുഹമ്മദ് ബഷീർ തുടങ്ങിയ ഒന്നാംകിട കഥാകൃത്തുക്കൾ ബാലകൃഷ്ണപിള്ളയെ പിന്തുടർന്നു. കാല്പനികത നിറഞ്ഞ അനേകം കഥകളിലൂടെ എസ്.കെ.

പൊറ്റക്കാട് മലയാള സാഹിത്യത്തിൽ അനശ്വരനായി. പിന്നീടുള്ള എഴുത്തുകാർ വിഷയത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നില്ല. എം.ടി., നന്തനാർ, കോവിലൻ, ലളിതാംബിക അന്തർജ്ജനം, എൻ. പി. മുഹമ്മദ്, സക്കറിയ തുടങ്ങിയവർ ചെറുകഥാരംഗത്ത് മികച്ച സംഭാവനകൾ നൽകിയവരാണ്. ഒ.വി. വിജയൻ, കാക്കനാടൻ, സക്കറിയ, ടി.പത്മനാഭൻ, യു.എ. ഖാദർ തുടങ്ങിയവരുടെ കഥകൾ മലയാള ചെറുകഥാപ്രസ്ഥാനത്തെ സമ്പന്നമാക്കി. യുവതലമുറയിലെ കഥാകൃത്തുക്കൾ - ഇ. ഹരികുമാർ, സുഭാഷ് ചന്ദ്രൻ, സുസ്മേഷ് ചന്ദ്രോത്ത്, യു.കെ. കുമാരൻ തുടങ്ങി ഒട്ടേറെ യുവ കഥാകൃത്തുക്കൾ നമ്മുടെ ചെറുകഥയ്ക്ക് പുതിയ മാനം നൽകുന്നു.

**<u>ചോദ്യങ്ങൾ</u>**

(a). ആദ്യകാല ചെറുകഥാകൃത്തുക്കളിൽ ഉൾപ്പെടുന്നത് ആര് ?

[ 1.എം.ടി വാസുദേവൻനായർ, 2. എം.മുകുന്ദൻ, 3. മൂർക്കോത്ത്കുമാരൻ ,
4. അക്ബർകക്കട്ടിൽ ]

(b). ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥയായി അറിയപ്പെടുന്ന സൃഷ്ടി ഏത് ?

[ 1. ഇന്ദുലേഖ, 2. കുന്ദലത, 3. വാസനാവികൃതി, 4. വാസവദത്ത ]

(c). യുവതലമുറയിലെ കഥാകൃത്തുക്കളിൽ ഉൾപ്പെടാത്തത് ആര് ?

[1. സുഭാഷ് ചന്ദ്രൻ, 2. എം. ആർ. കെ.സി,
3. ഇ.ഹരികുമാർ, 4. യു.കെ. കുമാരൻ ]

(d). 'വാസനാവികൃതി '- എന്ന ചെറുകഥ രചിച്ചത് ആര് ?

[ 1. വൈക്കം മുഹമ്മദ് ബഷീർ, 2. തകഴി,
3. കേശവദേവ്, 4. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ]

(e) കാല്പനികത നിറഞ്ഞ അനേകം കഥകളിലൂടെ മലയാളസാഹിത്യത്തിൽ അനശ്വരനായത് ആര്?

[ 1. നന്തനാർ, 2. സക്കറിയ,
3. കാക്കനാടൻ, 4. എസ്.കെ. പൊറ്റക്കാട് ]

(f). താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായി എഴുതിയ പദം ഏത് ?

[ 1. കഥാകൃത്തുക്കൾ, 2. പരിഭാഷ, 3. ലക്ഷണം, 4. സാമൂഹ്യ പുരോഖതി ]

(g). കേസരി ബാലകൃഷ്ണപിള്ളയെ പിന്തുടർന്ന കഥാകൃത്തുക്കളിൽ ഉൾപ്പെടാത്തത് ആര് ?

[1. തകഴി, 2. കാരൂർ, 3. ഇ.വി. കൃഷ്ണപിള്ള, 4. കേശവദേവ് ]

(h). പാശ്ചാത്യ സാഹിത്യവുമായുള്ള സമ്പർക്കത്തിൽ നിന്ന് രൂപം കൊണ്ടത് എന്ത് ?

[ 1. മലയാള കവിത, 2. മലയാള ചെറുകഥ, 3. മലയാള നോവൽ, 4. യാത്ര വിവരണം ]

(i). സാമൂഹ്യപുരോഗതിക്ക് ചെറുകഥയെ ഉപകരണം ആക്കാൻ ഉദ്ബോധിപ്പിച്ചത് ആര് ?

[ 1. ഒ എൻ വി കുറുപ്പ്, 2. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ,

3. കേസരി ബാലകൃഷ്ണപിള്ള, 4. മാധവിക്കുട്ടി ]

(j). മുകളിൽ കൊടുത്ത ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം ഏത് ?

[1. മലയാള കവിതാപ്രസ്ഥാനം, 2. മലയാള ചെറുകഥാ പ്രസ്ഥാനം,

3.കിളിപ്പാട്ട് പ്രസ്ഥാനം, 4.നോവൽ പ്രസ്ഥാനം]

**2.ഏതെങ്കിലും 8 എണ്ണത്തിന് ശരിയുത്തരങ്ങൾ എഴുതുക.** (8 x 1=8)

a) പാന്ഥൻ - എന്ന പദത്തിന്റെ എതിർലിംഗം ഏതാണ് ?

(i) പാന്ഥനി (ii) പാന്ഥൻ (iii) പാന്ഥനൻ (iv) പാന്ഥ

b) മുറ്റം- എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(i) മാരുതൻ (ii) നിയന്താവ് (iii) ചത്വരം (iv) ക്ഷേത്രം

c) വിജനം -എന്ന പദത്തിന്റെ വിപരീതപദം ഏത് ?

(i)അവിജ്ഞം (ii) ജനം (iii) സവിജനം (iv) നിബിഡം

d). ധാന്യം / ധ്യാനം എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ് ?

(i)ഗോതമ്പ്- ഈശ്വരൻ (ii) നെല്ല് -പ്രാർത്ഥന (iii) നിലം –പ്രതിജ്ഞ

(iv) പാമ്പ്- അഭിമാനി

**e)**. സുഖോദയം - എന്ന സമസ്ത പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(i) സുഖത്താൽ ഉള്ള ഉദയം (ii) സുഖം കൊണ്ടുള്ള ഉദയം

(iii) സുഖത്തിന്റെ ഉദയം (iv) സുഖമാകുന്ന ഉദയം

f). താഴെ തന്നിരിക്കുന്നവയിൽ ഒഴിവ് - എന്ന പദത്തിന്റെ നാനാർത്ഥമായി വരുന്ന പദം ഏത് ?

(i) കൈ (ii) നികുതി (iii) ചുവപ്പ് (iv) അവധി

g). പ്രിയമല്ലാത്തത് എന്നതിന്റെ ഒറ്റപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(i)സപ്രിയം (ii) അനുപ്രിയം (iii) അപ്രിയം (iv) സുപ്രീയം

h). താഴെ തന്നിരിക്കുന്നവയിൽ ഞാത്തുക - എന്ന പദത്തിന്റെ അർത്ഥം ഏത് ?

(i) വിശ്വാസം (ii) തൂക്കിയിടുക (iii) നന്ദി (iv) കിടക്കുക

i). രാജ്യങ്ങൾ എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് എഴുതുക.

( i) രാജി + ങ്ങൾ (ii) രാജ്യാ + കൾ (iii) രാജ്യം + കൾ (iv) രാജ്യം + ങ്ങൾ

j). തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

(i) ഗുരുഗാദി (ii) ഗുരുഖാദി (iii) ഗുരുഘാതി (iv) ഗുരുഘാധി

**3.ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക** (4 x 2 = 8 )

**(a).** ' അസ്ത്രം അസ്ത്രം കൊണ്ട് അടങ്ങട്ടെ എന്നു മംഗളം സങ്കൽപ്പിച്ച് അത് പ്രയോഗിച്ചു '

(i) ആരാണ് അസ്ത്രം പ്രയോഗിക്കാൻ പറഞ്ഞത് ?

1. അർജുനൻ 2. ശ്രീകൃഷ്ണൻ 3. സഞ്ജയൻ 4. നാരദൻ

(ii) ആരുടെ അസ്ത്രത്തെ സംഹരിക്കാനാണ് രണ്ടാമതായി അസ്ത്രം പ്രയോഗിച്ചത് ?

1.പരീക്ഷിത്ത് 2. ദുര്യോധനൻ 3. അശ്വത്ഥാമാവ് 4. കൃപർ

**(b).** " തിരികൾ തെറുത്തു കൊളുത്താനുറ്റ മുഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങി"

(i) ആരാണ് തിരികൾ തെറുത്തു കാത്തിരുന്നത് ?

1. തുമ്പകൾ 2. ആമ്പലുകൾ 3. മുക്കുറ്റികൾ 4. താമരകൾ

(ii) മുകളിൽ കൊടുത്തിരിക്കുന്ന വരികൾ എഴുതിയതാര് ?

1.വൈലോപ്പിള്ളി 2. റഫീക്ക് അഹമ്മദ് 3. സന്തോഷ് കുമാർ 4. എഴുത്തച്ഛൻ

**(c).** "പാടയും പീളയും മൂടിയ കണ്ണുകൾ ഏറെ പണിപ്പെട്ടടച്ചു തുറന്നവർ "

(i) ആരുടെ കണ്ണുകളാണ് പാടയും പീളയും മൂടിയത് ?

1. അമ്മ 2.മകൻ 3. ഭാര്യ 4.കുട്ടി

(ii) പീള എന്ന പദത്തിന്റെ അർത്ഥം എന്ത് ?

1.കണ്ണിലെ അഴുക്ക് 2. കാലിലെ അസ്ഥി 3. കഴുത്തിലെ ഗ്രന്ഥി 4. കണ്ണിലെ തിളക്കം

**(d).** " അയാൾ അതു മച്ചിലേക്ക് വലിച്ചെറിയുകയില്ലേ "

(i) ആരുടെ വാക്കുകളാണ് ഇത് ?

1. സുകുമാരൻ 2. കുഞ്ഞനം 3.മത്തായി 4. ചാക്കുണ്ണി

(ii) എന്താണ് മച്ചിലേക്ക് വലിച്ചെറിയും എന്നു പറയുന്നത് ?

1.വിളക്ക് 2. റേഡിയോ 3. വസ്ത്രം 4.പണപ്പെട്ടി

**(e)** "ചക്ഷുശ്രവണഗളസ്ഥമാം ദർദുരം ഭക്ഷണത്തിനപേക്ഷിക്കുന്നതുപോലെ "

(i) ഭക്ഷണത്തിന് അപേക്ഷിക്കുന്നത് ആര് ?

1. തവള 2. ശ്രീരാമൻ 3. പാമ്പ് 4. ലക്ഷ്മണൻ

(ii) ചക്ഷു:ശ്രവണൻ എന്ന പദത്തിന്റെ അർത്ഥം എന്ത് ?

1.രാജാവ് 2.പാമ്പ് 3. ശ്രേഷ്ഠൻ 4. തവള

**(f).** " കണ്ണൂർ എത്തിയപ്പോൾ നേരം പുലർന്നിട്ടില്ല അപ്പോഴും കെട്ടഴിക്കാതെ
പൊതിച്ചോറ് കയ്യിലിരുന്നു"-

(i) ആരാണ് പൊതിച്ചോറ് നൽകിയത് ?

1. കണ്ടുണ്ണി 2. വെള്ളായിയപ്പൻ 3. കോടച്ചി 4. നീലി

(ii) വെള്ളായിയപ്പൻ കണ്ണൂരിലേക്ക് എന്തിനാണ് വന്നത് ?

1.മകനെ കാണാൻ 2. ഭാര്യയെ കാണാൻ 3. അയൽവാസിയെ കാണാൻ
4. കൂട്ടുകാരനെ കാണാൻ

**4.ഏതെങ്കിലും 4 എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.**

( 4 x 4 = 16 )

a)."പാന്ഥർ പെരുവഴിയമ്പലം തന്നിലേ താന്തരായി കൂടി വിയോഗം വരുമ്പോലെ"-

i) അദ്ധ്യാത്മരാമായണത്തിൽ എഴുത്തച്ഛൻ സ്വീകരിച്ച രചനാരീതി ഏത് ?

1. മണിപ്രവാളം 2. കിളിപ്പാട്ട് 3. ഗാഥാ പ്രസ്ഥാനം 4.പാട്ടു പ്രസ്ഥാനം

ii) താന്തർ എന്ന പദത്തിന്റെ അർത്ഥം എന്ത് ?

1. മനുഷ്യർ 2. ക്ഷീണിതർ 3. വഴിയാത്രക്കാർ 4. രാജാവ്

iii) വിയോഗം എന്ന പദത്തിന്റെ വിപരീതപദം എഴുതുക.

1.യോഗം 2. സംയോഗം 3. സവിയോഗം 4 . ദുർവിയോഗം

iv) അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ എത്ര കാണ്ഡം ഉണ്ട് ?

1) 14 കാണ്ഡം 2) 8 കാണ്ഡം 3) 2 കാണ്ഡം 4) 6 കാണ്ഡം

b) "ധീരനായ യതി നോക്കി തമ്പി തൻ
ഭൂരിബാഷ്പ പരിപാടലം മുഖം "-

i).മുകളിൽ കൊടുത്തിരിക്കുന്ന വരികൾ ഉൾപ്പെടുന്ന കൃതി ഏത്
സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

1. നാടകം 2. ലേഖനം 3. ഖണ്ഡകാവ്യം 4. വിവർത്തനം

ii).ഭൂരിബാഷ്പപരിപാടല മുഖത്തേക്ക് നോക്കിയതാര് ?

1. ദിവാകരൻ 2. നളിനി 3. സൂര്യൻ 4.പനിനീർ

iii).ദിവാകരനെ എന്തിനോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത് ?

1.വൈകുന്നേരം 2.പ്രഭാതം 3. മഞ്ഞ് 4.റോസാപ്പൂവ്

iv).പരിപാടലം എന്ന പദത്തിന്റെ അർത്ഥം എന്ത് ?

1. അപൂർണം 2.ഭാഗ്യം 3. ചുവപ്പ് 4.ശോഭ

**c)**."വെള്ളായിയപ്പൻ അന്നം നിലത്തേക്ക് എറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിൽ എവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങി വന്നു "-

i). മുകളിൽ കൊടുത്തിരിക്കുന്ന സംഭവം നടക്കുന്നത് എവിടെ വച്ചാണ് ?

1.പാഴുതറ 2. കോഴിക്കോട് 3.ആറാട്ടുകുന്ന് 4.കണ്ണൂർ

ii) ' കടൽത്തീരത്ത് '- എന്ന കഥ എഴുതിയത് ആര് ?

1.ഒ വി വിജയൻ 2. റഫീഖ് അഹമ്മദ് 3.സന്തോഷ് കുമാർ 4. ഒ. എൻ. വി

iii).വെള്ളായിയപ്പന്റെ ഭാര്യയുടെ പേരെന്ത് ?

1.കണ്ടുണ്ണി 2. നീലി 3. കോടച്ചി 4. കുഞ്ഞനം

iv). ആരാണ് പൊതിച്ചോറ് കെട്ടിയത് ?

1.നീലിമണ്ണാത്തി 2. കോടച്ചി 3. വെള്ളായി 4 .കണ്ടുണ്ണി

d).“ആയിരം ആണ്ടുകളായി സർവ്വവ്യാധികളും, പിടിപെട്ട് ചോരയും ചലവും നാറി ഭൂമിയിലെ വിജന പ്രദേശങ്ങളിലും കൊടുങ്കാടുകളിലും തെണ്ടിയലയുന്ന അഥവാ ഭഗവാൻ കൃഷ്ണദ്വൈപായനനോടൊപ്പം സർവ്വമനുഷ്യരിലും കുടി കൊള്ളുന്നവനാണ് ദ്രോണ പുത്രൻ ” .

i) ദ്രോണരുടെ പുത്രന്റെ പേര് എന്താണ് ?

1. ഏകലവ്യൻ 2. അർജുനൻ 3 .അശ്വത്ഥാമാവ് 4. സഞ്ജയൻ

ii) കൃഷ്ണദ്വൈപായനൻ എന്ന് പറയുന്നത് ആരെയാണ് ?

1. വ്യാസൻ 2. ശ്രീകൃഷ്ണൻ 3. യുധിഷ്ഠിരൻ 4. ദുര്യോധനൻ

iii) ' വ്യാധി '-എന്ന പദത്തിന് പകരം പദം എഴുതുക.

1.ഇഷ്ടം 2. രോഗം 3. മത്സരം 4. ശാപം

iv) ദ്രോണ പുത്രനെ ശപിച്ചതാര് ?

1. നാരദൻ 2. ശ്രീകൃഷ്ണൻ 3. അർജുനൻ 4. പരീക്ഷിത്ത്

**e)**."എന്തോരം ആളോളടെ പണ്ടോം മൊതലും എടവാടു നടത്തിയ തറവാടാ ഇദ് അതിന്റെടയ്ക്കാനെന്റെ ഈ ചിണുങ്ങ് റേഡിയോ "-

i). മുകളിൽ കൊടുത്തിരിക്കുന്ന വാക്കുകൾ ആരുടേതാണ്?

1. ചാക്കുണ്ണി 2. മത്തായി 3. സുകുമാരൻ 4. കുഞ്ഞനം

ii). റേഡിയോയുടെ ഉടമസ്ഥൻ ആര് ?

1.മത്തായി 2. ചാക്കുണ്ണി 3. കുഞ്ഞനം 4. ചാക്കോരു മാപ്പിള

iii). റേഡിയോയ്ക്ക് നൽകിയ നമ്പർ എത്രയാണ് ?

1.നൂറ്റി ഒന്ന് 2. നൂറ്റി ഇരുപത്തി ഒൻപത് 3. നൂറ്റി രണ്ട് 4.നൂറ്റിപത്തൊൻപത്

iv). റേഡിയോ പണയം വെച്ചത് എന്തിനാണ്?

1.സിനിമ കാണാൻ 2. മകന്റെ ചികിത്സയ്ക്ക്

3. ഭാര്യയുടെ ചികിത്സയ്ക്ക് 4. മകന്റെ സ്കൂളിലെ ആവശ്യത്തിന്

## ബി വിഭാഗം/ SECTION B

**5.നിർദ്ദേശമനുസരിച്ച് ഉത്തരം എഴുതുക** (5 x2=10)

**(a).** പ്രയോഗം മാറ്റുക. ( 2 x 1 =2 )

i). അവരെ കണ്ട ഉടൻ അർജുനനാൽ തന്റെ അസ്ത്രം സത്വരം പ്രതിസംഹരിക്കപ്പെട്ടു.

ii).പുലർച്ചയ്ക്ക് മുമ്പ് കൊമ്പ് വിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു.

**(b).** അംഗവാക്യം / അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. ( 2 x 1 =2 )

i). വെയിലിന്റെ മുകൾ തട്ടിൽ എവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങി വന്നു.

ii). രാജാവിന്റെ ഈ വിലാപം കേട്ട് ജനസഹസ്രങ്ങൾ കണ്ണ് നിറച്ച് അങ്ങുമിങ്ങും പാഞ്ഞു പോയി.

**(c).** വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. ( 2 x 1 =2 )

i). ഭീഷ്മരും, കർണ്ണനും, ദ്രോണരും മുതലായവരൊക്കെ ഉണ്ടായിരുന്നിട്ടും പതിനൊന്ന് അക്ഷൗഹിണിപ്പട ഉണ്ടായിരുന്നിട്ടും ഞാൻ ഈ നിലയിലായി.

ii). ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യത്തെ പൗരൻ ചാക്കുണ്ണി എന്ന മനുഷ്യനായിരുന്നു.

**(d).**അർത്ഥംമാറാതെ വിധി വാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. ( 2 x 1 =2 )

i). പുഴകടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.

ii). മത്തായി കണക്ക് പുസ്തകം തുറന്നു.

**(e).** ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക. ( 2 x 1 =2 )

i). നിറവേറ്റുക ii ) ആശ്ലേഷിക്കുക iii) മോഹാലസ്യപ്പെടുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.ഓരോന്നിനും 5 മാർക്ക് വീതം**

( 3 x 5 = 15 )

**(a).** ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക 5

i). മാതൃഭാഷാ പഠനത്തിന്റെ ആവശ്യകത.

ii). വൃദ്ധസദനങ്ങൾ ആവശ്യമോ ?

**b**). റോഡരികിൽ വർദ്ധിച്ചുവരുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് കത്ത് തയ്യാറാക്കുക. 5

**c).** പരിസ്ഥിതി സംരക്ഷണം മുഖ്യ വിഷയമാക്കി ഒരു സപ്തദിന ക്യാമ്പ് സംഘടിപ്പിച്ചതിനെക്കുറിച്ച് പത്രവാർത്ത തയ്യാറാക്കുക. 5

**7. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശം അനുസരിച്ച് ഉത്തരം എഴുതുക .( ഓരോന്നിനും 3 മാർക്ക് വീതം ).** (5 x 3 =15 )

**a. ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** ( 1x3 = 3 )

i).വിരുദ്ധ സ്വഭാവമുള്ള രണ്ട് കഥാപാത്രങ്ങളിലൂടെയാണ് ഇ.സന്തോഷ് കുമാറിന്റെ പണയം എന്ന ചെറുകഥ വികസിക്കുന്നത് വിശദമാക്കുക.

ii). " ആ ചെറ്റ ശിഖണ്ഡിയെ കൊന്നതിൽ ഞാൻ ഇന്ന് ഇന്ദ്രനെ പോലെയായി "- സന്ദർഭവും ആശയവും വ്യക്തമാക്കുക.

**b. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക.** (2 x 3 = 6 )

i). ക്രോധാവേശത്തിൽ ലോകനാശത്തിനൊരുങ്ങിയ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതെങ്ങനെ ?

ii). " അന്നത്തെ സൂചിപ്രയോഗത്തിൽ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയി."- ഇത് എന്റെ ഓർമ്മയാണ് ഇത്തരത്തിലുള്ള ഓർമ്മകൾക്ക് അമ്മത്തൊട്ടിൽ എന്ന കവിതയിൽ സവിശേഷമായ പ്രാധാന്യമുണ്ട് സമർത്ഥിക്കുക.

iii). " പോയതൊക്കെയഥവാ നമുക്കയേ.
പ്രായവും സപദി മാറി കാര്യവും."- ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.

**c. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക.** (2 x 3 = 6 )

i). ചട്ടമ്പിസ്വാമികൾ സുബ്രഹ്മണ്യ ഉപാസകനായതും 'ഷണ്മുഖദാസൻ ' എന്ന പേര് സ്വീകരിക്കാൻ ഇടയായതും എങ്ങനെ എന്ന് വിശദീകരിക്കുക.

ii). അഹങ്കാരിയും അഴിമതിക്കാരനുമായ ഉദ്യോഗസ്ഥന് സ്വാമികൾ ഉചിതമായ പാഠം നൽകിയത് എങ്ങനെ ?

iii). കുട്ടികളോടുള്ള ചട്ടമ്പിസ്വാമികളുടെ സമീപനം എങ്ങനെയായിരുന്നു ?

*****************

# COMMON PRE-BOARD EXAMINATION 2022-23

## Subject: MALAYALAM(മലയാളം)-012

*STD : X* | *Date:*

*Time allowed : 3Hrs.* | *Maximum Mark : 80*

അനുവദിച്ച സമയം : 3 മണിക്കൂർ | ആകെ മാർക്ക് : 80

### ഉത്തരസൂചിക

1.അവധാരണം ഗദ്യം:- ശരിയുത്തരങ്ങൾ (ഏതെങ്കിലും എട്ടെണ്ണം ) (8x1=8)

(a). മൂർക്കോത്ത് കുമാരൻ

(b). വാസനാവികൃതി

(c). എം.ആർ.കെ. സി.

(d). വേങ്ങയിൽ കുഞ്ഞിരാമൻനായനാർ

(e). എസ്. കെ.പൊറ്റക്കാട്.

(f). സാമൂഹ്യ പുരോഗതി

(g). ഇ. വി.കൃഷ്ണപിള്ള

(h). മലയാള ചെറുകഥ

(i). കേസരി ബാലകൃഷ്ണപിള്ള

(j). മലയാള ചെറുകഥാ പ്രസ്ഥാനം

2. ശരിയുത്തരങ്ങൾ (ഏതെങ്കിലും 8 എണ്ണം ) (8x1=8)

(a). പാന്ഥ

(b). ചത്വരം

(c ). നിബിഡം

(d). നെല്ല് -പ്രാർത്ഥന

(e). സുഖത്തിന്റെ ഉദയം

(f). ഒഴിവ്

(g). അപ്രിയം

(h). തൂക്കിയിടുക

(i). രാജ്യം+കൾ

(j). ഗുരുഘാതി

3. ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക.

(ഒരു മാർക്ക് വീതം) (4x2=8)

(a).

(i).ശ്രീകൃഷ്ണൻ

(ii).അശ്വത്ഥാമാവ്

(b).

(i).മുക്കുറ്റികൾ

(ii).വൈലോപ്പിള്ളി

(c).

(i).അമ്മ

(ii).കണ്ണിലെ അഴുക്ക്

(d).

(i).ചാക്കുണ്ണി

(ii).റേഡിയോ

(e).

(i).തവള

(ii).പാമ്പ്

(f).

(i).കണ്ടുണ്ണി

(ii).മകനെ കാണാൻ

4. ഏതെങ്കിലും നാലെണ്ണത്തിന് ശരി ഉത്തരങ്ങൾ എഴുതുക ( ഓരോന്നിനും ഒരു മാർക്ക് വീതം) ( 4x4=16)

(a).

(i).കിളിപ്പാട്ട്

(ii). ക്ഷീണിതർ

(iii).സംയോഗം

(iv). 6 കാണ്ഡം

(b). (i).ഖണ്ഡകാവ്യം

(ii).ദിവാകരൻ

(iii).പ്രഭാതം

(iv).ചുവപ്പ്

(c).

(i). കണ്ണൂർ

(ii).ഒ വി വിജയൻ

(iii).കോടച്ചി

(iv).കോടച്ചി

(d).

(i).അശ്വത്ഥാമാവ്

(ii).ശ്രീകൃഷ്ണൻ

(iii).രോഗം

(iv).ശ്രീകൃഷ്ണൻ

(e).

(i).മത്തായി

(ii).ചാക്കുണ്ണി

(iii).നൂറ്റി ഇരുപത്തി ഒൻപത്

(iv).മകന്റെ ചികിത്സയ്ക്ക്

**<u>ബി വിഭാഗം/ SECTION B</u>**

**5.നിർദ്ദേശമനുസരിച്ച് ഉത്തരം എഴുതുക**

(a).പ്രയോഗം മാറ്റുക. ( 2 x 1 =2 )

i). അവരെ കണ്ട ഉടൻ അർജുനൻ തന്റെ അസ്ത്രം സത്വരം പ്രതിസംഹരിച്ചു.

ii).പുലർച്ചയ്ക്ക് മുമ്പ് കൊമ്പ് വിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പനാൽ കേൾക്കപ്പെട്ടു.

**(b).** അംഗവാക്യം / അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. ( 2 x 1 =2 )

i). വെയിലിന്റെ മുകൾ തട്ടിൽ എവിടെനിന്നോ (അംഗവാക്യം)

ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങി വന്നു. (അംഗിവാക്യം)

ii). രാജാവിന്റെ ഈ വിലാപം കേട്ട് ( അംഗ )

ജനസഹസ്രങ്ങൾ കണ്ണ് നിറച്ച് അങ്ങുമിങ്ങും പാഞ്ഞു പോയി.( അംഗി)

**(c).** വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. ( 2 x 1 =2 )

i). ഭീഷ്മർ, കർണ്ണൻ, ദ്രോണർ ,പതിനൊന്ന് അക്ഷൗഹിണിപ്പട മുതലായവരൊക്കെ ഉണ്ടായിരുന്നിട്ടും ഞാൻ ഈ നിലയിലായി.

ii). ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യത്തെ പൗരൻ ചാക്കുണ്ണിയാണ്

**(d).**അർത്ഥംമാറാതെ വിധി വാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. ( 2 x 1 =2 )

i). പുഴകടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരയാതിരുന്നില്ല .

ii). മത്തായി കണക്ക് പുസ്തകം തുറക്കാതിരുന്നില്ല .

**(e).** ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക. ( 2 x 1 =2 )

i), ii ) , iii) ആശയം വ്യക്തമാകുന്ന വാക്യം

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**ഓരോന്നിനും 5 മാർക്ക് വീതം** (3x5=15)

**(a).** ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക 5

(i).ആമുഖം-മാതൃഭാഷയുടെ പ്രാധാന്യം അതുൾക്കൊള്ളുന്ന സംസ്കാരം, പാരമ്പര്യം, ചരിത്രം വ്യക്തി ജീവിതത്തിലുള്ള സ്വാധീനം മാതൃഭാഷയിലൂടെ നേടുന്ന ആദ്യ അറിവുകൾ - ഹൃദയത്തിന്റെ ഭാഷ - സാംസ്കാരികമായ അറിവ് മാധുര്യം - ആസ്വാദനം - വ്യക്തിത്വത്തിന്റെ പൂർണ്ണത - ഉപസംഹാരം.

(ii). ആമുഖം - പൈതൃകം/ സംസ്കാരം- കുടുംബ ബന്ധങ്ങൾ / വ്യവസ്ഥാപിതമായ ചട്ടക്കൂട്- വൈദേശിക സംസ്കാരത്തിന്റെ കടന്നുകയറ്റം- മാതാപിതാക്കളോടുള്ള സ്നേഹം നഷ്ടപ്പെടുന്ന അവസ്ഥ - വൃദ്ധസദനങ്ങളുടെ ആവശ്യകത- സാഹചര്യങ്ങൾ ബോധവൽക്കരണം- ഉപസംഹാരം

(b). കത്ത് രൂപഘടന (2 മാർക്ക്) 5

പ്രേഷകൻ/പ്രേഷിത

മേൽവിലാസം.

സ്വീകർത്താവ് / ഗ്രാഹകൻ

അഭിസംബോധന, വിഷയസൂചനകൾ, കത്തിന്റെ ശരീരം ( 3 മാർക്ക്)

(c). പത്രവാർത്ത

വാർത്തയുടെ അവതരണം 3 മാർക്ക്

രൂപഘടന 2 മാർക്ക്.

ശീർഷകം

സ്വന്തം ലേഖകൻ പ്രത്യേക ലേഖകൻ,

സ്ഥലം.

ഖണ്ഡികാകരണം.

ആമുഖം: വാർത്തയിലേക്ക് നയിക്കാൻ സഹായിക്കുന്ന വാർത്തയുടെ ഒരു സംഗ്രഹരൂപം ഒന്നോ രണ്ടോ വാചകത്തിൽ

വാർത്തയുടെ വിശദീകരണം:- സംഭവിച്ചതെന്ത്? എവിടെ? എപ്പോൾ? എങ്ങനെ? ആരെല്ലാമാണ് ഉൾപ്പെട്ടത്? കാര്യകാരണങ്ങളും വിശദാംശങ്ങളും.

ഉപസംഹാരം.

**7.താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശം അനുസരിച്ച് ഉത്തരം എഴുതുക .( ഓരോന്നിനും 3 മാർക്ക് വീതം ).** (5 x 3 =15 )

**a. ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** ( 1x3 = 3 )

i).കർത്താവ്- കൃതി, ആമുഖം, കഥാപാത്ര നിരൂപണം, കഥാ വികസനം

ii).കർത്താവ്- കൃതി, ആമുഖം, സന്ദർഭം, ആശയം, വിശദീകരണം

**b. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** (2x3=6)

i).കൃതി- കർത്താവ്, ആമുഖം, സന്ദർഭം, ആശയം, ലോകതത്വം

ii).കൃതി -കർത്താവ് ,ആമുഖം, സന്ദർഭം, ആശയം, വിശദീകരണം

iii).കൃതി- കർത്താവ്, ആമുഖം, സന്ദർഭം, വിശദീകരണം,ഉപസംഹാരം,

**c). ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** (2x3=6)

i). കൃതി-കർത്താവ് ,ആമുഖം, സന്ദർഭം, വിശദീകരണം,ഉപസംഹാരം

ii).കൃതി-കർത്താവ് ,ആമുഖം, സന്ദർഭം, ഉചിതമായ പാഠം, വിശദീകരണം ഉപസംഹാരം

iii). കൃതി- കർത്താവ്, ആമുഖം, സന്ദർഭം, വിശദീകരണം ,സമീപനം ഉപസംഹാരം

**COMMON PRE-BOARD EXAMINATION 2022-23**

**Subject: മലയാളം ( MALAYALAM ) 012**

**STD.X**

**Time allowed: 3 Hrs.** **Maximum Marks: 80**

**അനുവദിച്ച സമയം : 3 മണിക്കൂർ** **ആകെ മാർക്ക്: 80**

***General instructions***

**This Question paper is divided in to 2 Sections**

**Section – A : Reading comprehension**

**: vocabulary building & MCQ : 40 Marks**

**Section – B : Grammar , Composition**

**: Literature ( Prose , Poetry & Non-detailed ) : 40 Marks**

**എ വിഭാഗം / SECTION A**

1. **ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം**

**ശരിയുത്തരം എടുത്തെഴുതുക . ( ഓരോന്നിനും ഓരോ മാർക്ക് വീതം ) ( 8x1 =8 )**

ഏതു വിഷയവും സ്വീകരിക്കാൻ കഴിയുന്ന ഒരു കാവ്യരൂപമാണ് കഥാഗാനങ്ങൾ എന്ന് മലയാളത്തിലെ നാടൻ ആഖ്യാന ഗാനങ്ങളെ പറയാവുന്നതാണ്. കഥാഗാനങ്ങളെ ദേശഭേദമനുസരിച്ച് തെക്കൻ പാട്ടുകൾ,വടക്കൻ പാട്ടുകൾ എന്നിങ്ങനെ രണ്ടായി തിരിക്കാം. കേരളത്തിൽ പ്രചാരത്തിലുള്ള ജനകീയ നാടൻ കഥാഗാനങ്ങളെ സാഹിത്യ ചരിത്രകാരന്മാരും മറ്റും വടക്കൻ പാട്ടുകൾ എന്നുവിളിക്കുന്നു. ചില പ്രദേശങ്ങളിലുള്ള ഗ്രാമീണർ ചാരൻ പാട്ടുകൾ എന്നും വിളിക്കാറുണ്ട്. വടക്കൻ പാട്ടിൽ ഉൾപ്പെടുന്നത് പുത്തൂരം വീട്ടിലെ ആരോമൽ ചേകവർ , സഹോദരി ഉണ്ണിയാർച്ചയുടെ മകൻ ആരോമലുണ്ണി എന്നിവരുടെ വീരകൃത്യങ്ങളെക്കുറിക്കുന്ന പുത്തൂരം പാട്ടുകളും , തച്ചോളി തറവാടിനെ ചുറ്റിപ്പറ്റിയുള്ള തച്ചോളിപ്പാട്ടുകളുമാണ്. വടക്കൻ പാട്ടുകൾ പാണന്മാർ വഴിയാണ് നാടെങ്ങും പ്രചരിച്ചത് . ദക്ഷിണതിരുവിതാംകൂറിൽ നിലവിലുള്ള കഥാഗാനങ്ങളാണ് തെക്കൻ പാട്ടുകൾ.

ദേശചരിത്രപരം , ദേവതാരാധനാപരം എന്നിങ്ങനെ തെക്കൻ പാട്ടുകളെ തരംതിരിക്കുന്നു. പ്രാകൃത തമിഴു കലർന്ന ഭാഷയിലാണ് തെക്കൻ പാട്ടുകൾ രചിക്കപ്പെട്ടിരിക്കുന്നത്. വില്ല് പ്രധാന ഉപകരണമായി ഉപയോഗിക്കുന്ന വില്ലുപാട്ട് , വില്ലടിച്ചാൻ പാട്ട് എന്നീ പേരുകളിലറിയപ്പെടുന്ന പാട്ടുകൾ ഇതിൻറെ ഭാഗമാണ്. ഈ ഗാനരീതിയുടെ ജന്മഭൂമി കന്യാകുമാരി ജില്ലയിലെ നാഞ്ചിനാടാണ്.

**<u>ചോദ്യങ്ങൾ</u>**

(a). ഗ്രാമീണർ വടക്കൻ പാട്ടുകളെ വിളിക്കുന്നതെന്ത് ?

( തെക്കൻ പാട്ട് , ചാരൻ പാട്ട് , കഥാഗാനങ്ങൾ , നാടൻ പാട്ട് )

(b). ഏത് പ്രദേശവുമായി ബന്ധപ്പെട്ടവയാണ് തെക്കൻ പാട്ടുകൾ ?

( ദക്ഷിണ തിരുവിതാംകൂർ , വടക്കൻകേരളം , കന്യാകുമാരി, മലബാർ )

(c). വടക്കൻ പാട്ടിൽ ഉൾപ്പെടുന്ന തറവാടേത് ?

( വേണാട് , കോലത്തിരി , ഇടനാട് , പുത്തൂരം )

(d). തെക്കൻ പാട്ടുകൾ രചിച്ചിരിക്കുന്ന ഭാഷ ഏത് ?

( ചെന്തമിഴ് , കൊടും തമിഴ് , പ്രാകൃത തമിഴ് , മണിപ്രവാളം )

(e). ഉണ്ണിയാർച്ചയുടെ മകൻറെ പേരെന്ത് ?

( ചന്തു , ആരോമലുണ്ണി , തച്ചോളി അമ്പു , പാലാട്ടു കോമൻ )

(f). സാഹിത്യ ചരിത്രകാരന്മാർ വടക്കൻ പാട്ടുകൾ എന്ന് വിളിക്കുന്നത്
എന്തിനെയാണ് ?

( നാടോടിപ്പാട്ടുകൾ , നാടൻ പാട്ടുകൾ , നാടൻ കഥാഗാനങ്ങൾ , വില്ലടിച്ചാൻ പാട്ട് )

(g). ആരുടെ സഹോദരിയാണ് ഉണ്ണിയാർച്ച ?

( ആരോമലുണ്ണി , തച്ചോളി ഒതേനൻ , ആരോമൽ ചേകവർ , ചന്തു )

(h). കഥാഗാനങ്ങളെ എത്രയായി തിരിക്കാം ?

( മൂന്ന് , നാല് , അഞ്ച് , രണ്ട് )

(i). വില്ലടിച്ചാൻ പാട്ടിൻറെ ജന്മഭൂമി ഏത് ?

( നാഞ്ചിനാട് , വേണാട് , വഞ്ചിനാട് , അഞ്ചുതെങ്ങ് )

(j). വടക്കൻ പാട്ടുകൾ നാടെങ്ങും പ്രചരിച്ചത് ആരു വഴിയാണ് ?

( പാണന്മാർ , കണിയാന്മാർ , പുള്ളുവന്മാർ , തുയിലുണർത്തുകാർ )

(k). ദേവസ്തുതികളും ചരിത്രസംഭവങ്ങളും വിഷയമായ പാട്ട് ഏത് ?

( ഉടുക്കുപാട്ട് , മാപ്പിളപ്പാട്ട് , വടക്കൻ പാട്ട് , തെക്കൻ പാട്ട് )

**2.ഏതെങ്കിലുംഎട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക ( 8X1=8 )**

(a).“സുകൃതം” എന്ന വാക്കിൻറെ വിപരീതപദം ഏത് ?

( അകൃതം , പ്രാകൃതം , ദുഷ്കൃതം , വികൃതം )

(b). “രാജാവ്” – ഈ പദത്തിൻറെ ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക

( മനുജൻ , അരചൻ , നരൻ , നൃപൻ )

(c). “ അശ്വം” എന്ന പദത്തിൻറെ പര്യായപദമല്ലാത്തത് ഏത് ?

( കുതിര , ആന , ഹയം , വാജി )

(d). “അർജ്ജുനൻ” എന്ന് അർഥം വരാത്ത പദമേത് ?

( മുകുന്ദൻ , കിരീടി , വിജയൻ , പാർഥൻ )

(e). “ കോടി” – എന്ന വാക്കിൻറെ നാനാർഥ പദങ്ങൾ ഏതെല്ലാം ?

( പതാക , പുതുവസ്ത്രം , വെറ്റിലവള്ളി , ഒരു സംഖ്യ )

(f). “വർണ്ണം” എന്നതിൻറെ നാനാർഥ പദമല്ലാത്ത പദമേത് ?

( നിറം , അക്ഷരം , വംശം , ജാതി )

(g). “അങ്കണം – കങ്കണം ” ഇവയുടെ അർഥവ്യത്യാസം വ്യക്തമാക്കുക

( മാവ് , മുറ്റം , മാറ്റം , വള )

(h). “ ശൈശവകഥ” - എന്ന വാക്ക് ശരിയായി വിഗ്രഹിക്കുന്നതെങ്ങനെ

( ശൈശവത്തിൻറെകഥ , ശൈശവമായ കഥ , ശൈശവം എന്നകഥ , ശൈശവത്തിലെ കഥ )

(i). “ ഭവാൻ” - എന്ന വാക്കിൻറെ എതിർലിംഗം ഏതാണ്

( ഭവതി , ഭവാനി , ഭാവന , ഭവാതി )

(j). തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

( സാന്ത്വനം , സ്വാന്ത്വനം , സ്വാന്തനം , സാന്ദ്വനം )

**3. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്ന് ശരിയുത്തരം**

തെരഞ്ഞെടുത്തെഴുതുക . ( ഓരോന്നിനും ഓരോ മാർക്ക് വീതം ) **( 4x2 = 8 )**

(a). “എത്രയുമൽപ്പകാലസ്ഥിതമോർക്ക നീ”

(i). എന്താണ് അൽപ്പകാലസ്ഥിതമായിട്ടുള്ളത് ?

( പുത്രമിത്രാർത്ഥകളത്രാദിസംഗമം , സ്വപ്നം , ആയുസ്സ് , അഹംബുദ്ധി )

(ii). ആരോടാണ് പറയുന്നത് ?

( രാമനോട് , ലക്ഷ്മണനോട് , ദിവാകരനോട് , നളിനിയോട് )

(b). “ദൃഷ്ടനായിഹ ഭവാൻ”

(i). ആരാണിവിടെ ഭവാൻ ?

( രാമൻ , കുമാരനാശാൻ , ദിവാകരൻ , നളിനി

(ii). ഏതു കവിതയിൽ നിന്നുള്ള വരികളാണിത് ?

( അമ്മത്തൊട്ടിൽ , പ്രിയദർശനം , ഓണമുറ്റത്ത് , ലക്ഷ്മണസാന്ത്വനം )

(c). “പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി”

(i). എന്തുകൊണ്ട് ?

( കണ്ടുണ്ണിയെ ഓർത്തതുകൊണ്ട് , കുട്ട്യസൻ മാപ്പിളയെ കണ്ടതുകൊണ്ട് ,

പരൽമീനുകൾ കാലിൽ കൊത്തിയതിനാൽ , പഴയകാല ഓർമ്മകൾ മനസ്സിൽ

കടന്നു വന്നതുകൊണ്ട് )

(ii). പുഴ കടന്നു മേടു കയറിയാൽ എവിടെ എത്തിച്ചേരാം ?

( തീവണ്ടിയാപ്പീസിൽ , മൺവഴിയിൽ , വെട്ടുവഴിയിൽ , ജയിലിൽ )

(d). “ഞാനിന്ന് ഇന്ദ്രനെപ്പോലെയായി”

(i). ആരുടെ വാക്കുകൾ ?

( കർണ്ണൻറെ , അർജ്ജുനൻറെ , ഭീമൻറെ , ദുര്യോധനൻറെ )

(ii). ഇങ്ങനെ പറയാൻ കാരണമെന്ത് ?

( ശിഖണ്ഡിയെ കൊന്നതുകൊണ്ട് , യുദ്ധം ജയിച്ചകൊണ്ട് ,

കൂടാരങ്ങൾക്ക് തീയിട്ടതുകൊണ്ട് , രത്നം കിട്ടിയകൊണ്ട് )

(e). “രണ്ടു മൂന്നാളുകളുണ്ടെങ്കിലും പിന്നി-

ലുണ്ട് , ഒഴിവു കനത്തൊരിരുളിടം ”

(i). എവിടെ ?

( തെരുവീഥിയിൽ , ജില്ലാശുപത്രിക്കരികെ , വിദ്യാലയത്തിനു സമീപം ,കോവിലിനരികെ )

((ii). ആരാണിങ്ങനെ ചിന്തിക്കുന്നത് ?

( അമ്മ , ഭാര്യ , ഈശ്വരൻ , മകൻ )

(f). നിൽക്കുകയല്ലോ മേടുകൾ തോറും

(i) ആരാണ് മേടുകൾ തോറും നിൽക്കുന്നത്

( നെയ്യാമ്പലുകൾ , തുമ്പകൾ , മുക്കുറ്റികൾ , കമുക് )

(ii) എങ്ങനെയാണ് നിൽക്കുന്നത്

( വെള്ളിത്താലമെടുത്ത് , പൂവരി തൂകി , ദീപക്കുറ്റികൾ നാട്ടി , മലരിൻകൂട നിറച്ച് )

**4. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്ന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക ( ഓരോന്നിനും ഓരോ മാർക്ക് വീതം ) ( 4X4=16 )**

(a). "പിന്നെ മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പുമിട്ട് ആണി ബാധിച്ച കാലുകൾ

മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു."

(i). ഇവിടെ അയാൾ ആരാണ് ?

( ചാക്കുണ്ണി , മത്തായി , കണ്ടുണ്ണി , വെള്ളായിയപ്പൻ )

(ii). അയാളുടെ മാനസികാവസ്ഥ എന്തായിരുന്നു ?

( സന്തോഷം , ആശ്വാസം , ദേഷ്യം , സങ്കടം )

(iii). മിക്കവാറും ദ്രവിച്ച ചെരുപ്പ് എന്തിനെയാണ് സൂചിപ്പിക്കുന്നത് ?

( സമൃദ്ധി , പിശുക്ക് , ദാരിദ്ര്യം , മടി )

(iv). എവിടെ നിന്നാണ് അയാൾ തിരിഞ്ഞു നോക്കാതെ നടന്നത് ?

( മുറ്റത്തു നിന്ന്, ജയിലിൽ നിന്ന്, ആശുപത്രിയിൽ നിന്ന് , വീട്ടിൽ നിന്ന്)

(b). "എന്നുടെ മുന്നിൽ ഗോമേദകമിഴി മിന്നും

കാഞ്ചനസിംഹാസനമതിൽ

മുത്തുക്കുടയും ചൂടിയിരിപ്പൂ"–

(i). മുത്തുക്കുടയും ചൂടിയിരിക്കുന്നതാര് ?

( കവി , മഹാബലി , പുള്ളുവൻ , ഉഷസ്സ് )

(ii). ആരുടെ മുന്നിലാണിരിക്കുന്നത് ?

( വീണയുടെ , രാജാവിൻറെ , കവിയുടെ , മഹാബലിയുടെ )

(iii). എവിടെയാണ് ഇരിക്കുന്നത് ?

( മലയാളത്തറവാട്ടിൽ , അങ്കണത്തിൽ , മണലിൽ, കാഞ്ചനസിംഹാസനത്തിൽ )

(iv). ഇത് ഏതു കൃതിയിലെ വരികളാണ് ?

( വിട , കന്നിക്കൊയ്ത്ത് , കയ്പവല്ലരി , മകരക്കൊയ്ത്ത് )

(c). "കാരണവരേ കട്ടാൽ മതി ജയിലിലെത്തിച്ചേരാം"

(i). ആരാണ് ഇപ്രകാരം പറഞ്ഞത് ?

( മേധാവികൾ , അപരിചിതർ , തോട്ടികൾ , യാത്രക്കാർ )

(ii). ഈ വാക്കുകളിൽ നിഴലിക്കുന്ന ഭാവം എന്ത് ?

( പരിഹാസം , സ്നേഹം , വെറുപ്പ് , ആദരവ് )

(iii). സന്ദർഭമേത് ?

( റെയിൽവേ സ്റ്റേഷനിൽ , ജയിലിൽ , തീവണ്ടിയിറങ്ങി വഴി ചോദിച്ചപ്പോൾ ,

ടിക്കറ്റെടുക്കാൻ നിന്നപ്പോൾ )

(iv). "മധുരം ഗായതി" ആരുടെ രചനയാണ് ?

( ഇ. സന്തോഷ്കുമാർ , ഒ. വി. വിജയൻ , റഫീക്ക് അഹമ്മദ് , വൈലോപ്പിള്ളി )

(d). "ഏവമോതിയിടരാർന്നു കണ്ണുനീർ

തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ "

(i). മൊഴി കുഴങ്ങി നിന്നതാര് ?

( നളിനി , ദിവാകരൻ , ശ്രീരാമൻ , നീലിമണ്ണാത്തി )

(ii). എന്തിനാണ് കണ്ണുനീർ തൂവിയത് ?

( ദു:ഖം കൊണ്ട് , ദിവാകരനെ കണ്ട സന്തോഷത്താൽ , തടാകത്തിൽ നിന്ന്

രക്ഷിച്ചതിനാൽ , നളിനിയെ തിരിച്ചറിയാഞ്ഞതിനാൽ )

(iii). ആരുടെ വരികളാണിത് ?

( റഫീക്ക് അഹമ്മദിൻറെ , എഴുത്തച്ഛൻറെ , കുമാരനാശാൻറെ , വൈലോപ്പിള്ളിയുടെ )

(iv). കവിതയിലെ സന്ദർഭമേത് ?

( നളിനി സന്യാസിനിയെ കണ്ടപ്പോൾ , ദിവാകരൻ സംസാരിച്ചപ്പോൾ ,



**PTO**

അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങിയപ്പോൾ , നളിനി ദിവാകരനെ കണ്ടപ്പോൾ )

(e). “പാപികൾ കള്ളത്തരം കൊണ്ടാണ് എന്നെ കൊന്നത്”

(i). ആരെ ?

( കർണ്ണനെ , അഭിമന്യുവിനെ , ദുര്യോധനനെ , ദുശ്ശാസനനെ )

(ii). പാപികൾ ആര് ?

( പാണ്ഡവർ , കൌരവർ , മഹർഷിമാർ , കൃപർ )

(iii). ഭാരതയുദ്ധത്തിൽ അവസാനം വീണതാര് ?

( ധൃഷ്ടദ്യുമ്നൻ , കർണ്ണൻ , ശിഖണ്ഡി , ദുര്യോധനൻ )

(iv). കൌരവപക്ഷത്തെ അവസാന സേനാധിപതി ആര് ?

( കൃപർ , അശ്വത്ഥാമാവ് , കൃതവർമ്മാവ് , ധൃഷ്ടദ്യുമ്നൻ )

## ബി വിഭാഗം / **SECTION B**

**5. (a). പ്രയോഗം മാറ്റുക.** **2x1=2**

(i). അളവുകൾ തെറ്റിച്ച് അയാളാൽ ഉടുപ്പുകൾ തുന്നപ്പെട്ടു.

(ii). പാറാവുകാരൻ വെള്ളായിയപ്പനെ ജയിലിൻറെ പടിക്കൽ തടഞ്ഞു.

**(b). അംഗവാക്യം , അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.** **2x1=2**

(i). ആ പാപിയായ ദ്രൌണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ്.

(ii). അവസാനത്തെ തിരിഞ്ഞുനോട്ടത്തിൻറെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.

**(c). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2x1=2**

(i). നിരക്ഷരനും അക്ഷരാഭ്യാസമില്ലാത്തവനും യാത്ര ചെയ്തു ശീലമില്ലാത്തവനും പൊതുമര്യാദകൾ ഒന്നും അറിയാത്തവനുമായ തനി ഗ്രാമവാസിയാണ് വെള്ളായിയപ്പൻ.

(ii). അയാൾ തനിക്കറിയാത്ത അജ്ഞാതമായ ഒരു പാട്ടിന് വേണ്ടി കാതോർത്തു.

**(d). അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കുക.** **2x1=2**

(i). റേഡിയോ വാങ്ങാനുറച്ച നാളുകളിൽ അയാൾ പതിവുള്ള ബീഡിവലി നിർത്തി.

(ii). പാറാവുകാരൻ പരുക്കനായി പറഞ്ഞു.

**(iv). ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽപ്രയോഗിക്കുക.** **( 2x1=2)**

(i). യഥാക്രമം (ii). അടിയറവയ്ക്കുക (iii). ജന്മസിദ്ധി

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക . ഓരോന്നിനും 5 മാർക്കു വീതം.**

**(3x5=15)**

**(a). ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക** **5**

(i). മടങ്ങിവരുന്ന പ്രവാസികളും തൊഴിലില്ലായ്മയും

(ii). പ്രകൃതിസ്നേഹമില്ലാത്ത മനുഷ്യൻ

**(b). ബാലാവകാശങ്ങളെക്കുറിച്ച് കുട്ടികൾക്ക് ഒരു ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബാലാവകാശ കമ്മീഷൻ ചെയർമാന് കത്ത് തയ്യാറാക്കുക.** **5**

**(c). തെരുവു നായയുടെ കടിയേറ്റ വൃദ്ധയുടെ അവസ്ഥ ഗുരുതരം - എന്ന വിഷയത്തിൽഒരു പത്രവാർത്ത തയ്യാറാക്കുക.** **5**

**7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. ഓരോന്നിനും 3 മാർക്ക് വീതം** **( 3X3=9 )**

(a). **ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക** **(1x3=3)**

(i). തനിക്ക് സ്വർഗ്ഗപ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിക്കാൻ കാരണമെന്ത് ?

(ii). "എൻറെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ- ഒക്കെ നിങ്ങളെഴുതിവയ്ക്കണം" – സന്ദർഭം , ആശയം വ്യക്തമാക്കുക.

(b). **ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കുമാത്രം ഉത്തരമെഴുതുക** **( 2X3=6 )**

(i). "പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും" – ദിവാകരൻ ഇങ്ങനെ പറയുന്നതിൻറെ പൊരുൾ കണ്ടെത്തുക ?

(ii). അമ്മയെ ഉപേക്ഷിച്ചു കളയാൻ ശ്രമിക്കവേ മകൻറെ മനസ്സിലൂടെ കടന്നു പോയ ചിന്തകൾ എന്തെല്ലാം ?

(iii). "നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ" – സന്ദർഭം , ആശയം വ്യക്തമാക്കുക.

**9. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക** **( 2x3 =6)**

(i). ചട്ടമ്പിസ്വാമികൾക്ക് "വിദ്യാധിരാജൻ" എന്ന വിശേഷണം ലഭിച്ചതെങ്ങനെ ?

(ii). ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിൻറെയും യാത്രകളെക്കുറിച്ച് ലഘുവായി വിവരിക്കുക ?

(iii). "തന്നോടൊപ്പമുള്ളവർക്ക് തനിക്ക് ലഭിക്കുന്ന പരിഗണന തന്നെ ലഭിക്കണമെന്ന് സ്വാമിക്ക് നിർബന്ധമുണ്ടായിരുന്നു" – ഇത് തെളിയിക്കുന്ന ഒരു സംഭവം എഴുതുക.

================++++++++++++++==================

# COMMON PRE-BOARD EXAMINATION 2022-23

## Subject: മലയാളം ( MALAYALAM ) 012

## ANSWER KEY

**STD.X**

**Time allowed: 3 Hrs.** **Maximum Mark: 80**

**അനുവദിച്ച സമയം : 3 മണിക്കൂർ** **ആകെ മാർക്ക്: 80**

***General instructions***

This Question paper is divided in to 2 Sections

Section – A : Reading comprehension

: vocabulary building & MCQ : 40 Marks

Section – B : Grammar , Composition

: Literature ( Prose , Poetry & Non-detailed ) : 40 Marks

**എ വിഭാഗം / SECTION A**

**1. അവധാരണം ഗദ്യം – ശരിയുത്തരങ്ങൾ ( ഏതെങ്കിലും എട്ടെണ്ണം മതി )** **( 8x1 =8 )**

(a). 2. ചാരൻ പാട്ട്

(b). 1. ദക്ഷിണ തിരുവിതാംകൂർ

(c). 4. പുത്തൂരം

(d). 3. പ്രാകൃത തമിഴ്

(e). 2. ആരോമലുണ്ണി

(f). 3. നാടൻ കഥാഗാനങ്ങൾ

(g). 3. ആരോമൽ ചേകവർ

(h). 4. രണ്ട്

(i). 1. നാഞ്ചിനാട്

(j). 1. പാണന്മാർ

(k). 4. തെക്കൻ പാട്ട്

**2. ശരിയുത്തരങ്ങൾ ( ഏതെങ്കിലും എട്ടെണ്ണം മാത്രം മതി ) ( 8X1=8 )**

(a). 3. ദുഷ്കൃതം

(b). അരചൻ , നൃപൻ

(c). 2. ആന

(d). 1. മുകുന്ദൻ

(e). പുതുവസ്ത്രം , ഒരു സംഖ്യ

(f). 3. വംശം

(g). മുറ്റം - വള

(h). 4. ശൈശവത്തിലെ കഥ

(i). 1. ഭവതി

(j). 1. സാന്ത്വനം

**3. ശരിയുത്തരങ്ങൾ ( ഏതെങ്കിലും നാലെണ്ണത്തിന് 1 മാർക്ക് വീതം ( 4x2 =8 )**

(a). (i). 1. പുത്രമിത്രാർത്ഥകളത്രാദിസംഗമം

(ii). 2. ലക്ഷ്മണനോട്

(b). (i). 3. ദിവാകരൻ

(ii). 2. പ്രിയദർശനം

(c). (i). 4. പഴയകാല ഓർമ്മകൾ മനസ്സിൽ കടന്നു വന്നതുകൊണ്ട്

(ii). 1. തീവണ്ടിയാപ്പീസിൽ

(d). (i). 4. ദുര്യോധനൻറെ

(ii). 1. ശിഖണ്ഡിയെ കൊന്നതുകൊണ്ട്

(e). (i). 2. ജില്ലാശുപത്രിക്കരികെ

(ii). 4. മകൻ

(f). (i) 2. തുമ്പകൾ

(ii) 4. മലരിൻകൂട നിറച്ച്

**4. ( ഏതെങ്കിലും നാലെണ്ണം മതി. 1 മാർക്ക് വീതം ) ( 4X4=16 )**

(a). (i). 1. ചാക്കുണ്ണി

(ii). 2. സങ്കടം

(iii). 3. ദാരിദ്ര്യം

(iv). 1. മുറ്റത്തു നിന്ന്

(b). (i). 2. മഹാബലി

(ii). 3. കവിയുടെ

(iii). 4. കാഞ്ചനസിംഹാസനത്തിൽ

(iv). 1. വിട

(c). (i). 2. അപരിചിതർ

(ii). 1. പരിഹാസം

(iii). 3. തീവണ്ടിയിറങ്ങി വഴി ചോദിച്ചപ്പോൾ

(iv). 2. ഒ. വി. വിജയൻ

(d). (i). 1. നളിനി

(ii). 2. ദിവാകരനെ കണ്ട സന്തോഷത്താൽ

(iii). 3. കുമാരനാശാൻറെ

(iv). 4. നളിനി ദിവാകരനെ കണ്ടപ്പോൾ

(e). (i). 3. ദുര്യോധനനെ

(ii). 1. പാണ്ഡവർ

(iii). 4. ദുര്യോധനൻ

(iv) 2. അശ്വത്ഥാമാവ്

## ബി വിഭാഗം / SECTION B

**5. (a). പ്രയോഗം മാറ്റുക.** **2x1=2**

(i). അയാൾ അളവുകൾ തെറ്റിച്ച് ഉടുപ്പുകൾ തുന്നി.

(ii). വെള്ളായിയപ്പൻ പാറാവുകാരനാൽ ജയിലിൻറെ പടിക്കൽ തടയപ്പെട്ടു.

**(b). അംഗവാക്യം , അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.** **2x1=2**

(i). ആ പാപിയായ ദ്രൌണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ - അംഗവാക്യം

ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ്. - അംഗിവാക്യം

(ii). അവസാനത്തെ തിരിഞ്ഞുനോട്ടത്തിൻറെ ശ്രദ്ധാഞ്ജലിയോടെ - അംഗവാക്യം

വെള്ളായിയപ്പൻ നടന്നകന്നു. - അംഗിവാക്യം

(c). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. **2x1=2**

(i). നിരക്ഷരനും / അക്ഷരാഭ്യാസമില്ലാത്തവനും യാത്ര ചെയ്തു ശീലമില്ലാത്തവനും

പൊതുമര്യാദകൾ ഒന്നും അറിയാത്തവനുമായ തനി ഗ്രാമവാസിയാണ് വെള്ളായിയപ്പൻ.

നിരക്ഷരനും / അക്ഷരാഭ്യാസമില്ലാത്തവനും – ഏതെങ്കിലും ഒന്നു മതി

(ii). അയാൾ അജ്ഞാതമായ ഒരു പാട്ടിന് വേണ്ടി കാതോർത്തു.

**(d). അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കുക. 2x1=2**

(i). റേഡിയോ വാങ്ങാനുറച്ച നാളുകളിൽ അയാൾ പതിവുള്ള ബീഡിവലി നിർത്താതിരുന്നില്ല.

(ii). പാറാവുകാരൻ പരുക്കനായി പറയാതിരുന്നില്ല.

**(iv). ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. 2x1=2**

(i). യഥാക്രമം (ii). അടിയറവയ്ക്കുക (iii). ജന്മസിദ്ധി

( ആശയം വ്യക്തമാക്കിയിട്ടുള്ള , സ്വന്തമായി നിർമ്മിച്ച വാക്യത്തിന്

മുഴുവൻ മാർക്ക് കൊടുക്കാം. പാഠപുസ്തകത്തിലെ വാക്യം സ്വീകാര്യമല്ല )

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക . ഓരോന്നിനും 5 മാർക്കു വീതം.**

**(3x5=15) (a).**

**ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക 5**

ഉപന്യാസമാതൃക - 2 മാർക്ക് അവതരണം – 3 മാർക്ക്

ആമുഖം , വിഷയം ഉൾക്കൊണ്ട അവതരണം , ഉള്ളടക്കം , ആശയം , ഭാഷാ

ശൈലി , അവതരണരീതി , ഖണ്ഡികാകരണം , ഉപസംഹാരം

**(i). മടങ്ങിവരുന്ന പ്രവാസികളും തൊഴിലില്ലായ്മയും**

ആമുഖം – കൊവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി – പ്രവാസികൾക്ക് തൊഴിൽ നഷ്ടം. പ്രവാസി വരുമാനത്തെ ആശ്രയിക്കുന്ന സമ്പദ്ഘടനയുള്ള കേരളത്തിന് കടുത്ത ആഘാതം. പ്രവാസി നിക്ഷേപത്തെ ആശ്രയിക്കുന്നമേഖലകളിൽ ഉണ്ടാകുന്ന വൻ ഇടിവ്. തൊഴിലില്ലായ്മ ഉണ്ടാക്കുന്ന വെല്ലുവിളികൾ. സാമ്പത്തികനില ഭദ്രമല്ലാത്ത പ്രവാസികൾക്ക് തൊഴിൽ കൊടുക്കാൻ സർക്കാരിന് പറ്റുന്നില്ല. പ്രവാസി കുടുംബങ്ങളിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ. സ്വയംതൊഴിൽ

കണ്ടെത്തേണ്ടതിൻറെ ആവശ്യകത. ഉപസംഹാരം

**(ii). പ്രകൃതിസ്നേഹമില്ലാത്ത മനുഷ്യൻ**

ആമുഖം – പ്രകൃതിയോട് കാണിക്കുന്ന ക്രൂരതകൾ - പ്ലാസ്റ്റിക്കിൻറെയും കുപ്പികളുടെയും അതിപ്രസരം.

പ്രകൃതി ചൂഷണം. രാസവളപ്രയോഗങ്ങൾ, പുഴകളിലെ മണൽവാരൽ - കാലാവസ്ഥാ വ്യതിയാനം – പ്രകൃതി ദുരന്തങ്ങൾ , ജലദൌർലഭ്യം . പ്രകൃതിയെ സംരക്ഷിക്കണമെന്ന ബോധം പുതിയ തലമുറയ്ക്ക് പകർന്നു നല്കണം. പ്രകൃതിയില്ലെങ്കിൽ മനുഷ്യനില്ല. പ്രകൃതിയുടെ മുറിവ് ഉണക്കി മനുഷ്യൻ രക്ഷപ്പെടണം . - ഉപസംഹാരം

**(b). കത്ത് :- രൂപഘടന** **5**

പ്രേഷകൻ / പ്രേഷിത

മേൽവിലാസം

സ്വീകർത്താവ് / ഗ്രാഹകൻ

മേൽവിലാസം **2 മാർക്ക്**

( മേൽവിലാസം എന്നുമാത്രം എഴുതുന്നതിനു പകരം മേൽവിലാസ ഘടകങ്ങളായ പേര് , വീട്ടുപേര് / ഓഫീസിൻറെ പേര് , സ്ഥലം , പോസ്റ്റ് ഓഫീസ് , പിൻകോഡ് എന്നിവ എഴുതണം. )

അഭിസംബോധന , വിഷയസൂചനകൾ,

കത്തിൻറെ ശരീരം **.3 മാർക്ക്**

ആമുഖം – ഉള്ളടക്കം- ( ഖണ്ഡിക തിരിച്ച് , വിഷയത്തിൽ ഒതുങ്ങുന്നതും സമഗ്രവും ആവശ്യങ്ങൾ സമർത്ഥിക്കപ്പെടുന്നതുമായിരിക്കണം. ബാലാവകാശങ്ങളെക്കുറിച്ചും , അവ കുട്ടികളെ എങ്ങനെബോധവത്ക്കരിക്കണമെന്നും വ്യക്തമാക്കണം )

ഉപചാരവാക്ക് – ഒപ്പ് , പേര് ഇവ ഇടതുവശത്തോ വലതുവശത്തോ വരാം.

തീയതി ഇടതുവശത്തു താഴെയോ പ്രേഷകനും ഗ്രാഹകനും ഇടയിലോ എഴുതാം.

**(c). പത്രവാർത്ത** **5**

രൂപഘടന **2 മാർക്ക്**

വാർത്തയുടെ അവതരണം **3 മാർക്ക്**

വായനക്കാരനെ വാർത്തയുടെ ഹൃദയത്തിലേക്കെത്തിക്കുന്നതും ആകർഷകവുമായ ശീർഷകം.

സ്വന്തം ലേഖകൻ / പ്രത്യേക ലേഖകൻ

സ്ഥലം ( സംഭവം നടന്ന സ്ഥലം ) – സ്ഥലം എന്നു മാത്രമെഴുതിയാലും മാർക്ക് നൽകണം.

ഖണ്ഡികാകരണം

ആമുഖം. വാർത്തയിലേക്ക് നയിക്കാൻ സഹായിക്കുന്ന വാർത്തയുടെ ഒരു സംഗ്രഹരൂപം ഒന്നോ രണ്ടോ വാചകത്തിൽ കൊടുക്കണം

വാർത്തയുടെ വിശദീകരണം:- സംഭവിച്ചതെന്ത് , എവിടെ, എപ്പോൾ, എങ്ങനെ , ആരെല്ലാമാണ് ഉൾപ്പെട്ടത് , കാര്യകാരണങ്ങളും വിശദാംശങ്ങളും എഴുതണം.

ഉപസംഹാരം

( ഭാഷാശുദ്ധി , അക്ഷരശുദ്ധി , സംഭവം റിപ്പോർട്ടു ചെയ്യുന്നതിനുപയോഗിച്ച പത്രഭാഷ )

**അനുയോജ്യമായ ശീർഷകം**

സ്വന്തം ലേഖകൻ:- ആക്രമണത്തിനിരയായ വൃദ്ധയുടെ അവസ്ഥ പെരുകുന്നനായ്ക്കൾ - പൊതുജനാരോഗ്യപ്രശ്നങ്ങളുടെ പട്ടികയിൽ പ്രധാനപ്പെട്ടവെല്ലുവിളി. നിരത്തുകളിൽ അലഞ്ഞു തിരിയുന്ന നായ്ക്കൾ. കാൽനടയാത്രക്കാർക്കും ഇരുചക്രവാഹനക്കാർക്കും അപകടം- പേവിഷബാധനിയന്ത്രിക്കേണ്ടതിൻറെ ആവശ്യകത.

**7. ചോദ്യങ്ങളുടെ ഉത്തരം . ഓരോന്നിനും 3 മാർക്ക് വീതം ( 3X3=9 )**

**(a). ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരമെഴുതിയാൽ മതി (1x3=3)**

(i). ആമുഖം. കർത്താവ് – കുട്ടികൃഷ്ണമാരാർ പാഠം – യുദ്ധത്തിൻറെ പരിണാമം

കുരുക്ഷേത്രയുദ്ധത്തിൽ അവസാനം വീണ മഹാരഥൻ - ഭീമൻറെ ധർമ്മലംഘനം – വീഴ്ചയിൽ വിഷമിക്കാത്ത ദുര്യോധനൻ- കടമകളെല്ലാം കൃത്യമായി നിർവ്വഹിച്ച ആൾ - പുണ്യഭൂമിയായ സമന്തപഞ്ചകത്തിൽ കിടന്നുള്ള മരണം.

(ii). ആമുഖം . കർത്താവ് – ഇ സന്തോഷ്കുമാർ കഥ – പണയം

ചാക്കുണ്ണിയുടെ വാക്കുകൾ - ഇളയകുട്ടിക്ക് വന്ന അസുഖം – ജീവിതഭാഗമായറേഡിയോ പണയം വെക്കുന്നു- ജോലിയിലുള്ള ഏകാഗ്രതക്കുറവ് – മകൻറെ മരണം – പിറ്റേന്ന് ബാലമണ്ഡലം കേട്ട് ആശ്വസിക്കാൻ എത്തുന്നുപോകാൻനേരം ചെമ്പുമത്തായിയോട് പറയുന്ന വാക്കുകൾ -

നമ്മളുടെ കണക്കുകൾ തെറ്റും – ദൈവത്തിൻറെ കണക്കുകൾ വിജയിക്കും എന്ന ആശയം.

**(b). ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കുമാത്രം ഉത്തരമെഴുതുക** **( 2X3=6 )**

(i). ആമുഖം. കവി – കുമാരനാശാൻ പാഠം – പ്രിയദർശനം

നളിനി , ദിവാകരൻ കണ്ടുമുട്ടൽ -നളിനിയുടെ ചിരകാലാഭിലാഷം സാധ്യമായി – ശൈശവകഥ പറയുന്നു – പ്രണയത്തിന് തൻറെ ജീവിതത്തിൽസ്ഥാനമില്ല എന്ന ദിവാകരൻറെ നിലപാട്- പ്രായവും ലക്ഷ്യവും മാറിയെന്നും അറിവ് വർധിച്ചെന്നും പക്വതയോടെ ചിന്തിക്കാനും ഉള്ള ഉപദേശം.

(ii). ആമുഖം. കവി –റഫീക്ക് അഹമ്മദ് പാഠം – അമ്മത്തൊട്ടിൽ

അമ്മയെ ഉപേക്ഷിക്കാൻ കൊണ്ടുപോകുന്ന മകൻ- തെരുവുനായ അമ്മയുടെ മക്കളെ കാണാനുള്ള വ്യഗ്രത ഓർമ്മിപ്പിക്കുന്നു – ജില്ലാശുപത്രി – പനിയും സൂചിപ്രയോഗവും – വിദ്യാലയ പരിസരം – തന്നെ കാത്തനിന്ന അമ്മയുടെ മുഖം – ക്ഷേത്രപരിസരം – അമ്മയുടെ താങ്ങും തണലും – അമ്മയുടെ ചൂട് , ഗന്ധം ചൂട്ട് പുകയുന്ന മണം.

(iii). ആമുഖം. കവി – വൈലോപ്പിള്ളി പാഠം – ഓണമുറ്റത്ത്

ഓണക്കാലത്തെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന ഉഷസ്സ് – മാനുഷികപരിവേഷം – ഉഷസ്സാകുന്ന കന്യക - മലനിരകളാകുന്ന ചങ്ങലവട്ട – തിരിനാളമാകുന്ന സൂര്യൻ - കേരളീയ പ്രകൃതിയുടെ മനോഹര ദൃശ്യം –ഓണക്കാല പ്രഭാതം.

**9. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം മതി** **( 2x3 =6)**

(i). ആമുഖം . കർത്താവ് – രാജൻ തുവ്വാര കൃതി – ചട്ടമ്പിസ്വാമികൾ

ജീവിതവും സന്ദേശവും

പ്രശസ്ത തന്ത്രിമാരുണ്ടായിരുന്ന കൂപക്കരമഠം – നിരവധി തന്ത്രഗ്രന്ഥങ്ങൾഉള്ള ഗ്രന്ഥശാല – കാര്യസ്ഥൻറെ സഹായത്തോടെ ഗ്രന്ഥങ്ങൾ എല്ലാംപഠിച്ചു – മുതിർന്ന തന്ത്രിയുടെ ചോദ്യം – കൃത്യമായ ഉത്തരം – വിദ്യാധിരാജൻ എന്ന വിശേഷണം.

(ii). തെക്കൻപ്രദേശങ്ങളിലേക്കുള്ള പദയാത്ര – വിജനസ്ഥലങ്ങളിലെ ഏകാന്തധ്യാനം – ഗുഹാന്തരങ്ങളിലും വനപ്രദേശങ്ങളിലും തപസ്സനുഷ്ഠിച്ചു. അഗാധമായ ആത്മബോധം ലഭിച്ച അവർക്ക് മനുഷ്യനെ മനുഷ്യനായി കാണാനും മഹനീയ ആശയങ്ങൾ ദൃഢീകരിക്കാനും സാധിച്ചു.

(iii). പറവൂർ മജിസ്ട്രേറ്റ് ആണ്ടിപ്പിള്ളയുടെ വീട്ടിലെത്തിയ സ്വാമികളും പരമേശ്വരൻ നായരും – സ്വാമികളെ മാത്രം സ്വീകരിച്ച മജിസ്ട്രേറ്റും ഭാര്യയും – വരാന്തയിൽ നിന്ന പരമേശ്വരൻ നായരെ

അകത്തു കയറ്റി തനിക്കൊപ്പം ഇരുത്തി. ഊണു കഴിക്കാൻ പരമേശ്വരൻ നായർക്ക് ഇല പുറത്തിട്ടു- സ്വാമികൾ പുറത്ത് നായർക്കൊപ്പം കഴിക്കാൻ തയ്യാറായി- തെറ്റ് മനസ്സിലാക്കിയ മജിസ്ട്രേറ്റ് സേവകനെയും അകത്തേക്ക് വിളിച്ചു

===============++++++++++++++++===================

# COMMON PRE-BOARD EXAMINATION 2022-23

# SUBJECT: MALAYALAM (012)

**CLASS: X** **MAX. MARKS: 80**
**DATE: 12/01/2023** **TIME: 3 HOURS**

**General instructions:**

- **This question paper contains 7 printed pages.**
- **Write the serial number of the question before attempting it.**
- **Separate instructions are given for each section, wherever necessary.**
- **The question paper is divided into two sections:**
  **Section A:Reading Comprehension**
  **:Vocabulary Building & M.C.Q :40 Marks**
  **Section B:Grammar, Composition &**
  **:Literature (Prose, Poetry & Non- detailed) :40 Marks**

## എ വിഭാഗം/A section

**1.ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക.** (8x1=8)

ഒരു വ്യക്തിത്വത്തെ പരിചയപ്പെടുത്തുന്ന വാങ്മയമാണ് ആത്മകഥയും ജീവചരിത്രവും. ഒന്ന് സ്വയം വെളിപ്പെടുത്തൽ ആണെങ്കിൽ മറ്റൊന്ന് അപരനെ വെളിപ്പെടുത്തലാണ്. നല്ല ആത്മകഥയ്ക്കും ജീവചരിത്രത്തിനും പിന്നിൽ നല്ലതുപോലെ ജീവിച്ച ഒരു വ്യക്തി ഉണ്ടാവണം. അതുപോലെ സത്യസന്ധമായി കാര്യങ്ങൾ വെളിപ്പെടുത്താനുള്ള ഒരു മനസ്സും ഉണ്ടാവണം. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ആത്മകഥയായ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' സ്വന്തം ശരികൾക്കൊപ്പം കുറവുകളും അപഗ്രഥിക്കുന്ന കൃതിയാണ്. തന്റെ വായനക്കാർക്ക് ആത്മോന്നതി നൽകുക എന്നതാണ് ഈ സാഹിത്യ രൂപത്തിന്റെ വികാസത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ജീവചരിത്രം ചരിത്രത്തോട് ഗാഢമായ ബന്ധം പുലർത്തുന്നു. ആദ്യകാലങ്ങളിൽ ചരിത്രം തന്നെ സമുന്നതരായ വ്യക്തികളുടെ ജീവിതകഥയോട് ഘടിപ്പിച്ചാണ് എഴുതിവന്നിട്ടുള്ളത്. മലയാളത്തിലെ ആദ്യത്തെ ആത്മകഥ ചിട്ടയൊപ്പിച്ച് എഴുതിയതല്ലെങ്കിലും വൈക്കത്ത് പാച്ചുമൂത്തതിന്റെ ആത്മകഥയാണ്. പക്ഷേ മലയാളികൾ ആവേശത്തോടെ വായിച്ച ആദ്യത്തെ ആത്മകഥ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള തന്റെ സാഹസികവും ശോകപൂർണ്ണവുമായ ജീവിതത്തെക്കുറിച്ച് എഴുതിയ 'എന്റെ നാടുകടത്തൽ' എന്ന ഗ്രന്ഥമാണ്. ഇ.വി.കൃഷ്ണപിള്ളയുടെ 'ജീവിതസ്മരണകൾ' അതിന്റെ ആഖ്യാനരീതി കൊണ്ടും സ്വയം നിരീക്ഷണം കൊണ്ടും ആകർഷണമാണ്.

a) ആത്മകഥാരചനയുടെ ലക്ഷ്യം എന്ത്?
(തന്റെ കഥ മറ്റുള്ളവരെ അറിയിക്കുക, ആത്മസംതൃപ്തി നേടുക, വായനാശീലം വർദ്ധിപ്പിക്കുക, വായനക്കാർക്ക് ആത്മോന്നതി നൽകുക )

b) ഒരു വ്യക്തിത്വത്തെ പരിചയപ്പെടുത്തുന്ന വാങ്മയം എന്ന് വിശേഷിപ്പിക്കപ്പെടുന്ന സാഹിത്യ വിഭാഗങ്ങൾ ഏതെല്ലാം?
(കഥ-നോവൽ, കവിത-ചെറുകഥ, ആത്മകഥ-ജീവചരിത്രം, സഞ്ചാരസാഹിത്യം-ബാലസാഹിത്യം)

c) ജീവചരിത്രം എന്തിനോടാണ് ഗാഢമായ ബന്ധം പുലർത്തുന്നത്?
(കഥയോട്, ആത്മകഥയോട്, ചരിത്രത്തോട്, വായനക്കാരോട്)

d) 'ജീവിതസ്മരണകൾ' എന്ന കൃതിയെ ആകർഷകമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം?
(ആഖ്യാനരീതിയും സ്വയം നിരീക്ഷണവും, ആത്മാംശമുള്ള കൃതി, കൃതിയുടെ വലുപ്പം, ആത്മകഥയുടെ ഘടന)

e) എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ആരുടെ ആത്മകഥയാണ്?
(വൈക്കത്ത് പാച്ചു മൂത്തതിന്റെ, ഗാന്ധിജിയുടെ, ഇ.വി.കൃഷ്ണപിള്ളയുടെ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ)

f) ആത്മകഥയ്ക്കും ജീവചരിത്രത്തിനും പിന്നിൽ അവശ്യം വേണ്ട ഘടകങ്ങൾ എന്തെല്ലാം?
(നല്ല വായനക്കാരൻ, നല്ലതുപോലെ ജീവിച്ച ഒരു വ്യക്തിയും സത്യസന്ധമായി കാര്യങ്ങൾ വെളിപ്പെടുത്താനുള്ള ഒരു മനസ്സും, നല്ല എഴുത്തുകാരൻ, നല്ല പ്രസിദ്ധീകരണശാല)

g) മലയാളത്തിലെ ആദ്യത്തെ ആത്മകഥയെന്ന് വിശേഷിപ്പിക്കാവുന്ന കൃതി ഏത്?
(എന്റെ നാടുകടത്തൽ, വൈക്കത്ത് പാച്ചുമൂത്തതിന്റെ ആത്മകഥ, എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ, ജീവിതസ്മരണകൾ)

h) ഗാന്ധിജിയുടെ ആത്മകഥയുടെ സവിശേഷത എന്ത്?
(ഇന്ത്യയുടെ ചരിത്രം വിവരിക്കുന്നു, തന്റെ ബാല്യകാല അനുഭവങ്ങൾ പങ്കുവയ്ക്കുന്നു, സ്വന്തം ശരികൾക്കൊപ്പം കുറവുകളും അപഗ്രഥിക്കുന്നു, ആകർഷകമായ രചനാശൈലി)

i) 'എന്റെ നാടുകടത്തൽ' എന്ന ആത്മകഥ രചിച്ചത് ആര്?
(ഗാന്ധിജി, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, ഇ.വി.കൃഷ്ണപിള്ള, വൈക്കത്ത് പാച്ചുമൂത്തത് )

j) 'മറ്റൊരുത്തൻ' എന്ന വാക്കിനു പകരമായി ഈ ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന പദമേത്?
(സമുന്നതൻ, സ്വദേശാഭിമാനി, അപരൻ, വ്യക്തി)

k) മലയാളികൾ ആവേശത്തോടെ വായിച്ച ആദ്യത്തെ ആത്മകഥ ആരുടേതായിരുന്നു?
(ഗാന്ധിജിയുടെ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ, ഇ.വി.കൃഷ്ണപിള്ളയുടെ, വൈക്കത്ത് പാച്ചുമൂത്തതിന്റെ)

**2.ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** (8x1=8)

a) സമ്പന്നം-എന്നതിന്റെ വിപരീതപദം ഏത്?
(അസമ്പന്നം, ദരിദ്രം, ദാരിദ്ര്യം, സാമ്പത്തികം)

b) ബുധജനം-ഈ പദത്തിന്റെ ശരിയായ അർത്ഥം?
(ബന്ധപ്പെട്ടവർ, ബുദ്ധിയറ്റ ജനം, അറിവുള്ളവർ, ബുധനാഴ്ച ജനിച്ചവൻ)

c) വേദം -എന്ന പദത്തിന്റെ പര്യായപദമല്ലാത്തത്?
(നിഗമം, ആരണം, ആഗമം, വിപിനം )

d) പ്രാണി-എതിർലിംഗമേത്?
(പ്രാണൻ, പ്രാണിനി, പ്രാണികൾ, പ്രാണവാൻ)

e) കാഷ്ഠം-എന്നതിന്റെ നാനാർത്ഥപദങ്ങളേത്?
(മരത്തടി, ദു:ഖം, ജന്തുക്കളുടെ വിസർജ്ജ്യം, അറ്റം)

f) 'കാണാവുന്നത്' എന്നതിന്റെ ശരിയായ ഒറ്റപ്പദമേത്?
(ദർശനം, ദൃഷ്ടി, ദൃശ്യം, ദ്രഷ്ടാവ്)

g) പാരം, പരം -ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക.
(വളരെ, അന്യം വെറുതെ, തീരം)

h) കർമ്മനീതർ-ശരിയായ വിഗ്രഹരൂപമേത്?
(കർമ്മത്താൽ നീതർ, കർമ്മത്തിന്റെ നീതർ, കർമ്മത്തിലെ നീതർ, കർമ്മവും നീതരും)

i) കുറ്റമറ്റ-പിരിച്ചെഴുതുക
(കുറ്റ+മറ്റ, കുറ്റം+അറ്റ, കുറ്റം+മറ്റ, കുറ്റ+അറ്റ)

j) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക.
(സന്തബ്തം, സന്തപ്തം, സന്തബ്ദം ,സന്ദപ്തം)

**3.ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.** (4x2=8)

a) ''നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ''

i. ചങ്ങലവട്ടയിലെ നാളം എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്ത്?
(ഉദിച്ചുയരുന്ന സൂര്യൻ, പ്രഭാതം, നിലാവ്, പ്രകാശം)

ii. നാണത്തോടെ ഓണക്കോടിയുടുത്ത് നിൽക്കുന്നത് ആര്?
(മഹാബലി, പ്രഭാതം, കുട്ടികൾ, കവി)

b) ''അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ! വിവേകികൾ''

i. ഈ വരികൾ എഴുതിയതാര്?
(കുമാരനാശാൻ, എഴുത്തച്ഛൻ, വൈലോപ്പിള്ളി ശ്രീധരമേനോൻ, റഫീക്ക് അഹമ്മദ്)

ii. ഈ വരികളിൽ സൂചിതമാകുന്നതെന്ത്?
(സന്യാസം, പരോപകാരം, പ്രണയം, വിഷാദം)

c) ''ഇന്നും പഴിപറഞ്ഞേക്കും, മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോപെരുക്കുന്നു.''

i. ആര് ആരെയാണ് പഴിക്കുന്നത്?
(അമ്മ മകനെ, മകൻ അമ്മയെ, ഭാര്യ ഭർത്താവിനെ, നാട്ടുകാർ മകനെ)

ii. എന്തിനാണ് പഴിപറയുന്നത്?
(അമ്മയെ ചികിത്സിക്കാത്തതിന്, അമ്മയെ സ്നേഹിക്കാത്തതിന്, അമ്മയെ ഉപേക്ഷിക്കാത്തതിന്, അമ്മയെ അമ്പലത്തിൽ കൊണ്ടുപോകാത്തതിന്)

d) 'സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ
വച്ചു മുങ്ങിപ്പോയി'

i. 'കച്ചവടക്കാർ' എന്ന് പറയുന്നത് ആരെയാണ്?
(പാണ്ഡവരെ, കൗരവരെ, മത്തായിയെയും ചാക്കൊരു മാപ്പിളയെയും, ചാക്കുണ്ണിയെയും കൂട്ടുകാരെയും)

ii. ഇവിടെ 'സമ്പാദ്യം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
(രാജ്യഭരണം, യുദ്ധവിജയം, നിധി, ചൂഡാമണി)

e) ‘ഒരു റേഡിയോ വാങ്ങിക്കണം സുക്വൊ’

i. ഇങ്ങനെ പറഞ്ഞപ്പോൾ ചാക്കുണ്ണിക്കുണ്ടായ മനോഭാവമെന്ത്?
(ആത്മവിശ്വാസം, അഹങ്കാരം, ഉത്കണ്ഠ, അഭിമാനം)

ii. റേഡിയോ വാങ്ങാൻ പുറപ്പെട്ട ചാക്കുണ്ണിയോട് നാട്ടുകാരുടെ മനോഭാവമെന്ത്?
(സ്നേഹം, അസൂയ, പുച്ഛം, ആദരവ്)

f) ‘പുലർച്ചയ്ക്കു മുമ്പു കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു’

i. എവിടെയാണ് കൊമ്പുവിളികൾ മുഴങ്ങിയത്?
(തീവണ്ടിയാപ്പീസിൽ, പാഴുതറയിൽ, ജയിലിൽ, കടൽത്തീരത്ത്)

ii. എന്തിന്റെ സൂചനയായിരുന്നു കൊമ്പുവിളി?
(വധശിക്ഷയുടെ ചടങ്ങിന്റെ, ശവസംസ്കാരത്തിന്റെ, കണ്ണൂരിലേക്ക് പോകുന്നതിന്റെ, കോടതിയുടെ വിധി വരുന്നതിന്റെ)

**4.ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.** (4x4=16)

a) “ചെമ്പുമത്തായി അങ്ങനെ പറഞ്ഞെങ്കിലും നേരെമറിച്ചായിരുന്നു ചാക്കുണ്ണിയുടെ അനുഭവം”

i. ചെമ്പുമത്തായി പറഞ്ഞതെന്ത്?
(റേഡിയോ ഇല്ലെങ്കിൽ മനസ്സമാധാനം പോകുമെന്ന്, റേഡിയോ ഇല്ലെങ്കിൽ മനസ്സമാധാനം കിട്ടുമെന്ന്, റേഡിയോ ഉണ്ടെങ്കിൽ മനസ്സമാധാനം കിട്ടുമെന്ന്, റേഡിയോ കൈയിലിരിക്കുന്നതാണ് നല്ലതെന്ന്)

ii. ചാക്കുണ്ണിയുടെ അനുഭവം എന്തായിരുന്നു?
(മനസ്സമാധാനം കിട്ടി, ജോലിയിലുള്ള ശ്രദ്ധ പാളി, ജോലിയിൽ മുഴുകാൻ സാധിച്ചു, അളവു തെറ്റാതെ തുന്നാൻ സാധിച്ചു)

iii. അതുപറഞ്ഞപ്പോൾ ചെമ്പുമത്തായിയുടെ മനോഭാവമെന്തായിരുന്നു?
(റേഡിയോ നിസ്സാരമെന്ന ഭാവം, ചാക്കുണ്ണി നല്ല തയ്യൽക്കാരനല്ലെന്ന ഭാവം, ചാക്കുണ്ണിയെ ഇഷ്ടമല്ലെന്ന ഭാവം, ചാക്കുണ്ണിയോട് സ്നേഹമുണ്ടെന്ന ഭാവം)

iv. ഇ.സന്തോഷ് കുമാറിന്റെ കൃതി ഏത്?
(മണിമാല, പുഷ്പവാടി, പ്രവാചകന്റെ വഴി, ചാവുകളി)

b) ‘ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു’

i. ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നത് എവിടെ നിന്ന്?
(കടലിൽ നിന്ന്, വെയിലിന്റെ മുകൾത്തട്ടിലെവിടെയോ നിന്ന്, മേട്ടിൽ നിന്ന്, വെളിനിലങ്ങളിൽ നിന്ന് )

ii. യാത്രയിലുടനീളം വെള്ളായിയപ്പനോടൊപ്പം ഉണ്ടായിരുന്ന കരുതൽ എന്തായിരുന്നു?
(പൊതിച്ചോറ്, പാഴുതറഗ്രാമക്കാരുടെ ശ്രദ്ധ, മകനെക്കുറിച്ചുള്ള ഓർമ്മ, കുളിയുടെ അനുഭവം)

iii. ആകാശങ്ങൾ തെളിഞ്ഞത് എങ്ങനെ?
(സൂര്യോദയത്തോടെ, കാക്കക്കരച്ചിലോടെ, അപരിചിതരുടെ സംഭാഷണത്തോടെ, തീവണ്ടിയുടെ ചൂളം വിളിയോടെ )

iv. മലയാള നോവൽസാഹിത്യത്തിൽ വഴിത്തിരിവുണ്ടാക്കിയ കൃതി ഏത്?
(ഖസാക്കിന്റെ ഇതിഹാസം, ഗുരുസാഗരം, മധുരം ഗായതി, കടൽത്തീരത്ത്)

c) ''രാഗാദി സങ്കുലമായുള്ള സംസാര-

മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ!''

i. ഇവിടെ സംസാരം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
(കളത്രസുഖം, വർത്തമാനം, ഇഹലോകജീവിതം, ആദ്ധ്യാത്മിക ജീവിതം)

ii. തന്നിരിക്കുന്നവയിൽ മനുഷ്യന്റെ ശത്രു അല്ലാത്ത വികാരം ഏത്? ?
(കാമം, അഭിമാനം, ക്രോധം, ലോഭം )

iii. അധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏത് കാണ്ഡത്തിൽ നിന്നാണ് ലക്ഷ്മണസാന്ത്വനം എന്ന പാഠഭാഗം എടുത്തിട്ടുള്ളത്?
(ബാലകാണ്ഡം, യുദ്ധകാണ്ഡം, ആരണ്യകാണ്ഡം, അയോധ്യാകാണ്ഡം )

iv. ഈ പാഠഭാഗത്ത് ഉപയോഗിച്ചിട്ടുള്ള കിളിപ്പാട്ട് വൃത്തമേത്?
(കാകളി, കളകാഞ്ചി, കേക, മണികാഞ്ചി)

d) 'ഭൂമിയാകെ ഒരു മുഴക്കത്തോടെ കുലുങ്ങി; ദിക്കുകൾ മങ്ങി.'

i. ഈ വരികളുടെ സാരം?
(സൂര്യൻ അസ്തമിച്ചു, ബ്രഹ്മശിരസ്സ് പ്രയോഗിച്ചപ്പോൾ പ്രകൃതി ഭയപ്പെട്ടു, മിന്നലും ഭൂമികുലുക്കവുമുണ്ടായി, ദുര്യോധനന്റെ അവസ്ഥയിൽ പ്രകൃതി പോലും സങ്കടപ്പെടുന്നു)

ii. 'അയാൾ നന്നേ പണിപ്പെട്ട് അവയെ ആട്ടിയകറ്റുന്നുണ്ട്.'ആരെയാണ് ആട്ടിയകറ്റുന്നത്?
(കഴുകനെ, ആളുകളെ, കുറുക്കൻമാരെ, കാക്കകളെ)

iii. ആരായിരിക്കും പരീക്ഷിത്തിനെ ആയുധാഭ്യാസം പരിശീലിപ്പിക്കുക?
(ശ്രീകൃഷ്ണൻ, ദ്രൗണി, വ്യാസൻ, കൃപർ)

iv. ദ്രൗണിയും കൂട്ടരും പാണ്ഡവപ്പാളയത്തിൽ കടന്നുചെന്ന് അറുകൊല നടത്തി എന്ന വാർത്ത അിറഞ്ഞപ്പോൾ ആരാണ് മോഹാലസ്യപ്പെട്ടത്?
(യുധിഷ്ഠിരൻ, നകുലൻ, ശ്രീകൃഷ്ണൻ, അർജുനൻ)

e) ''പഴമോടരിയും പപ്പടവും ത-

ന്നാവതുവേഗമയയ്ക്കാൻ നോക്കാം.''

i. ആരെയാണ് പഴവും പപ്പടവും അരിയും നൽകി എളുപ്പം പറഞ്ഞയയ്ക്കാൻ നോക്കുന്നത്?
(പുള്ളുവനെ, മഹാബലിയെ, ഓണത്തപ്പനെ, ഗ്രാമീണപ്പെൺകൊടിമാരുടെ)

ii. ആരാണ് പഴവും പപ്പടവും അരിയും നൽകി എളുപ്പം പറഞ്ഞയയ്ക്കാൻ നോക്കുന്നത്?
(പരിഷ്കാരികൾ, മഹാബലി, പുലരിപ്പെണ്ണ്, വാമനൻ)

iii. താഴെ പറയുന്നവയിൽ വൈലോപ്പിള്ളിക്ക് ചേരാത്ത വിശേഷണം?
(കാച്ചിക്കുറുക്കിയ കവിതകളുടെ രചയിതാവ്, എല്ലുറപ്പുള്ള കവിതകളെഴുതിയ കവി, പുരോഗമന കലാസാഹിത്യസംഘത്തിന്റെ ആദ്യകാല സംസ്ഥാനധ്യക്ഷൻ, കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്)

iv. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം നേടിയ വൈലോപ്പിള്ളി കൃതി?
(വിട, മകരക്കൊയ്ത്ത്, കന്നിക്കൊയ്ത്ത്, കുടിയൊഴിക്കൽ)

## ബി വിഭാഗം/B section

**5.a)** പ്രയോഗം മാറ്റുക. (2x1=2)

i. ജയിലിന്റെ പടിക്കൽ പാറാവുകാരനാൽ വെള്ളായിയപ്പൻ തടയപ്പെട്ടു.

ii. ചാക്കുണ്ണി അതൊന്നും ശ്രദ്ധിച്ചതേയില്ല.

**b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** (2x1=2)

i. ദ്രൗണി പിന്നെ പുറത്തുകടന്ന് മറ്റു ശിബിരങ്ങളിലേക്ക് പുറപ്പെട്ടപ്പോൾ ആ സ്ത്രീകളും കാവൽക്കാരും വേഗം ഓടി വരണേ എന്ന് നിലവിളി കൂട്ടി.

ii. റേഡിയോ ഓൺ ചെയ്തപ്പോൾ കുട്ടികളുടെ പാട്ട് കേട്ടു.

**c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** (2x1=2)

i. അങ്ങനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ വിജയം ഉറക്കെ വിളിച്ചു പറഞ്ഞ് ജയഘോഷത്തോടെ സന്ധ്യയ്ക്കു കൂടാരത്തിലേക്കു തിരിച്ചു.

ii. അപരിചിതരുടെ ഇഷ്ടമില്ലാത്ത താല്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ അനേകം കൊലക്കയറുകളായി.

**d) അർത്ഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കിമാറ്റുക** (2x1=2)

i. ചോരയിലാണ്ടു നിലത്തു കിടന്നു രക്തത്തിൽ കുളിച്ചുരുളുന്ന ദുര്യോധനനെ കണ്ടു.

ii. ചാക്കുണ്ണിയുടെ മനസ്സിൽ ആധിയായിരുന്നു.

**e) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** (2x1=2)

i. ശുണ്ഠിയെടുക്കുക

ii. ലംഘിക്കുക

iii. നിറവേറ്റുക

**6.ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക**

a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. (1x5=5)

i. പെരുകുന്ന വൃദ്ധസദനങ്ങൾ

ii. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

b) എല്ലാ വീടുകളിലും അടുക്കളത്തോട്ടം എന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന പ്രചരണ പ്രവർത്തനം കൃഷിമന്ത്രി ഉദ്ഘാടനം ചെയ്തു. പരിപാടിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഒരു പത്രവാർത്തയായി അവതരിപ്പിക്കുക. (1x5=5)

c) നമ്മുടെ നാട്ടിൽ വർദ്ധിച്ച് വരുന്ന സ്ത്രീധന പീഢന മരണങ്ങൾക്കെതിരെ യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഒരു സെമിനാർ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാകളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. (1x5=5)

**7.താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക.**

a) ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക. (1x3=3)

i. അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിലൂടെ വ്യാസൻ എന്ത് താക്കീതാണ് ലോകത്തിന് നൽകുന്നത്?

ii. ‘‘അർത്ഥപൂർണ്ണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ പൂർണ്ണമാക്കുന്നത്’’ _ ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥയെ വിലയിരുത്തുക.

b) ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക. (2x3=6)

i. ‘‘പോയതൊക്കെയഥവാ നമുക്കയേ,

പ്രായവും സപദി മാറി കാര്യവും’’ ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.

ii. അമ്മയെ ഉപേക്ഷിക്കാൻ മകൻ നടത്തുന്ന യാത്ര മകന്റെ മുൻകാല ജീവിതാനുഭവങ്ങളിലേക്കുള്ള യാത്രയായി മാറുന്നുണ്ട്. ഈ ആശയത്തോട് നിങ്ങളുടെ പ്രതികരണം എന്ത്?

iii. എല്ലാ കാലത്തും മനുഷ്യൻ അിറഞ്ഞിരിക്കേണ്ട അടിസ്ഥാനപരമായ ചില ജീവിതസത്യങ്ങൾ ശ്രീരാമൻ ലക്ഷ്മണന് പകർന്നുകൊടുക്കുന്നതാണ്

‘ലക്ഷ്മണസാന്ത്വനം’ എന്ന കവിതാഭാഗത്ത് നാം കാണുന്നത്. വിവരിക്കുക.

**8.ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.** (2x3=6)

i. അറിവില്ലാത്തവർക്ക് വെളിവുണ്ടാക്കുവാനുള്ള സ്വാമികളുടെ കഴിവ് വ്യക്തമാക്കുന്ന സംഭവം വിവരിക്കുക.

ii. വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് സ്വാമികളെ വിളിക്കുന്നത് എന്തുകൊണ്ട്?

iii. കുഞ്ഞൻപിള്ളയുടെ ജനനത്തെക്കുറിച്ചും കുടുംബ പശ്ചാത്തലത്തെക്കുറിച്ചും ഒരു ലഘുവിവരണം തയ്യാറാക്കുക.

**********************************

# COMMON PRE-BOARD EXAMINATION 2022-23

## SUBJECT: MALAYALAM -012

ANSWER KEY

**CLASS: X** **MAXMARKS: 80**

**DATE: 12/01/2023** **DURATION:3 HOURS**

| QUESTIONS | SUB. QNS | ANSWERKEY | MARKS | TOTAL MARKS |
|---|---|---|---|---|
| 1. | a) | വായനക്കാർക്ക് ആത്മോന്നതി നൽകുക | 1 | 8 |
| | b) | ആത്മകഥ-ജീവചരിത്രം | 1 | |
| | c) | ചരിത്രത്തോട്, | 1 | |
| | d) | ആഖ്യാനരീതിയും സ്വയം നിരീക്ഷണവും | 1 | |
| | e) | ഗാന്ധിജിയുടെ | 1 | |
| | f) | നല്ലതുപോലെ ജീവിച്ച ഒരു വ്യക്തിയും സത്യസന്ധമായി കാര്യങ്ങൾ വെളിപ്പെടുത്താനുള്ള ഒരു മനസ്സും | 1 | |
| | g) | വൈക്കത്ത് പാച്ചുമൂത്തതിന്റെ ആത്മകഥ | 1 | |
| | h) | സ്വന്തം ശരികൾക്കൊപ്പം കുറവുകളും അപഗ്രഥിക്കുന്നു | 1 | |
| | i) | സ്വദേശാഭിമാനി രാമകൃഷ്ണപിള്ള | 1 | |
| | j) | അപരൻ | 1 | |
| | k) | സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ | 1 | |
| 2. | a) | ദരിദ്രം | 1 | 8 |
| | b) | അറിവുള്ളവർ | 1 | |
| | c) | വിപിനം | 1 | |
| | d) | പ്രാണിനി | 1 | |
| | e) | മരത്തടി, ജന്തുക്കളുടെ വിസർജ്ജ്യം | 1 | |
| | f) | ദൃശ്യം | 1 | |
| | g) | വളരെ,അന്യം | 1 | |
| | h) | കർമ്മത്താൽ നീതർ | 1 | |
| | i) | കുറ്റം+അറ്റ | 1 | |
| | j) | സന്തപ്തം | 1 | |
| 3. | a) | സൂര്യൻ | 1 | 8 |
| | | പ്രഭാതം | 1 | |
| | b) | കുമാരനാശാൻ | 1 | |
| | | പരോപകാരം | 1 | |
| | c) | ഭാര്യ ഭർത്താവിനെ | 1 | |
| | | അമ്മയെ ഉപേക്ഷിക്കാത്തതിന് | 1 | |
| | d) | പാണ്ഡവർ | 1 | |
| | | യുദ്ധവിജയം | 1 | |
| | e) | അഭിമാനം | 1 | |
| | | ആദരവ് | 1 | |
| | f) | ജയിലിൽ | 1 | |
| | | വധശിക്ഷയുടെ ചടങ്ങിന്റെ | 1 | |

| | | | | |
|---|---|---|---|---|
| 4. | a) | റേഡിയോ ഇല്ലെങ്കിൽ മനസ്സമാധാനം കിട്ടുമെന്ന് | 1 | 16 |
| | | ജോലിയിലുള്ള ശ്രദ്ധ പാളിപ്പോയി | 1 | |
| | | റേഡിയോ നിസ്സാരമെന്ന ഭാവം | 1 | |
| | | ചാവുകളി | 1 | |
| | b | വെയിലിന്റെ മുകൾത്തട്ടിലെവിടെയോ നിന്ന് | 1 | |
| | | പൊതിച്ചോറ് | 1 | |
| | | കാക്കക്കരച്ചിലോടെ | 1 | |
| | | ഖസാക്കിന്റെ ഇതിഹാസം | 1 | |
| | c) | ഇഹലോകജീവിതം | 1 | |
| | | അഭിമാനം | 1 | |
| | | അയോധ്യാകാണ്ഡം | 1 | |
| | | കാകളി | 1 | |
| | d | ദുര്യോധനന്റെ അവസ്ഥയിൽ പ്രകൃതി പോലും സങ്കടപ്പെടുന്നു | 1 | |
| | | കുറുക്കൻമാരെ | 1 | |
| | | കൃപർ | 1 | |
| | | യുധിഷ്ഠിരൻ | 1 | |
| | e | പുള്ളുവനെ | 1 | |
| | | പരിഷ്കാരികൾ | 1 | |
| | | കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്) | 1 | |
| | | വിട | 1 | |
| 5. | a | ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു. | 1 | 2 |
| | | ചാക്കുണ്ണിയാൽ അതൊന്നും ശ്രദ്ധിക്കപ്പെട്ടതേയില്ല. | 1 | |
| | b | അംഗ:ദ്രൗണി പിന്നെ പുറത്തുകടന്ന് മറ്റു ശിബിരങ്ങളിലേക്ക് പുറപ്പെട്ടപ്പോൾ<br>അംഗി: ആ സ്ത്രീകളും കാവൽക്കാരും വേഗം ഓടി വരണേ എന്ന് നിലവിളി കൂട്ടി. | 1 | 2 |
| | | അംഗ: റേഡിയോ ഓൺ ചെയ്തപ്പോൾ<br>അംഗി: കുട്ടികളുടെ പാട്ട് കേട്ടു | 1 | |
| | c) | വിജയം ഉറക്കെ വിളിച്ചു പറഞ്ഞ്/ ജയഘോഷത്തോടെ | 1 | 2 |
| | | ഇഷ്ടമില്ലാത്ത /താല്പര്യരഹിതമായ :; എണ്ണമറ്റ /അനേകം | 1 | |
| | d | കാണാതിരുന്നില്ല | 1 | 2 |
| | | ആധിയല്ലാതിരുന്നില്ല | 1 | |
| | e | ശരിയായ വാക്യം | 1 | 2 |
| | | ശരിയായ വാക്യം | 1 | |
| 6 | a) | ഉപന്യാസം ആമുഖം<br>ഉള്ളടക്കം<br>ഉപസംഹാരം<br>ഖണ്ഡിക തിരിച്ചെഴുതണം, ആശയവ്യക്തത, ഭാഷാശുദ്ധി | 1<br>3<br>1 | 5 |
| | b) | പത്രവാർത്ത: രൂപഘടന | | 5 |

| | | | | |
|---|---|---|---|---|
| | | ശീർഷകം:വാർത്തയിലേക്ക് നയിക്കുന്നതും ആകർഷകവും ആയിരിക്കണം.<br>സ്വന്തം ലേഖകൻ/പ്രത്യേക ലേഖകൻ<br>സ്ഥലം<br>ഖണ്ഡികാകരണം<br>ആമുഖം:വാർത്തയിലേക്ക് നയിക്കാൻ സഹായിക്കുന്ന വാർത്തയുടെ സംഗ്രഹരൂപം<br>വാർത്തയുടെ വിശദീകരണം:<br>ഉപസംഹാരം | | |
| | c) | കത്ത് - രൂപഘടന<br>പ്രേഷകൻ/പ്രേഷിത<br>മേൽവിലാസം(മേൽവിലാസ ഘടകങ്ങൾ എഴുതണം)<br>സ്വീകർത്താവ്/ഗ്രാഹകൻ<br>മേൽവിലാസം<br>അഭിസംബോധന, വിഷയസൂചന<br>ആമുഖം-കത്തിന്റെ ശരീരം-ഉള്ളടക്കം(കത്തിന്റെ ശരീരം ഖണ്ഡിക തിരിച്ച്-വിഷയത്തിൽ ഒതുങ്ങുന്നതും സമഗ്രവും ആവശ്യങ്ങൾ സമർത്ഥിക്കുന്നതും)<br>ഉപചാരവാക്ക്-ഒപ്പ്,പേര്<br>തീയതി(താഴെയോ പ്രേഷകനും ഗ്രാഹകനും ഇടയിലോ എഴുതാം) | | 5 |
| 7 | a) i | ആമുഖം(കുട്ടികൃഷ്ണമാരാർ;ഭാരതപര്യടനം)<br>അശ്വത്ഥാമാവിന്റെ പക-പക സ്നേഹബന്ധങ്ങളിൽ വിള്ളലുണ്ടാക്കുന്നു- എല്ലാക്കാലവും എല്ലാവരിലും എല്ലാതയിടത്തും കാണാം , ഉപസംഹാരം | 1/2<br>1 1/2<br>1 | 3 |
| | ii | ആമുഖം (ഒ.വി.വിജയൻ, കടൽത്തീരത്ത്)<br>മൗനം വികാരകൈമാറ്റത്തിന് ശക്തമായ ഉപാധി-കഥാ സന്ദർഭങ്ങൾ-ഉപസംഹാരം | 1/2<br>1 1/2<br>1 | 3 |
| | b) i | ആമുഖം-കുമാരനാശാൻ, നളിനി<br>നളിനിയുടെ അഭിലാഷം, ദിവാകരന്റെ ഈശ്വരസാക്ഷാത്ക്കാരത്തിനുള്ള ആഗ്രഹം, പക്വത കൈവന്നു ,പ്രായത്തിലും ജീവിതലക്ഷ്യത്തിലും വന്ന മാറ്റം-ഉപസംഹാരം | 1/2<br>1 1/2<br>1 | 3 |
| | ii | ആമുഖം (റഫീക്ക് അഹമ്മദ്.അമ്മത്തൊട്ടിൽ)<br>അമ്മയുമായി ബന്ധപ്പെട്ട ഓർമ്മകൾ -അമ്മയുമായി ബന്ധപ്പെട്ട ഓർമ്മകളും ചിന്തകളും തന്റെ തന്നെ നിലനിൽപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവ്<br>ഉപസംഹാരം | 1/2<br>1 1/2<br>1 | 3 |
| | iii | ആമുഖം-എഴുത്തച്ഛൻ, അധ്യാത്മരാമായണം കിളിപ്പാട്ട്<br>ജീവിതത്തിന്റെ നശ്വരത -സുഖഭോഗങ്ങളോടുള്ള ആസക്തി-ആത്മവിദ്യ നേടേണ്ടതിനെ ആവശ്യകത-ക്രോധം പരിത്യജിക്കേണ്ടതിന്റെ ആവശ്യകത-കാലികപ്രസക്തി-ഉപസംഹാരം | 1/2<br>1 1/2<br>1 | 3 |

| | | | | |
|---|---|---|---|---|
| 8. | a) | ആമുഖം<br>ചെമ്പ് സ്വർണ്ണമാക്കാൻ ആഗ്രഹിച്ച ശിഷ്യനും<br>സ്വാമികൾ നൽകിയ പാഠവും-ഉപസംഹാരം | 1/2<br>1 1/2<br>1 | 3 |
| | b) | ആമുഖം<br>സംഗീതം, സാഹിത്യം, വ്യാകരണം, ചിത്രരചന, വൈദ്യം, മന്ത്രവാദം, അഭിനയം തുടങ്ങിയവയിലുള്ള പാണ്ഡിത്യം<br>ഉപസംഹാരം | 1/2<br>1 1/2<br>1 | 3 |
| | c) | ആമുഖം<br>മാതാപിതാക്കൾ-കുടുംബപശ്ചാത്തലം<br>ഉപസംഹാരം | 1/2<br>1 1/2<br>1 | 3 |

# COMMON PRE-BOARD EXAMINATION :2022-23
# Class-X Subject: MALAYALAM - 012

Date: …. /…./2023

Time allowed: 3 hrs
*അനുവദിച്ച സമയം: 3 മണിക്കൂർ*

M.Marks: 80
*ആകെ മാർക്ക്: 80*

*General Instructions:*

- Please check that this question paper contains 12 printed pages.
- Please check that this question paper contains 7 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections: -
  Section A: Reading Comprehension
  Vocabulary Building & M.C.Q – 40 marks
  Section B: Grammar, Composition
  Literature (Prose, Poetry & Non detailed) – 40 marks
- 15 minutes time has been allotted to read this question paper. The students will read the question paper only and will not write any answer on the answer-book during this period.

## SECTION-A/ എ. വിഭാഗം

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരമെഴുതുക**
**(ഓരോന്നിന്നും ഒരു മാർക്കു വീതം) (8 x 1 = 8)**

സ്വാതിതിരുനാൾ തിരുവിതാംകൂർ മഹാരാജാവായിരുന്ന കാലത്ത് 1829-ൽ തിരുവനന്തപുരം പബ്ലിക് ലൈബ്രറി സ്ഥാപിതമായി. രേഖകളുടെ പിൻബലത്തിൽ പറയാവുന്ന കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാലയാണിത്. കൊല്ലവർഷം 1069-ൽ തിരുവനന്തപുരത്ത് വഞ്ചിയൂരിൽ കുന്നുംപുറം എന്ന സ്ഥലത്ത് 'സുഗുണപോഷിണി' എന്ന പേരിൽ ആരംഭിച്ചതാണ് തിരുവിതാംകൂറിലെ ആദ്യത്തെ മലയാളം ഗ്രന്ഥശാല. വിശാഖം തിരുനാളായിരുന്നു അപ്പോൾ രാജാവ്. ചെങ്കുളത്തു കുഞ്ഞിരാമമേനോന്റെ പരിശ്രമഫലമായി തൃശ്ശൂരിൽ എ. ഡി. 1931 മാർച്ചിൽ സമസ്തകേരള പുസ്തകാലയ സമിതി രൂപീകൃതമായി. അതിന്റെ ആഭിമുഖ്യത്തിൽ 1931 ഏപ്രിലിൽ ഗ്രന്ഥവിഹാരം എന്ന ത്രൈമാസികം പ്രസിദ്ധീകരിച്ചു. 1937-ൽ ഗ്രന്ഥശാലാപ്രസ്ഥാനം വീണ്ടും സജീവമായി. അതേവർഷം ജൂൺ 11-ന് കോഴിക്കോട്ട് കെ. കേളപ്പന്റെ അധ്യക്ഷതയിൽ ചേർന്ന ഒന്നാം മലബാർ വായനശാലാ സംഘം പിറവികൊണ്ടു. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ പുതുയുഗത്തിനു തുടക്കം കുറിച്ച വർഷമായിരുന്നു 1945. ആ വർഷം ഡിസംബർ ആറിന് അമ്പലപ്പുഴ പി.കെ.മെമ്മോറിയൽ വായനശാലയുടെ ആഭിമുഖ്യത്തിൽ അമ്പലപ്പുഴ വച്ച് നടന്ന സമ്മേളനത്തിൽ തിരുവിതാംകൂറിന്റെ വിവിധ

ഭാഗങ്ങളിലെ 47 ഗ്രന്ഥശാലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ദിവാൻ സി. പി. രാമസ്വാമി അയ്യർ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിന്റെ അധ്യക്ഷൻ വിദ്യാഭ്യാസ ഡയറക്ടർ എ. എൻ. തമ്പിയായിരുന്നു. ആ സമ്മേളനത്തിൽ വച്ച് അഖില തിരുവിതാംകൂർ ഗ്രന്ഥശാലസംഘം രൂപീകരിക്കാൻ തീരുമാനിച്ചു. അതിന്റെ നിയമാവലി തയ്യാറാക്കാനും ഭാവി പ്രവർത്തനം ഊർജ്ജിതമാക്കാനും ഒരു നിർവാഹകസമിതിയെയും തിരഞ്ഞെടുത്തു. അമ്പലപ്പുഴ പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലയുടെ സെക്രട്ടറി പി. എൻ. പണിക്കരായിരുന്നു സമിതിയുടെ കൺവീനർ. അഖില തിരുവിതാംകൂർ ഗ്രന്ഥശാലാ സംഘം 1949-ൽ തിരുവിതാംകൂർ കൊച്ചി ഗ്രന്ഥശാലാ സംഘമായി. 1956-ൽ കേരള സംസ്ഥാനം രൂപം എടുത്തപ്പോൾ കേരള ഗ്രന്ഥശാലാ സംഘം എന്ന ഇപ്പോഴത്തെ പേര് സ്വീകരിക്കുകയും ചെയ്തു. കേരളത്തിൽ ഗ്രന്ഥശാലാ നിയമം 1989-ൽ നിലവിൽ വന്നു. അതോടെ ഈ പ്രസ്ഥാനത്തിന് പുതുജീവൻ കൈവന്നു. നിയമത്തിലെ വ്യവസ്ഥയനുസരിച്ച് 1994 മാർച്ച് 27ന് ലൈബ്രറി കൗൺസിൽ നിലവിൽ വന്നു. തിരുവനന്തപുരത്താണ് ആസ്ഥാനം. കൗൺസിലിന്റെ ആദ്യ പ്രസിഡൻറ് ആയി നിയമിതനായത് പ്രശസ്തകവി കടമ്മനിട്ട രാമകൃഷ്ണൻ ആയിരുന്നു. മണലിൽ ജി നാരായണപിള്ളയായിരുന്നു ആദ്യ സെക്രട്ടറി.

<u>ചോദ്യങ്ങൾ</u>

(a) 'സമസ്തകേരള പുസ്തകാലയ സമിതി'യുടെ ആഭിമുഖ്യത്തിൽ 1931 ഏപ്രിലിൽ പ്രസിദ്ധീകൃതമായ ത്രൈമാസികം

1. ഗ്രന്ഥവിഹാരം  2. ഗ്രന്ഥവിചാരം
3. ഗ്രന്ഥാലയം  4. ഗ്രന്ഥാലോകം

(b) തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിലെ 47 ഗ്രന്ഥശാലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം നടന്നത് എവിടെയാണ്?

1. കണ്ണൂർ  2. ആലുവ
3. അമ്പലപ്പുഴ  4. കുമാരപുരം

(c) ലൈബ്രറി കൗൺസിലിന്റെ ആദ്യ പ്രസിഡന്റായി നിയമിതനായത്

1. സി. കേശവൻ  2. വായനശാലാ കേശവപിള്ള
3. കെ. ദാമോദരൻ  4. കടമ്മനിട്ട രാമകൃഷ്ണൻ

(d) തിരുവിതാംകൂറിലെ ആദ്യത്തെ മലയാളം ഗ്രന്ഥശാലയേത്?

1. ജ്ഞാനപ്രദായിനി  2. സുഗുണപോഷിണി
3. പി. കെ. മെമ്മോറിയൽ  4. നാണുപിള്ള സ്മാരകം

(e) തിരുവിതാംകൂർ കൊച്ചി ഗ്രന്ഥശാലാ സംഘത്തിന്റെ ഇപ്പോഴത്തെ പേര്

1. കേരള ഗ്രന്ഥശാലാ സംഘം 2. കേരള ഗ്രന്ഥാലോകം
3. പുസ്തകവിചാരം 4. വീക്ഷണവിചാരം

(f) ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ പുതുയുഗത്തിനു തുടക്കം കുറിച്ച വർഷം

1. 1927 2. 1946
3. 1945 4. 1948

(g) രേഖകളുടെ പിൻബലത്തിൽ പറയാവുന്ന കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാലയേത്?

1. തിരുവനന്തപുരം പബ്ലിക് ലൈബ്രറി
2. രാജരാജവർമ്മ ഗ്രന്ഥശാല
3. ജ്ഞാനപ്രദായിനി ഗ്രന്ഥശാല
4. മലബാർ ഗ്രന്ഥശാല

(h) ഏതു വർഷമാണ് ലൈബ്രറി കൗൺസിൽ നിലവിൽ വന്നത്?

1. 1990 2. 1997
3. 1994 4. 1995

(i) ലൈബ്രറി കൗൺസിലിന്റെ ആദ്യ സെക്രട്ടറിയായി നിയമിതനായത്

1. മണലിൽ ജി നാരായണപിള്ള 2. തകഴി
3. കേശവദേവ് 4. വൈക്കം മുഹമ്മദു ബഷീർ

(j) ഒന്നാം മലബാർ വായനശാലാ സംഘത്തിന് അധ്യക്ഷത വഹിച്ചത്

1. കെ. കേളപ്പൻ 2. കെ. ദാമോദരൻ
3. കടമ്മനിട്ട രാമകൃഷ്ണൻ 4. പൊൻകുന്നം വർക്കി

(k) പി. എൻ. പണിക്കർ സെക്രട്ടറി സ്ഥാനം വഹിച്ച ഗ്രന്ഥശാലയുടെ പേര്

1. മഹാത്മ ഗ്രന്ഥശാല 2.വിദ്യാവിനോദിനി ഗ്രന്ഥശാല
3. പി. കെ. മെമ്മോറിയൽ ഗ്രന്ഥശാല 4. ജ്ഞാനപ്രദായിനി ഗ്രന്ഥശാല

**2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ എടുത്ത് എഴുതുക ഓരോന്നിനും ഒരു മാർക്ക് വീതം** **(8 x 1 = 8)**

(a) സിംഹം എന്ന പദത്തിന്റെ എതിർലിംഗം ഏതാണ്?

i. സിംഹി ii. സിംഹനിനി
iii. സിംഹത്തി iv. സിംഹനി

(b) 'ആമ്പൽ എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ്

i. മോദം ii. കവുങ്ങ് iii. കനവ് iv. കുമുദം

(c) വികലം എന്ന പദത്തിന്റെ വിപരീതം ഏത്?

i. അകലം　　ii. കാലം

iii. അവികലം　　iv. വിവികലം

(d) 'പരിണാമം - പരിമാണം' എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?

i. മാറ്റം - അളവ്　　ii. കാലം - യാത്ര

iii. തുടർച്ച - വഴി　　iv. അനക്കം - അർത്ഥം

(e) പൂരിതാഭ എന്ന സമസ്തപദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത്

i. പൂരിതമായ ആഭ　　ii. പൂരിതത്തിന്റെ ആഭ

iii. പൂരമായ അഭ　　iv. പൂരിതമാകുന്ന ആഭ

(f) താഴെ തന്നിരിക്കുന്നവയിൽ 'മതി' എന്ന പദത്തിന്റെ നാനാർത്ഥമായി വരുന്ന പദം ഏത്?

i. നക്ഷത്രം　　ii. എണ്ണ

iii. നികുതി　　iv. ചന്ദ്രൻ

(g) 'ഒരിക്കലും നശിക്കാത്ത ലോകം' എന്നതിന്റെ ഒറ്റപ്പദം തന്നിരിക്കുന്നവയിൽ ഏതാണ്?

i. അക്ഷയലോകം　　ii. അമൂല്യലോകം

iii. ആയുർലോകം　　iv. യമലോകം

(h) താഴെ തന്നിരിക്കുന്നവയിൽ 'സത്വരം' എന്ന പദത്തിന്റെ അർത്ഥം ഏത്?

i. രോഗം　　ii. കാഴ്ച

iii. ശബ്ദം　　iv. പെട്ടെന്ന്

(i) തന്നിരിക്കുന്നവയിൽ ശരിയായ പിരിച്ചെഴുത്ത് ------- ആണ്.

i. സത് + ജനം　　ii. സജ് + ജനം

iii. സൻ + ജനം　　iv. സദ + ജനം

(j) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

i. ഭാഗീരതീകച്ഛം　　ii. ഭാഗീരധീകച്ചം

iii. ഭാഗീരദീകച്ഛം　　iv. ഭാഗീരഥീകച്ഛം

3. **ഏതെങ്കിലും നാലെണ്ണത്തിനു മാത്രം ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക (ഓരോന്നിനും ഒരു മാർക്ക് വീതം)** **(4 x 2 = 8)**

(a) 'പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ'

i. **'**പരിഷ്കാരത്തിൻ തിണ്ണയിൽ ഉള്ളവർ' എന്നതിന്റെ അർത്ഥസൂചന എന്ത്?

1. ഉപഭോഗസംസ്കാരത്തിന് അടിപ്പെട്ട പുതുതലമുറ
2. മഹാബലിയെ സ്വീകരിക്കാൻ ഒരുങ്ങുന്ന പഴയ തലമുറ
3. ചാനലുകൾ ഓണത്തിനു നൽകുന്ന സവിശേഷഭാവം
4. പരിഷ്കാരമെത്തിയിട്ടും തിണ്ണയിൽ ഇരിക്കുന്നവർ

ii. പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ പഴിക്കുന്നത് ഏതു കാര്യത്തെക്കുറിച്ചാണ്?

1. പായും കുടയും നെയ്യുന്നതിനെക്കുറിച്ച്
2. ഗ്രാമപ്പെൺകൊടിമാരുടെ നൃത്തത്തെക്കുറിച്ച്
3. പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു പാട്ടിനെക്കുറിച്ച്
4. മുത്തുക്കുടയെക്കുറിച്ച്

(b) 'ഭാവശാലികൾ പിരിഞ്ഞുകൂടിയാ -
ലീവിധം വികലമാം സുഖോദയം' -

i. സുഖോദയം വികലമായതെങ്ങനെ?

1. സ്നേഹമുള്ളവർ പിരിഞ്ഞശേഷം വീണ്ടും കണ്ടു മുട്ടിയതിനാൽ
2. സന്യാസിയായ ദിവാകരനെ കണ്ടത്
3. ദിവാകരൻ ഒന്നും മിണ്ടാത്തത്
4. ജീവിതത്തിലെ ദുരിതങ്ങൾ കാരണം

ii. കുമാരനാശാൻ രചിച്ച ഖണ്ഡകാവ്യം

1. വനമാല
2. കരുണ
3. വിചിത്രവിജയം
4. പുഷ്പവാടി

(c) **'**മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ'

i. മോഹം തോന്നി ലോകം ദഹിപ്പിപ്പാൻ കാരണമെന്ത്?

1. ദേഹി നിമിത്തം
2. ദേഹാഭിമാനം നിമിത്തം
3. ആത്മബോധം നിമിത്തം
4. വികാരങ്ങളിലടിമപ്പെട്ടതിനാൽ

ii. മാനസതാരിൽ ഇങ്ങനെ നിരൂപിക്കാൻ കാരണം.

1. ഏകാന്തചേതസാൽ
2. ധർമ്മക്ഷയത്താൽ
3. ജ്ഞാനമില്ലായ്കയാൽ
4. സംസാരബന്ധനത്താൽ

(d) 'എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ. ഒക്കെ നിങ്ങള് എഴുതി വയ്ക്കണം.'

i. സൂചനയെന്ത്?

1. ചാക്കുണ്ണി പുസ്തകത്തിൽ എഴുതിയ കണക്കുകൾ തെറ്റിയിരുന്നു.
2. ജീവിതവുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ കണക്കു കൂട്ടൽ തെറ്റിപ്പോയിരുന്നു.
3. ചാക്കുണ്ണിയുടെ കണക്കുപുസ്തകം കാണാനില്ലായിരുന്നു.
4. കടം വാങ്ങിയവരുടെ വിവരങ്ങൾ വൈകിയാണു ലഭിച്ചത്.

ii. ചാക്കുണ്ണി റേഡിയോ പണയം വച്ചത് എന്തിനായിരുന്നു?

1. ഇളയ കുട്ടിയുടെ ചികിത്സയ്ക്ക് പണം കണ്ടെത്താൻ
2. തയ്യൽക്കട വിപുലീകരിക്കാൻ
3. ബാങ്കിലെ കടം തീർക്കാൻ
4. വീട്ടുസാധനങ്ങൾ വാങ്ങാൻ

(e) 'ഞാൻ എനിക്കു വേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്.'

i. ആരുടെ വാക്കുകൾ?

1. കൃപർ
2. യുധിഷ്ഠിരൻ
3. അർജ്ജുനൻ
4. ദുര്യോധനൻ

ii. സമന്തപഞ്ചകത്തിൽക്കിടന്നു മരിക്കുകയാൽ

1. ചെയ്ത തെറ്റുകൾ മാഞ്ഞുപോകും
2. ശാശ്വതലോകങ്ങൾ നേടും
3. ദുരിതവേദന കുറയും
4. ശാന്തമായി ഉറങ്ങാം

(f) ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി: 'അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ'

i. ആരുടെ വാക്കുകൾ?

1. പാറാവുകാരൻ
2. ചാക്കുണ്ണി
3. ചാക്കോരുമാപ്പിള
4. കണ്ടുണ്ണി

ii. ഒ. വി. വിജയൻ രചിച്ച കഥാസമാഹാരം

1. തലമുറകൾ
2 . മധുരം ഗായതി
3 . ഘോഷയാത്രയിൽ തനിയെ
4 . ബാലബോധിനി

**4. ഏതെങ്കിലും നാലെണ്ണത്തിനു മാത്രം ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക (ഓരോന്നിനും ഒരു മാർക്ക് വീതം) (4 x 4 = 16)**

**(a)** "ആ പാപിയായ ദ്രൗണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ, ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ്."

(i) ആരുടെ വാക്കുകൾ?

1. യുധിഷ്ഠിരൻ 2. അർജ്ജുനൻ
3. ദ്രൗപദി 4. കൃഷ്ണൻ

(ii) ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത്?

1. തൻെറ അച്ഛനും സഹോദരന്മാരും മക്കളുമെല്ലാം ദ്രൗണിയാൽ കൊല്ലപ്പെട്ടപ്പോൾ.
2. ബ്രഹ്മതേജോമയമായ അസ്ത്രം ദ്രൗണി പാണ്ഡവഗർഭത്തിലേക്കയച്ചപ്പോൾ.
3. മഹാഭാരതയുദ്ധം പരിസമാപ്തമായപ്പോൾ.
4. ദ്രൗണി കാടുകേറിയപ്പോൾ.

(iii) ഇവിടെ 'പ്രായോപവേശം' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

1. ആഹാരം ഉപേക്ഷിച്ച് മരിക്കുക.
2. നാടു വിടുക.
3. കൊല്ലാൻ തീരുമാനിക്കുക.
4. തീയിൽ ചാടുക.

(iv) ഈ വാക്കുകൾ കേട്ട് ദ്രൗണിയെ കൊല്ലാൻ തയ്യാറെടുക്കുന്നതാര്?

1. കൃഷ്ണൻ.
2. യുധിഷ്ഠിരൻ.
3. അർജ്ജുനൻ.
4. ഭീമൻ.

**(b)** “സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചു മാറ്റുന്നതു പോലെ അയാൾക്കു തോന്നി”

(i) എപ്പോഴാണ് ഇങ്ങനെ തോന്നുന്നത്?

1. മകന്റെ വധശിക്ഷ നടന്നപ്പോൾ.
2. റേഡിയോ പണയം വച്ചപ്പോൾ.
3. ദുര്യോധനൻ മരണപ്പെട്ടപ്പോൾ.
4. കടം വാങ്ങിയവർ തിരിച്ചു തരാൻ വൈകിയപ്പോൾ

(ii) ആർക്കാണ് ഇങ്ങനെ തോന്നുന്നത്?

1. ചാക്കുണ്ണിയ്ക്ക്.
2. വെള്ളായിയപ്പന്.
3. അശ്വത്ഥാമാവിന്.
4. ചെമ്പുമത്തായിക്ക്.

(iii) പണയം എന്ന രചനയിൽ പണത്തിനു മാത്രം മൂല്യം കല്പിക്കുന്ന വ്യക്തി

1. ചാക്കുണ്ണി
2. ചെമ്പുമത്തായി
3. സുകുമാരൻ
4. വെള്ളായിയപ്പൻ

(iv) ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്ന രചനയിൽ നിന്നെടുത്തിട്ടുള്ള വാക്കുകളാണിത്?

1. നോവൽ
2. ചെറുകഥ
3. ലേഖനം
4. വിമർശനം

(c) ‘വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി.’

(i) അപരിചിതമായി തോന്നിയതെന്ത്?

1. കുടിയിരിപ്പുകൾ വിട്ടത്
2. നെടുവരമ്പ് കടന്നത്
3. പുഴയിലേക്ക് ഇറങ്ങിയത്
4. കരിമ്പനപ്പട്ടകളിൽ കാറ്റിരമ്പുന്നത്

(ii) തീവണ്ടിയാപ്പീസിലേക്കുള്ള യാത്രാമദ്ധ്യേ വെള്ളായിയപ്പൻ ആദ്യമായി കണ്ടത്

1. കുട്ട്യസ്സൻ മാപ്പിള
2. നീലിമണ്ണാത്തി
3. പാറാവുകാരൻ
4. കാരണവർ

(iii) വെള്ളായിയപ്പൻ യാത്രപുറപ്പെട്ടത്

1. പാഴുതറയിലേ യ്ക്ക്
2. ആലപ്പുഴയ്ക്ക്
3. തിരുവനന്തപുരത്തേയ്ക്ക്
4. കണ്ണൂർക്ക്

(iv) ചവിട്ടടിപ്പാതയെ എന്തിനോട് താരതമ്യപ്പെടുത്തിയിരിക്കുന്നു?

1. പുഴയുടെ നൊമ്പരമായി
2. സ്നേഹക്കണ്ണീരായി
3. നഷ്ടക്കനവുകളായി
4. ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി

(d) സീറ്റിലുണ്ടമ്മ വലത്തോട്ടു പൂർണ്ണമായ്
ചാഞ്ഞ്, മടങ്ങി മയങ്ങിക്കിടക്കുന്നു.

(i) വരികളിലെ സൂചനയെന്ത്

1. അമ്മ ക്ഷീണിച്ച് ഉറങ്ങിയത്
2. തണുപ്പ് സഹിക്കാൻ കഴിയാത്ത അവസ്ഥ
3. അമ്മയുടെ മരണം
4. ആരോഗ്യപ്രശ്നങ്ങൾ

(ii) 'പാടയും പീളയും മൂടിയ കണ്ണുകൾ' ഈ വരികളിൽ സൂചിപ്പിക്കുന്ന അവസ്ഥ

1. വാർദ്ധക്യം, രോഗം
2. യാത്രാക്ഷീണം
3. പനി പിടിച്ച് ആശുപത്രിയിൽ പോയത്
4. കാറിൽ കയറാൻ കഴിയാത്തത്

(iii) തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു
ഇവിടെ ഇറക്കിവയ്ക്കുക എന്ന പ്രയോഗം ശ്രദ്ധേയമാണ്. എന്താണ് ഇവിടെ ഇറക്കി വയ്ക്കുന്നത്.

1. വാർദ്ധക്യം ബാധിച്ച അമ്മയെ
2. കാറിന്റെ ടയർ
3. കുഞ്ഞുങ്ങളെ
4. കടയിൽനിന്നു വാങ്ങിയ സാധനങ്ങളെ

(iv) 'തോരാമഴ' ആരുടെ തൂലികയിൽ പിറവിയെടുത്ത കവിതയാണ്?

1. പി. പി. രാമചന്ദ്രൻ
2. കടമ്മനിട്ട
3. റഫീക്ക് അഹമ്മദ്
4. കുമാരനാശാൻ

(e) "കൊച്ചുകിനാവുകൾ തേടിയലഞ്ഞു
മലർക്കളമെഴുതിക്കാത്തോരരചനെ"

(i) ഈ വരികളിലെ അരചൻ ആരാണ് ?

1. മഹാബലി.
2. കവി.
3. വീണപ്പെണ്ണ്.
4. ഓണക്കോടിയുടുത്ത ഉഷസ്സ്.

(ii) അരചനെ എവിടെയാണ് ഇരുത്തേണ്ടത് ?

1. മലർക്കളത്തിൽ.
2. മലയാളത്തറവാട്ടിന്നങ്കണത്തിൽ.
3. മലയാളത്തറവാട്ടിന്നങ്കണ മണിപീഠത്തിൽ.
4. വെൺമണലിൽ

(iii) അരചൻ തേടിയലഞ്ഞത്

1. കൊച്ചുകിനാവുകൾ
2. തുമ്പകൾ
3. നറുമുക്കുറ്റികൾ
4. പാട്ടുകൾ

(iv) അരചൻെറ കാലുകൾ കഴുകുന്നത്

1. പനിനീരാൽ
2. കണ്ണീരാൽ
3. സ്നേഹത്താൽ
4. ശുദ്ധജലത്താൽ

## SECTION-B/ബി. വിഭാഗം

**5.(a) പ്രയോഗം മാറ്റുക** **(2 x 1 = 2)**

(i) പിൻവശത്ത് ഒരു കുട്ടിയുടെ പടമുള്ള മർഫി റേഡിയോ അയാൾ വാങ്ങി.

(ii) അവ അയാളാൽ നന്നേ പണിപ്പെട്ട് ആട്ടിയകറ്റപ്പെടുന്നുണ്ട്.

**(b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക** **(2 x 1 = 2)**

(i) അവരുടെ ചോര തെറിച്ച് അയാൾ കൂടുതൽ ഭയങ്കരനായി.

(ii) അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന സ്വന്തം അപ്പനെ ഓർത്തു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2 x 1 = 2)**

(i) പാറാവുകാരൻ കടലാസിലെ വിവരങ്ങൾ വീണ്ടും ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചു.

(ii) ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും ശ്രീയോടും ഐശ്വര്യത്തോടും കൂടിയിരിക്കുന്ന ഒരുവനോടാണ് ഒരാളിതു ചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു.

**(d) അർഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **(2 x 1 = 2)**

(i) പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

(ii) കടം വാങ്ങുന്ന ഏർപ്പാടുകൾക്കൊക്കെ പരിമിതിയുണ്ടായിരുന്നു.

**(e) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക് തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **(2 x 1 = 2)**

(i) അലങ്കോലമാകുക (ii) ഗുണദോഷിക്കുക (iii) പാലിയ്ക്കപ്പെടുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിന്നും അഞ്ചു മാർക്കു വീതം.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 5

(i) നവമാധ്യമങ്ങളും യുവതലമുറയും

(ii) യുദ്ധവും മാനവരാശിയും

(b) നിങ്ങളുടെ പ്രദേശത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും അപകടങ്ങൾ കുറയ്ക്കാൻ സത്വര നടപടികൾ ആവശ്യപ്പെട്ടുകൊണ്ടും ജില്ലാ കളക്ടർക്ക് ഒരു കത്തു തയ്യാറാക്കുക. 5

(c) ആരോഗ്യമേഖലയിൽ കേരളം നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു പത്രവാർത്ത തയ്യാറാക്കുക. 5

**7. താഴെ ക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശ മനുസരിച്ച് ഉത്തരമെഴുതുക. ഓരോന്നിന്നും മൂന്നു മാർക്കു വീതം.**

**(a) ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക. (1 x 3 = 3)**

(i) കടൽത്തീരത്ത് കഥയിലെ വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിൻെറ പ്രത്യേകതകൾ വിശദമാക്കുക.

(ii) അശ്വത്ഥാമാവിനെ ചിരഞ്ജീവിയാക്കിയതിനു പിന്നിലെ അർത്ഥമെന്ത്?

**(b) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക. (2 x 3 = 6)**

(i) 'ചക്ഷു:ശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവുമാലോലചേതസാ ഭോഗങ്ങൾ തേടുന്നു.'
കാലാഹി എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?

(ii) പെറ്റു കിടക്കും തെരുവുപട്ടിക്കൊന്തൊ-
രൂറ്റം, കുരച്ചതുചാടിക്കുതിക്കുന്നു.'
കാവ്യസന്ദർഭത്തിന് ഈ വരികൾ എങ്ങനെ മാറ്റു കൂട്ടുന്നു?

(iii) അന്യജീവനുതകി സ്വജീവിതം
ധാന്യമാക്കുമമലേ വിവേകികൾ - ആശയം വിശദമാക്കുക.

**(c) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക. (2 x 3 = 6)**

(i) ചട്ടമ്പിസ്വാമികളുടെ ശിഷ്യൻമാരെയും അനുയായികളെയും കുറിച്ചെഴുതുക

(ii) 'വിജ്ഞാനദാഹിയായ വിപ്ലവകാരി'യാണു ചട്ടമ്പിസ്വാമികൾ സമർത്ഥിക്കുക.

(iii) 'ലോകത്തിൽ മഹത്തും ബൃഹത്തുമായ പലതിന്റെയും തുടക്കം എത്രയോ ലഘുവാണ്' . ഈ പ്രസ്താവനയുടെ പ്രാധാന്യം ചട്ടമ്പിസ്വാമികളുടെ ജീവിതത്തെ ആസ്പദമാക്കി വിശദമാക്കുക

# COMMON PRE-BOARD EXAMINATION :2022-23
## Class-X Subject: MALAYALAM - 012

Date: ..../.../2023

Time allowed: 3 hrs
അനുവദിച്ച സമയം: 3 മണിക്കൂർ

M.Marks: 80
ആകെ മാർക്ക്: 80

# MARKING SCHEME

SECTION-A/ എ. വിഭാഗം

അവധാരണം ഗദ്യം:- ശരിയുത്തരങ്ങൾ
(ഏതെങ്കിലും എട്ടെണ്ണം മതി **(8 x 1 = 8)**

(a) 1. ഗ്രന്ഥവിഹാരം
(b) 3. അമ്പലപ്പുഴ
(c) 4. കടമ്മനിട്ട രാമകൃഷ്ണൻ
(d) 2. സുഗുണപോഷിണി
(e) 1. കേരള ഗ്രന്ഥശാലാ സംഘം
(f) 3. 1945
(g) 1. തിരുവനന്തപുരം പബ്ലിക് ലൈബ്രറി
(h) 3. 1994
(i) 1. മണലിൽ ജി നാരായണപിള്ള
(j) 1. കെ. കേളപ്പൻ
(k) 3. പി. കെ. മെമ്മോറിയൽ ഗ്രന്ഥശാല

**2.** ശരിയുത്തരങ്ങൾ ഏതെങ്കിലും എട്ടെണ്ണം മതി **(8 x 1 = 8)**

(a) i. സിംഹി
(b) iv. കുമുദം
(c) iii. അവികലം
(d) i. മാറ്റം - അളവ്
(e) i. പൂരിതമായ ആഭ
(f) iv. ചന്ദ്രൻ
(g) i. അക്ഷയലോകം
(h) iv. പെട്ടെന്ന്
(i) i. സത് + ജനം
(j) iv. ഭാഗീരഥീകച്ഛം

3. ശരിയുത്തരങ്ങൾ ഏതെങ്കിലും നാലെണ്ണം മതി
**(ഓരോന്നിനും ഒരു മാർക്ക് വീതം)** **(4 x 2 = 8)**

(a) i. 1. ഉപഭോഗസംസ്കാരത്തിന് അടിപ്പെട്ട പുതുതലമുറ
ii. 3. പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു പാട്ടിനെക്കുറിച്ച്

(b) i.1. സ്നേഹമുള്ളവർ പിരിഞ്ഞശേഷം വീണ്ടും കണ്ടു മുട്ടിയതിനാൽ
ii.2. കരുണ

(c) i. 2. ദേഹാഭിമാനം നിമിത്തം
ii. 3. ജ്ഞാനമില്ലായ്കയാൽ

(d) i.2. ജീവിതവുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ കണക്കു കൂട്ടൽ തെറ്റിപ്പോയിരുന്നു.
ii. 1. ഇളയ കുട്ടിയുടെ ചികിത്സയ്ക്ക് പണം കണ്ടെത്താൻ

(e) i. 4. ദുര്യോധനൻ
ii. 2. ശാശ്വതലോകങ്ങൾ നേടും

(f) i. 4. കണ്ടുണ്ണി
ii. 4. ബാലബോധിനി

**4. ഏതെങ്കിലും നാലെണ്ണം മാത്രം മതി (ഓരോന്നിനും ഒരു മാർക്ക് വീതം)**

**(4 x 4 = 16)**

**(a)** "ആ പാപിയായ ദ്രൗണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ, ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ്."

(i) 3. ദ്രൗപദി

(ii) 1. തന്റെ അച്ഛനും സഹോദരന്മാരും മക്കളുമെല്ലാം ദ്രൗണിയാൽ കൊല്ലപ്പെട്ടപ്പോൾ.

(iii) 1. ആഹാരം ഉപേക്ഷിച്ച് മരിക്കുക.

(iv) 4. ഭീമൻ.

**(b)**(i) 2. റേഡിയോ പണയം വച്ചപ്പോൾ.

(ii) 1. ചാക്കുണ്ണിയ്ക്ക്.

(iii) 1. ചാക്കുണ്ണി

(iv) 2. ചെറുകഥ

(c)(i) 4. കരിമ്പനപ്പട്ടകളിൽ കാറ്റിരമ്പുന്നത്

(ii) 1. കുട്ട്യസ്സൻ മാപ്പിള

(iii) 4. കണ്ണൂർക്ക്

(iv) 4. ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി

(d)(i) 3. അമ്മയുടെ മരണം

(ii) 1. വാർദ്ധക്യം, രോഗം

(iii) 1. വാർദ്ധക്യം ബാധിച്ച അമ്മയെ

(iv) 3. റഫീക്ക് അഹമ്മദ്

(e)(i) 1. മഹാബലി.

(ii) 3. മലയാളത്തറവാട്ടിന്നങ്കണ മണിപീഠത്തിൽ.

(iii) 1. കൊച്ചുകിനാവുകൾ

(iv) 1. പനിനീരാൽ

## SECTION-B/ബി. വിഭാഗം

**5.(a) പ്രയോഗം മാറ്റുക** **(2 x 1 = 2)**

(i) പിൻവശത്ത് ഒരു കുട്ടിയുടെ പടമുള്ള മർഫി റേഡിയോ അയാളാൽ വാങ്ങപ്പെട്ടു.

(ii) അയാൾ അവയെ നന്നേ പണിപ്പെട്ട് ആട്ടിയകറ്റുന്നുണ്ട്.

**(b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക** **(2 x 1 = 2)**

(i) **അംഗവാക്യം:** അവരുടെ ചോര തെറിച്ച്
**അംഗിവാക്യം:** അയാൾ കൂടുതൽ ഭയങ്കരനായി.

(ii) **അംഗവാക്യം:** അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന
**അംഗിവാക്യം:** സ്വന്തം അപ്പനെ ഓർത്തു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2 x 1 = 2)**

(i) പാറാവുകാരൻ കടലാസിലെ വിവരങ്ങൾ ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചു.
(വീണ്ടും/ഒരിക്കൽക്കൂടി – ഏതെങ്കിലും ഒന്നുമതി)

(ii) ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും ശ്രീയോടും കൂടിയിരിക്കുന്ന ഒരുവാനോടാണ് ഒരാളിതു ചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു.
(പ്രതാപത്തോടും ശ്രീയോടും – ഏതെങ്കിലും ഒന്നുമതി)

**(d) അർത്ഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **(2 x 1 = 2)**

(i) പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകാതിരിക്കുന്നില്ല.

(ii) കടം വാങ്ങുന്ന ഏർപ്പാടുകൾക്കൊക്കെ പരിമിതിയില്ലാതിരുന്നില്ല.

**(e) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക് തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **(2 x 1 = 2)**

(i) അലങ്കോലമാകുക (ii) ഗുണദോഷിക്കുക (iii) പാലിയ്ക്കപ്പെടുക (ആശയം വ്യക്തമാക്കിയിട്ടുള്ള സ്വന്തമായി നിർമ്മിച്ച വാക്യത്തിന് മുഴുവൻ മാർക്കു കൊടുക്കാം. പാഠപുസ്തകത്തിലെ വാക്യം സ്വീകാര്യമല്ല)

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിന്നും അഞ്ചു മാർക്കു വീതം.**

(a) എതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 5

ഉപന്യാസമാതൃക 2 മാർക്ക്, അവതരണം 3 മാർക്ക്.

ആമുഖം, വിഷയം ഉൾക്കൊണ്ടുള്ള അവതരണം, ഉള്ളടക്കം, ആശയം, ഭാഷാശൈലി, അവതരണരീതി, ഖണ്ഡികാകരണം, ഉപസംഹാരം.

(i) നവമാധ്യമങ്ങളും യുവതലമുറയും

ശാസ്ത്ര സാങ്കേതിക മേഖലയുടെ വികാസം വാർത്താവിനിമയ മേഖലയിൽ അപാര സാധ്യത - നവ മാധ്യമങ്ങളുടെ രൂപീകരണം - ലോകത്തിന്റെ ഏത് ഭാഗത്തിരിക്കുന്ന മനുഷ്യരുമായി സൗഹാർദ്ദം സ്ഥാപിക്കാനും അവരുമായി ആശയവിനിമയം നടത്താനും അവസരം - മറ്റേതൊരു തലമുറയേക്കാളും അതിവേഗത്തിലുള്ള മാറ്റങ്ങൾക്കു വിധേയരാണ് ഇന്നത്തെ യുവതലമുറ. സാങ്കേതികവിദ്യാരംഗത്തും ഡിജിറ്റൽ രംഗത്തും ഉണ്ടായ മാറ്റങ്ങൾ - വർത്തമാനകാലത്ത് ഫേയ്സ്ബുക്കും വാട്ട്സ്അപ്പും നമ്മുടെ ജീവിതത്തിൽ - യാത്ര ചെയ്യുമ്പോൾ മുൻകാലങ്ങളിൽ പുസ്തക വായനയിൽ മുഴുകിയവർ ഏറെയുണ്ടായിരുന്നു - ഇന്ന് അത് നവമാധ്യമങ്ങളിൽ മുഖംപൂഴ്ത്തി - സർക്കാർ തന്നെ ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചു - നവമാധ്യമങ്ങളിൽ ഇടപെടുന്നവർക്ക് അവരുടേതായ കാഴ്ചപ്പാടുകൾ - പരസ്പരം അറിയാനും മനസ്സിലാക്കാനും കാര്യങ്ങൾ പങ്കുവയ്ക്കാനും ഉള്ള അനന്ത സാധ്യത - ഫേയ്സ്ബുക്കിലെ പോസ്റ്റുകൾ - ലഹരിവസ്തുക്കളുടെ പരസ്യങ്ങൾ - അവ പിന്തുടരുകയും അതിൽ മുഴുകുകയും ചെയ്യുന്ന യുവാക്കൾ - മോശം ശീലങ്ങൾ - മാധ്യമങ്ങൾ അവതരിപ്പിക്കുന്ന കാഴ്ചകൾ യുവാക്കളുടെ മനസ്സിനെ കൈകാര്യം ചെയ്യാനും തെറ്റായ ദിശയിലേക്ക് നയിക്കാനും വലിയ കഴിവുണ്ട്- ജനസംഖ്യയുടെ മൂന്നിലൊന്നോളം വരുന്ന ഈ 40 കോടി യുവാക്കൾ എന്തിനെല്ലാമാണ് സാങ്കേതികവിദ്യയേയും സാമൂഹ്യ മാധ്യമങ്ങളേയും പ്രയോജനപ്പെടുത്തുന്നത് - പുതു തലമുറയുടെ സാമ്പത്തിക ഭാവി നിർണയിക്കുന്നതിൽ സാമൂഹ്യ മാധ്യമങ്ങൾ - ഓൺലൈൻ സോഷ്യൽ നെറ്റ്വർക്കിംഗ് -സ്മാർട്ട്ഫോണുകൾ ഉപയോഗിച്ച് വീട്ടിൽ ഒതുക്കി- അവർക്ക് പുറം ലോകവുമായുള്ള ബന്ധം നഷ്ടപ്പെട്ടു - ഇത് മുഖാമുഖം ആശയവിനിമയം ഗണ്യമായി കുറയാനും സംസാരിക്കുന്ന തലത്തിൽ മറ്റുള്ളവരുമായി ആശയവിനിമയം നടത്താനുള്ള കഴിവ് കുറയ്ക്കാനും കാരണമായി. നമ്മുടെ മുമ്പിലുള്ള എല്ലാ

സാധ്യതകളെയും ചുറ്റുപാടിന്റെയും മനുഷ്യരുടെയും മുന്നോട്ടുപോക്കിന് ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. നവമാധ്യമങ്ങളെ ഊഷ്മള സൗഹൃദങ്ങളുടെയും ജനാധിപത്യപരമായ ആശയസംവാദങ്ങളുടെയും വേദിയായി ക്രിയാത്മകമായി തീർക്കാനാവണം - നമ്മളെല്ലാം കൂടുതൽ ക്രിയാത്മകമായി ഇടപെടാനും ആത്മപരിശോധന നടത്തി ആരോഗ്യകരമായ സൗഹൃദങ്ങളിലൂടെ നീങ്ങാനും കഴിയണം.

(ii) യുദ്ധവും മാനവരാശിയും

രണ്ടോ അതിലധികമോ രാജ്യങ്ങൾ തമ്മിലുള്ള തർക്കം - യുദ്ധം എന്നു വിവക്ഷ - രാജ്യതാത്പര്യങ്ങൾ - ഓരോ യുദ്ധവും മനുഷ്യ ജീവൻ നഷ്ടപ്പെടുത്തുന്നു - നഷ്ടങ്ങൾ മാത്രം ബാക്കി – ഇനിയൊരു യുദ്ധമുണ്ടായൽ - പുരുഷന്മാരുടെ മരണം – അനാഥത്വം – യുദ്ധത്തിന്റെ അനന്തര ഫലങ്ങൾ - മാനവശക്തി (productive human force) നഷ്ടം – ദാരിദ്ര്യം – പകർച്ച രോഗങ്ങൾ - മനുഷ്യസമൂഹം നേരിടുന്ന വലിയ അപകടം – യുദ്ധം – യുദ്ധക്കൊതി – ഭരണാധികാരികൾ - താത്പര്യങ്ങൾ - സമാധാനം – സാമ്പത്തികവളർച്ച – മുന്നേറ്റം -യൂദ്ധ മില്ലാത്ത ലോകം.

(b) നിങ്ങളുടെ പ്രദേശത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും അപകടങ്ങൾ കുറയ്ക്കാൻ സത്വര നടപടികൾ ആവശ്യപ്പെട്ടുകൊണ്ടും ജില്ലാ കളക്ടർക്ക് ഒരു കത്തു തയ്യാറാക്കുക. 5

കത്ത്:- രൂപഘടന

പ്രേഷകൻ/പ്രേഷിത

മേൽവിലാസം.

സ്വീകർത്താവ് / ഗ്രാഹകൻ

മേൽവിലാസം 2 മാർക്ക്

(മേൽവിലാസം എന്നുമാത്രം എഴുതുന്നതിനുപകരം മേൽവിലാസഘടകങ്ങളായ പേര്,വീട്ടുപേര്/ഓഫീസിന്റെപേര്,സ്ഥലം,പോസ്റ്റ് ഓഫീസ്,പിൻകോഡ് എന്നിവ എഴുതണം.)

അഭിസംബോധന, വിഷയസൂചനകൾ,

കത്തിന്റെ ശരീരം 3 മാർക്ക്

ആമുഖം -ഉള്ളടക്കം- (ഖണ്ഡികതിരിച്ച്-വിഷയത്തിൽ ഒതുങ്ങുന്നതും സമഗ്രവും ആവശ്യങ്ങൾ സമർത്ഥിക്കപ്പെടുന്നതുമായിരിക്കണം വാഹനങ്ങളുടെ മത്സരയോട്ടത്തിന്റെയും ബൈക്ക് റേസിന്റെയും ലഭ്യമായ കണക്കുകളും വിശദമായ വിവരങ്ങളും ദൂഷ്യഫലങ്ങളും വ്യക്തമാക്കിയിരിക്കണം.)

ഉപചാരവാക്ക്-ഒപ്പ്,പേര് ഇവ ഇടതുവശത്തോ വലതുവശത്തോ വരാം. തീയതി ഇടതുവശത്തു താഴെയോ പ്രേഷകനും ഗ്രാഹകനും ഇടയിലോ എഴുതാം.

(c) ആരോഗ്യമേഖലയിൽ കേരളം നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു പത്രവാർത്ത തയ്യാറാക്കുക. 5

രൂപഘടന 2 മാർക്ക്. വാർത്തയുടെ അവതരണം 3 മാർക്ക്

വായനക്കാരനെ വാർത്തയുടെ ഹൃദയത്തിലേക്കെത്തിക്കുന്നതും ആകർഷകവും ആയ ശീർഷകം.

സ്വന്തം ലേഖകൻ/പ്രത്യേക ലേഖകൻ.

സ്ഥലം.(സംഭവം നടന്നസ്ഥലം).-സ്ഥലം എന്നുമാത്രമെഴുതിയാലും മാർക്കു നൽകണം.

ഖണ്ഡികാകരണം.

ആമുഖം. വാർത്തയിലേക്ക് നയിക്കാൻ സഹായിക്കുന്ന വാർത്തയുടെ ഒരു സംഗ്രഹരൂപം ഒന്നോരണ്ടോ വാചകത്തിൽ.

വാർത്തയുടെ വിശദീകരണം:- സംഭവിച്ചതെന്ത്? എവിടെ? എപ്പോൾ? എങ്ങനെ? ആരെല്ലാമാണ് ഉൾപ്പെട്ടത്? കാര്യകാരണങ്ങളും വിശദാംശങ്ങളും

ഉപസംഹാരം.

( ഭാഷാശുദ്ധി,അക്ഷരശുദ്ധി ,സംഭവം റിപ്പോർട്ട് ചെയ്യുന്നതിനുപയോഗിച്ച പത്രഭാഷ.)

അനുയോജ്യമായ ശീർഷകം

**7 താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശ മനുസരിച്ച് ഉത്തരമെഴുതുക. ഓരോന്നിന്നും മൂന്നു മാർക്കു വീതം.**

**(a) ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക. (1 x 3 = 3)**

(i) കടൽത്തീരത്ത് കഥയിലെ വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക.

ആമുഖം

യാത്രയുടെയും വേർപാടിൻെറയും സാന്ദ്രമായ ദു:ഖത്തിൻെറയും കഥയാണ് ഒ.വി. വിജയൻെറ 'കടൽത്തീരത്ത്'. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മകനെ ഒരു നോക്കു കാണാൻ ഇറങ്ങിത്തിരിച്ച 'വെള്ളായിയപ്പൻ' ഒ.വി. വിജയൻ എന്ന ഇതിഹാസകാരൻെറ തൂലികയിൽ നിന്നും പിറവിയെടുത്ത കഥാപാത്രമാണ്.

മകനെക്കാണാൻ പോകുന്ന വെള്ളായിയപ്പൻെറ ദു:ഖത്തിൽ ഗ്രാമം മുഴുവൻ കൂട്ടനിലവിളിയോടെ ചേർന്നു. വെള്ളായിയപ്പൻെറ കോടച്ചി അയാൾക്കു കഴിക്കാൻ വേണ്ടി കൊടുത്തതാണു പൊതിച്ചോറ്. എന്നാൽ ആ അച്ഛനു അതു കഴിക്കാൻ

തോന്നിയില്ല. മകനെക്കുറിച്ചോർത്തു വേദനിക്കുന്ന അമ്മയുടെ കണ്ണീരുപ്പ് ആ ചോറുപൊതിയിലുണ്ട്. വെള്ളായിയപ്പനൊപ്പം വായനക്കാരൻെറ കണ്ണുകളും ഈറനണിഞ്ഞു പോകും. യാത്രയ്ക്കിടയിൽ വിശപ്പും ദാഹവും ഉണ്ടായിട്ടും വെള്ളായിയപ്പൻ പൊതിക്കെട്ടഴിക്കാൻ തയ്യാറാകുന്നില്ല. അത് പുളിച്ചു പോകുന്നു. പലരോടും ജയിലിലേക്കുള്ള വഴി ചോദിക്കുമ്പോൾ ദൂരയാത്ര ശീലമില്ലാത്ത ആ നിസ്സഹായനായ പിതാവ് പരിഹസിക്കപ്പെടുന്നു. ജയിലിലെ രീതികൾ അദ്ദേഹത്തിനറിയില്ല. ആത്മസംഘർഷത്തിൽ നിൽക്കുന്ന ആ പാവം അച്ഛനോട് പാറാവുകാരന് അലിവു തോന്നുന്നുണ്ട്. വെള്ളായിയപ്പനും മകനും തമ്മിൽ കാണുമ്പോൾ അവർ തമ്മിലുള്ള ദു:ഖസാന്ദ്രമായ സംഭാഷണങ്ങൾ രണ്ടേ രണ്ടു വാക്കുകളിൽ കഥാകൃത്ത് ധ്വനിപ്പിക്കുന്നുണ്ട്. നിർഭാഗ്യവാനായ ഒരച്ഛൻെറ ധർമ്മസങ്കടം. കണ്ടുണ്ണിയെ തടവറയിൽ നിന്നു രക്ഷിക്കാൻ കഴിയാത്ത വെള്ളായിയപ്പന് ഒരു പിടി ചോറുനൽകാനേ വഴിയുണ്ടായിരുന്നുള്ളൂ. എന്നാൽ അതിനുപോലും കഴിഞ്ഞില്ല. സ്വന്തം മകനുള്ള പൊതിച്ചോറു ബലിച്ചോറായി മാറുന്നു. ഇതു കഥയുടെ ഭാവതീവ്രതയെ വർദ്ധിപ്പിക്കുന്നു. ബലിച്ചോറായി കാക്കകൾക്കു മുന്നിലെത്തുന്ന 'പാഥേയം' നിസ്സഹായനായ ഒരു അച്ഛൻെറ നിലവിളിയായി മാറുന്നതാണ് കഥാവസാനത്തിൽ കാണാനാകുന്നത്.

(ii) അശ്വത്ഥാമാവിനെ ചിരഞ്ജീവിയാക്കിയതിനു പിന്നിലെ അർത്ഥമെന്ത്?

ആമുഖം

മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തി വയ്ക്കുന്ന ദുരിതത്തിൻെറ തീവ്രത കാണിച്ചു തരുന്ന കൃതിയാണ് കുട്ടികൃഷ്ണമാരാരുടെ 'ഭാരതപര്യടനം'. ഇതിൽ നിന്നുള്ള 'യുദ്ധത്തിൻെറ പരിണാമം' എന്ന പാഠഭാഗം ഓരോ യുദ്ധവും നമ്മെ സർവനാശത്തിലേക്കു നയിക്കുന്നുവെന്ന് ഓർമ്മിപ്പിക്കുന്നു.

ശപിക്കപ്പെട്ടവൻ എന്ന വാക്കിനു പൂർണമായ അർത്ഥത്തിൽ അർഹൻ അശ്വത്ഥാമാവു തന്നെയാണ്. മനുഷ്യമനസ്സിൽ കുടികൊള്ളുന്ന പകയുടെ പ്രതീകമായി കുട്ടികൃഷ്ണമാരാർ അശ്വത്ഥാമാവിനെ വിശേഷിപ്പിക്കുന്നു. അശ്വത്ഥാമാവെന്നാൽ 'പക'; ഈ അർത്ഥത്തിലാണ് 'അതിനെ' എന്നു വിശേഷിപ്പിക്കുന്നത്. 'അവനെ' എന്നത് അശ്വത്ഥാമാവിനെയാണ്. അശ്വത്ഥാമാവിനെപ്പോലെയുള്ള ആരെയും 'അവനെ' എന്നു പ്രയോഗിക്കാം. 'പക'യെന്നാൽ നാശമാണ്. പകയുടെ പ്രതിരൂപമാണ് അശ്വത്ഥാമാവ്. സ്നേഹംകൊണ്ട് ഒന്നായവർ പോലും പകയ്ക്ക് അടിപ്പെട്ടാൽ ഭീകരനാശമുണ്ടാകും. താൻനശിച്ചാലും വേണ്ടില്ല തൻെറ ശത്രു നശിക്കണമെന്ന ചിന്തയാണ് എല്ലാ യുദ്ധങ്ങൾക്കും കാരണം. അശ്വത്ഥാമാവിനെ–പകയെ–എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്നതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയാക്കിയതിന്നർത്ഥം.

**(b) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക. (2 x 3 = 6)**

(i) 'ചക്ഷു:ശ്രവണഗളസ്ഥമാം ദർദ്ദുരം ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ കാലാഹിനാ പരിഗ്രസ്തമാം ലോകവുമാലോലചേതസാ ഭോഗങ്ങൾ തേടുന്നു.'

കാലാഹി എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?

ആമുഖം

മലയാളസാഹിത്യത്തിലെ പ്രതിഭാധനനായ കവികുലഗുരുവാണ് എഴുത്തച്ഛൻ. മലയാളഭാഷയുടെ പിതാവും കിളിപ്പാട്ടുപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവുമായ എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ അയോദ്ധ്യാകാണ്ഡത്തിൽ നിന്നുള്ളതാണു കാവ്യഭാഗം.

പാമ്പിൻെറ വായിൽ ഇരയായി വീണ തവള മരണത്തോടടുക്കുമ്പോഴും ഭക്ഷണം തേടുന്നു. ഇത് കാലമാകുന്ന പാമ്പിൻെറ വായിൽ അകപ്പെട്ട് ഇല്ലാതാകാൻ പോകുന്ന ലോകം ചഞ്ചലമായ മനസ്സോടെ സുഖഭോഗങ്ങൾക്കു പിന്നാലെ പോകുന്നതുപോലെയാണ്. മരണം മുന്നിലുള്ളപ്പോഴും ജീവിതത്തോടുള്ള ആസക്തി അവസാനിക്കുന്നില്ല. പാമ്പിനെപ്പോലെ നീണ്ടുകിടക്കുന്ന കാലം 'കാലാഹി' എന്ന വാക്കിലൂടെ വ്യക്തമാകുന്നു. പാമ്പ് വളരെപ്പതുക്കെയാണ് തവളയെ വിഴുങ്ങുന്നത്. അതുകൊണ്ടു തന്നെ തവള അത് അറിയുന്നില്ല. കാലമാകുന്ന പാമ്പ് മനുഷ്യരെ വിഴുങ്ങിയിരിക്കുന്നു. കാലത്തിൻെറ പോക്കിനൊത്ത് ആയുസ്സ് അവസാനിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതം നശ്വരമാണെന്നറിയാതെയും ചഞ്ചലമനസ്സോടെയും മനുഷ്യർ അപ്പോഴും സുഖങ്ങളിൽ മുഴുകുന്നു. അതിനുവേണ്ടി പ്രയാസങ്ങൾ സഹിക്കുന്നു. കാലത്തെ പാമ്പായി ഭാവന ചെയ്ത് അത് നമ്മെ എപ്പോൾ വേണമെങ്കിലും വിഴുങ്ങാമെന്ന സൂചന കാവ്യഭാഗത്ത് വ്യക്തമാകുന്നു.

(ii) പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം, കുരച്ചതുചാടിക്കുതിക്കുന്നു.'
കാവ്യസന്ദർഭത്തിന് ഈ വരികൾ എങ്ങനെ മാറ്റു കൂട്ടുന്നു?
ആമുഖം

റഫീക്ക് അഹമ്മദിൻെറ 'അമ്മത്തൊട്ടിൽ' എന്ന കവിത അനാഥമാക്കപ്പെടുന്ന മാതൃത്വത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ്. ആധുനികജീവിതത്തിൽ തകർന്നുപൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങളുടെ നേർക്കുതിരിച്ച കണ്ണാടിയാണ് 'അമ്മത്തൊട്ടിൽ'.

വാർദ്ധക്യമെത്തിയ അമ്മയെ നോക്കാൻ കഴിയാത്തതുകൊണ്ട് ഭാര്യയുടെ വാക്കുപ്രകാരം മകൻ അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിക്കുന്നു. മകൻ കാറിൻെറ പിൻസീറ്റിൽ ചെരിഞ്ഞുമടങ്ങിയിരിക്കുന്ന അമ്മയെ വിജനമായ തെരുവിൽ എവിടെയെങ്കിലും കളയാമെന്നു കരുതി ഒരു വലിയ മാളിൻെറ (കച്ചവടശാലയുടെ) മുന്നിലെത്തുന്നു. എല്ലാം പണം കൊടുത്ത് വാങ്ങാൻ കിട്ടുന്ന പുതിയ കാലത്തെ മാൾ സംസ്കാരവും വാങ്ങുക, ഉപയോഗിക്കുക, വലിച്ചെറിയുകയെന്ന കച്ചവടകാലവും സൂചനയിലുണ്ട്. അമ്മയെ മാളിനു തൊട്ടടുത്ത് കളയാനൊരുങ്ങുമ്പോളാണ് പെറ്റുകിടക്കുന്ന തെരുവുപട്ടി ഊറ്റത്തോടെ അയാളുടെ മുന്നിലേക്കു ചാടിവീണത്. സ്വന്തം മക്കളെ ഉപദ്രവിക്കാൻ വരുന്ന ശത്രുവായിട്ടാണ് തെരുവുപട്ടി അയാളെക്കണ്ടത്. സ്വന്തം കുഞ്ഞിനെ ശത്രുവിൽ നിന്നും രക്ഷിക്കുവാൻ ഏതമ്മയും അങ്ങേയറ്റം ശ്രമിക്കും. അക്കാര്യത്തിൽ മനുഷ്യനെന്നോ മൃഗമെന്നോ വേർതിരിവില്ല. ഒരു മൃഗം മനുഷ്യനു നൽകുന്ന പാഠമാണ് ഈ വരികൾ. പെറ്റുകിടക്കുന്ന പട്ടിയുടെ ശൗര്യം, കുട്ടിയെ സംരക്ഷിക്കുന്നതിന് അതുകാണിക്കുന്ന വ്യഗ്രത, അടുത്തുവരുന്നവരെ ആക്രമിക്കാൻ ഒരുങ്ങുന്നത് ഒക്കെത്തന്നെ അമ്മ-കുഞ്ഞ് ബന്ധം സൂചിപ്പിക്കുന്നതിനു സഹായിക്കുന്ന ശക്തമായ ബിംബങ്ങളാണ്. അമ്മയെ ഉപേക്ഷിക്കുന്ന മകൻെറ പ്രവൃത്തിയെ ചോദ്യം ചെയ്യുന്ന തെരുവുപട്ടിയെ നമുക്കു കാണിച്ചുതരുന്നു. മൃഗങ്ങളിൽപ്പോലും ഇത്രമേൽ ശക്തമായ ബന്ധം കാണുമ്പോൾ മനുഷ്യരിൽ ഇത് എത്രമാത്രം ഇല്ലാതായിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലാകുന്നു ഇത്. തെരുവുപട്ടിയുടെ കുര കാരണം അയാൾ അമ്മയെ അവിടെ ഉപേക്ഷിക്കാതെ മടങ്ങിപ്പോകുന്നു. പട്ടിക്കുപോലും ഇഷ്ടപ്പെടാത്ത ഒരു

പ്രവൃത്തിയാണ് മകൻ കാണിച്ചതെന്ന് അറിയിക്കുവാൻ കവിയുടെ ഈ പ്രയോഗം വഴിയൊരുക്കുന്നു.

(iii) അന്യജീവനുതകി സ്വജീവിതം
ധാന്യമാക്കുമമലേ വിവേകികൾ - ആശയം വിശദമാക്കുക.

മലയാളകവിതയിൽ ഇതിവൃത്ത സ്വീകരണത്തിലും അവതരണത്തിലും പുതിയ വഴികൾ സ്വീകരിച്ച സ്നേഹഗായകനായ കുമാരനാശാൻെറ മഹത്തായ ഖണ്ഡകാവ്യമാണ് 'നളിനി'. 'ഒരു സ്നേഹം' എന്ന പേരിലും അറിയുന്ന നളിനിയിലെ 'പ്രിയദർശനം' എന്ന പാഠഭാഗത്തുനിന്നുള്ള വരികളാണിത്. നായകനായ ദിവാകരൻേറതാണ് ഈ വാക്കുകൾ. തന്നെയോർത്ത് കഴിയുന്ന നളിനി എന്തുപകാരമാണ് തന്നിൽ നിന്നും പ്രതീക്ഷിക്കുന്നതെന്ന് അറിയുവാൻ ദിവാകരൻ ആഗ്രഹിക്കുന്നു. അറിവുള്ളവർ സ്വന്തം ജീവിതം മറ്റുള്ളവർക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ച് ധന്യമാക്കുന്നു. 'പരോപകാരാർത്ഥമിദം ശരീരം' മറ്റുള്ളവർക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് ഈ ശരീരം. ഈ ജന്മം) എന്ന ആശയമാണ് ദിവാകരൻ വെളിപ്പെടുത്തുന്നത്. കുമാരനാശാൻെറ ജീവിതദർശനം ദിവാകരൻെറ വാക്കുകളിൽ നിഴലിക്കുന്നുണ്ട്. അവനവൻ ആത്മസുഖത്തിനായി ആചരിക്കുന്നവ മറ്റുള്ളവർക്കു കൂടി സുഖത്തിനായി വരേണം, ഭവിക്കണം എന്ന ശ്രീനാരായണഗുരുവിൻെറ കാഴ്ചപ്പാടുമായി സമാനത പുലർത്തുന്ന വരികളാണ് നളിനിയിൽ കാണാനാകുന്നതും.

**(c) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക. (2 x 3 = 6)**

(i) ചട്ടമ്പിസ്വാമികളുടെ ശിഷ്യൻമാരെയും അനുയായികളെയും കുറിച്ചെഴുതുക

കേരളത്തിലെ നവോത്ഥാന നായകന്മാരിൽ ഉയർന്ന സ്ഥാനമാണ് ചട്ടമ്പി സ്വാമികൾക്കുള്ളത്. പ്രവൃത്തിയും ഗുണവുമാണ് മനുഷ്യൻെറ ജാതിനിശ്ചയിക്കുന്നതിന് അടിസ്ഥാനമെന്ന മഹത്തായ ആശയം സമൂഹത്തിനു പകർന്നുകൊടുത്ത സാമൂഹ്യപരിഷ്കർത്താവാണ് അദ്ദേഹം. അദ്ദേഹത്തിൻെറ ജീവിതത്തിലെ അദ്ഭുതകരമായ സംഭവങ്ങൾ രാജൻ തുവ്വാര രചിച്ച 'ചട്ടമ്പിസ്വാമികൾ' എന്ന ജീവചരിത്രകൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സ്വാമികൾ പോകുന്നിടത്തെല്ലാം അദ്ദേഹത്തിന് ശിഷ്യന്മാരെയും കൂട്ടുകാരെയും ലഭിച്ചിട്ടുണ്ട്. നീലകണ്ഠ തീർത്ഥപാദസ്വാമികൾ, തീർത്ഥപാദ പരമഹംസ സ്വാമികൾ എന്നിവരാണ് ശിഷ്യന്മാരിൽ പ്രസിദ്ധർ. ശ്രീനാരായണഗുരു താഴ്ന്ന വിഭാഗത്തിൽപ്പെട്ടവരെ ഉയർത്തിക്കൊണ്ടുവരുവാനായി അരുവിപ്പുറത്ത് ശ്രീനാരായണധർമ്മ പരിപാലനസംഘം സ്ഥാപിച്ചപ്പോൾ അദ്ദേഹത്തെ അനുസരിക്കാനും അംഗീകരിക്കാനും കേരളത്തിലെ താഴ്ന്നവരെല്ലാം മുന്നോട്ടു വന്നു.

വേദത്തിലുള്ള അറിവും വലിയ യോഗശീലവും കൊണ്ട് മഹാനായ ഒരു സന്യാസിയാണ് നീലകണ്ഠ തീർത്ഥപാദർ. പരസ്പരം വഴക്കിട്ടിരുന്ന നായർ സമുദായത്തെ വളർത്തുവാൻ അദ്ദേഹം വളരെയധികം ശ്രമിച്ചു. പുസ്തകരചനയിലൂടെ സമുദായത്തെ അറിവില്ലായ്മയിൽ നിന്നും രക്ഷിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അതുകൊണ്ടുതന്നെ താഴ്ന്ന നിലയിലുള്ള ജനങ്ങൾക്കിടയിൽ തീർത്ഥപാദരുടെ ശ്രമങ്ങൾക്ക് വലിയ ചലനമുണ്ടാക്കാൻ കഴിഞ്ഞില്ല.

സ്വാമികളുടെ ശിഷ്യരിൽ തികച്ചും വേറിട്ട വ്യക്തിയായിരുന്നു തീർത്ഥപാദ പരമഹംസർ. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ രണ്ടു വഴികളിലൂടെയായിരുന്നു. മതപരവും സാമുദായികവുമായ വഴികളിലൂടെ വാഴൂരിൽ ഒരാശ്രമം സ്ഥാപിച്ച് തൻെറ പ്രവർത്തനങ്ങളെ വളർത്തിക്കൊണ്ടു വരുവാനാണ് അദ്ദേഹം ശ്രമിച്ചത്. പ്രചരണശേഷിയും

സംഘടനാ മികവുമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾക്ക് ജനപിന്തുണ കിട്ടിയിരുന്നു.

ചട്ടമ്പിസ്വാമികളുടെ ശിഷ്യന്മാരിൽ ഏറ്റവും മുൻപന്തിയിലാണു പദ്മനാഭപ്പണിക്കരുടെ സ്ഥാനം. സ്വാമികളുടെ സഹായിയായി നിഴൽപോലെ കൂടെയുണ്ടായിരുന്നു അദ്ദേഹം. പണിക്കരില്ലാതെ സ്വാമികളെ കാണാറില്ല എന്നതായിരുന്നു സത്യം. പുത്തൻകുരിശു മഠാധിപതിയെന്നു പേരെടുത്ത രാമാനന്ദസ്വാമികൾ സ്വാമികളുടെ പ്രിയശിഷ്യരിൽ ഒരാളായിരുന്നു. നന്ത്യാർവീട്ടിൽ പരമേശ്വരൻ പിള്ള, കൊച്ചി ഗോപാലപിള്ള എന്നിവരും സ്വാമികളുടെ പ്രിയ ശിഷ്യന്മാരാണ്. അവസാനകാലത്തു സ്വാമികളുടെ കാര്യങ്ങൾ നോക്കി നടത്തിയിരുന്ന ശിഷ്യനായിരുന്നു കുമ്പളത്ത് ശങ്കുപിള്ള എന്ന പണ്ഡിതൻ.

## (ii) 'വിജ്ഞാനദാഹിയായ വിപ്ലവകാരി'യാണു ചട്ടമ്പിസ്വാമികൾ സമർത്ഥിക്കുക.

കേരളത്തിലെ നവോത്ഥാന നായകന്മാരിൽ ഉയർന്ന സ്ഥാനമാണ് ചട്ടമ്പി സ്വാമികൾക്കുള്ളത്. പ്രവൃത്തിയും ഗുണവുമാണ് മനുഷ്യൻെറ ജാതിനിശ്ചയിക്കുന്നതിന് അടിസ്ഥാനമെന്ന മഹത്തായ ആശയം സമൂഹത്തിനു പകർന്നുകൊടുത്ത സാമൂഹ്യപരിഷ്കർത്താവാണ് അദ്ദേഹം. അദ്ദേഹത്തിൻെറ ജീവിതത്തിലെ അദ്ഭുതകരമായ സംഭവങ്ങൾ രാജൻ തുവ്വാര രചിച്ച 'ചട്ടമ്പിസ്വാമികൾ' എന്ന ജീവചരിത്രകൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഒരു കാര്യം വായിച്ചു കേട്ടത് അപ്പോൾത്തന്നെ ഓർമ്മയിൽ നിന്നെടുത്തു പറയുന്നത് വലിയ കാര്യമല്ലെന്നും കുറച്ചു സമയത്തിനു ശേഷം പറയുന്നതാണു യഥാർത്ഥ ഓർമ്മശക്തിയെന്നുമായിരുന്നു സ്വാമികളുടെ അഭിപ്രായം. ന്യായം, വേദാന്തം, മീമാംസ, വ്യാകരണം തുടങ്ങിയവയിൽ സ്വാമിക്കു നല്ല അറിവായിരുന്നു. ഇരിങ്ങാലക്കുടയിൽ താമസിക്കുന്ന കാലത്ത് അദ്ദേഹത്തിൻെറ വ്യാകരണത്തിലുള്ള അറിവു പരീക്ഷിക്കാനെത്തിയ ശാസ്ത്രികൾക്കു ഭാഷവ്യാകരണം വ്യക്തമായി പറഞ്ഞുകൊടുക്കുന്നത് അതിനു തെളിവാണ്. തർക്കശാസ്ത്രവുമായി ബന്ധപ്പെട്ട ധാരാളം പുസ്തകങ്ങളിലും സ്വാമികൾ അറിവുനേടിയിട്ടുണ്ട്. 'ഖണ്ഡനഖണ്ഡഖാദ്യം' പോലെയുള്ള കൃതികൾ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ അദ്ദേഹം അതു ഭംഗിയായി വിലയിരുത്തി അഭിപ്രായങ്ങൾ പങ്കുവയ്ക്കാറുണ്ടായിരുന്നു.

സ്വാമികൾ കൈവച്ചുനോക്കാത്ത ശാസ്ത്രമേഖലകളില്ല. ജ്യോതിഷം, വൈദ്യം, മന്ത്രവാദം എന്നിവയിലും സ്വാമികൾക്ക് അറിവുണ്ടായിരുന്നു. ആയുർവേദത്തിൽ കാര്യമായ അറിവുണ്ടായിരുന്ന അദ്ദേഹത്തിന് ഏതു രോഗത്തിനും ഒറ്റമൂലികൾ കണ്ടെത്തി രോഗം മാറ്റാനുള്ള കഴിവുണ്ടായിരുന്നു. ചട്ടമ്പിസ്വാമികൾ സംഗീതത്തിലും അറിവുനേടിയിരുന്നു. ഏതു സംഗീതോപകരണവും സ്വന്തം മനോധർമ്മമുപയോഗിച്ചു വായിക്കാനുള്ള പ്രത്യേകകഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. തുകൽ വാദ്യങ്ങളോടായിരുന്നു അദ്ദേഹത്തിനു കൂടുതലിഷ്ടം. ചെണ്ട, മൃദംഗം, ഉടുക്ക്, ഇടയ്ക്ക, പാണി, നന്തുണി, ഗിഞ്ചിറ എന്നിവയോട് അദ്ദേഹത്തിനു പ്രത്യേക ഇഷ്ടമായിരുന്നു. ഏത് ഉപകരണത്തിലും സംഗീതം കണ്ടെത്തുന്ന ശീലം സ്വാമികൾക്കുണ്ടായിരുന്നു. ചിത്രരചനയിലും അഭിനയത്തിലും അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. അദ്ദേഹത്തിനു കൂടുതലിഷ്ടം രാജാരവിവർമ്മയുടെ ചിത്രങ്ങളായിരുന്നു. ചട്ടമ്പിസ്വാമികളുടെ സാഹിത്യകൃതികൾ ആഴത്തിലുള്ള ചിന്തകൾ നിറഞ്ഞതാണ്. യാത്രയ്ക്കിടയിൽ ചെറിയ കടലാസ്സിൽ എഴുതി ശിഷ്യന്മാർക്കു കൈമാറുകയായിരുന്നു അദ്ദേഹത്തിൻെറ രചനാരീതി. ലേഖനങ്ങൾ, നിരൂപണങ്ങൾ, ഭജനകൾ എന്നിങ്ങനെയുള്ള രൂപങ്ങളിലായിരുന്നു

അദ്ദേഹത്തിൻെറ എഴുത്തുകൾ. ഒറ്റ ശ്ലോകങ്ങളാണു കൂടുതലും എഴുതിയിട്ടുള്ളത്. ഭജനകളാകട്ടെ സംഗീതമാധുര്യം നിറഞ്ഞതുമാണ്. സർവ്വമതസാരസ്യം, ആദിഭാഷ തുടങ്ങിയവയാണ് സ്വാമികളുടെ പ്രസിദ്ധരചനകൾ. 'വേദാധികാര നിരൂപണ'വും 'പ്രാചീന മലയാള'വും വിമർശനസാഹിത്യ വിഭാഗത്തിനുള്ള വലിയ സംഭാവനകളാണ്. നല്ല ഭംഗിയുള്ള കയ്യക്ഷരത്തിലുള്ള അദ്ദേഹത്തിൻെറ കത്തുകളും പ്രസിദ്ധങ്ങളായി.

ഭാഷാപരമായ ഗവേഷണങ്ങളോടൊപ്പം ഭൂമിശാസ്ത്രപരമായ അന്വേഷണങ്ങളും അദ്ദേഹം നടത്തി. നാടൻപാട്ടുകളും ചരിത്രകഥകളും ഐതിഹ്യങ്ങളും ഓർമ്മയിൽ കരുതിയിരുന്ന വലിയ ബുദ്ധിജീവിയായിരുന്നു അദ്ദേഹം. അരുവിപ്പാട് ഹരിപ്പാടായതും ഇറൈനാകർകുളം എറണാകുളമായതും സ്വാമി സൂക്ഷ്മമായ അനേഷണത്തിൽ നിന്നും കണ്ടെത്തിയതാണ്. അടങ്ങാത്ത അറിവു തേടിയുള്ള യാത്രയായിരുന്നു ചട്ടമ്പിസ്വാമികളുടെ ജീവിതം.

**(iii) 'ലോകത്തിൽ മഹത്തും ബൃഹത്തുമായ പലതിന്റെയും തുടക്കം എത്രയോ ലഘുവാണ്' . ഈ പ്രസ്താവനയുടെ പ്രാധാന്യം ചട്ടമ്പിസ്വാമികളുടെ ജീവിതത്തെ ആസ്പദമാക്കി വിശദമാക്കുക.**

കേരളത്തിലെ നവോത്ഥാന നായകന്മാരിൽ ഉയർന്ന സ്ഥാനമാണ് ചട്ടമ്പി സ്വാമികൾക്കുള്ളത്. പ്രവൃത്തിയും ഗുണവുമാണ് മനുഷ്യൻെറ ജാതിനിശ്ചയിക്കുന്നതിന് അടിസ്ഥാനമെന്ന മഹത്തായ ആശയം സമൂഹത്തിനു പകർന്നുകൊടുത്ത സാമൂഹ്യപരിഷ്കർത്താവാണ് അദ്ദേഹം. അദ്ദേഹത്തിൻെറ ജീവിതത്തിലെ അദ്ഭുതകരമായ സംഭവങ്ങൾ രാജൻ തുവ്വാര രചിച്ച 'ചട്ടമ്പിസ്വാമികൾ' എന്ന ജീവചരിത്രകൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

വാസുദേവശർമ്മ നങ്കാദേവി ദമ്പതികൾക്ക് ആദ്യത്തെ കുഞ്ഞു ജനിച്ചത് 1853 ആഗസ്റ്റ് ഇരുപത്തിയഞ്ചിനായിരുന്നു. തിരുവനന്തപുരത്തിനു വടക്ക് കൊല്ലൂർ ഗ്രാമത്തിലായിരുന്നു ജനനം. കുഞ്ഞിന് അയ്യപ്പൻ എന്നു പേരിട്ടു. കുഞ്ഞൻ എന്നായിരുന്നു അവൻെറ ചെല്ലപ്പേര്.

കുഞ്ഞൻെറ അറിവിനോടുള്ള ആർത്തി കണ്ട ഒരു ബന്ധു പ്രസിദ്ധ നില ത്തെഴുത്താശാൻ തിരുമധുരപ്പേട്ട രാമൻപിള്ളയുടെ കളരിയിൽ പഠനത്തിനു കൊണ്ടുചെന്നാക്കി. പ്രായംകൂടിയവനും അതിബുദ്ധിമാനുമായതുകൊണ്ട് രാമൻപിള്ള കുഞ്ഞൻപിള്ളയെ ക്ലാസിലെ മോണിട്ടർ അഥവാ 'ചട്ടമ്പി' ആയി ചുമതലപ്പെടുത്തി. ആശാനില്ലാത്തപ്പോൾ വിദ്യാർത്ഥികളെ നിയന്ത്രിക്കുന്നതും അച്ചടക്കം നില നിർത്തുന്നതും പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുക്കുന്നതുംചട്ടമ്പിയുടെ ജോലിയായിരുന്നു. ഇക്കാര്യങ്ങൾ ഗുരു കരുതിയതിലും ഭംഗിയായി കുഞ്ഞൻ ചെയ്തു. ഇതെല്ലാം ഗുരുവിനെ സന്തോഷവാനാക്കി. ഗുരു ചട്ടമ്പി എന്ന ബിരുദം നൽകി. കുട്ടികളെ ചട്ടം പഠിപ്പിക്കുന്ന ചട്ടമ്പിയെന്ന വിശേഷണം അങ്ങനെ കുഞ്ഞനു സ്വന്തമായി. കുഞ്ഞൻ എല്ലാവരെയും ഒരുപോലെ കണ്ടു. ജാതിവ്യവസ്ഥയ്ക്കെതിരെ പ്രതികരിച്ചു. ഈഴവസുഹൃത്തിൻെറ വീട്ടിൽ കയറി ഭക്ഷണം കഴിച്ച് ജാതിചിന്തയ്ക്കെതിരെ പ്രതികരിച്ചു.

അറിയാനുള്ള ആഗ്രഹവും ഓർമ്മശക്തിയും സാഹിത്യത്തോടുള്ള ഇഷ്ടവും കുഞ്ഞനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കി. ക്ഷേത്രത്തിൽ കണ്ടെത്തിയ സന്യാസിയെ കുഞ്ഞൻ പിന്തുടർന്നു. അദ്ദേഹം കുഞ്ഞനു മന്ത്രങ്ങൾ ഉപദേശിച്ചു. കുഞ്ഞൻ അദ്ദേഹത്തിൽ നിന്ന് അപൂർവമായ ബാലമന്ത്രവും സുബ്രഹ്മണ്യമന്ത്രവും ചേർന്നുള്ള ബാലസുബ്രഹ്മണ്യമന്ത്രം പഠിച്ചു. ഷണ്മുഖദാസൻ എന്ന് അദ്ദേഹം പ്രസിദ്ധനായതും ഇതുകൊണ്ടാണ്. ബാലാഹ്വൻ എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടു. കുഞ്ഞനെന്ന ദരിദ്രനായ കുട്ടിയിൽ നിന്ന് ചട്ടമ്പിസ്വാമികൾ എന്ന മഹാനായ വ്യക്തിയിലേക്കുള്ള ആദ്യപടിയായിരുന്നു അത്.

# COMMON PRE-BOARD EXAMINATION 2022-23

## **Subject:** Malayalam (012)

Class: X | Time: 3 Hours
Date: | Max. Marks: 80

**General Instructions : The Question paper is divided in to Two sections :**

**Section A : Reading Comprehension**
**Vocabulary Building & Literature (Prose, Poetry ) & M.C.Q : 40 marks**

**Section B : Grammar & Literature (Prose, Poetry ) : 40 marks**

---

## എ വിഭാഗം / SECTION A

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക (ഓരോന്നിനും 1 മാർക്കു വീതം)** (8x1= 8)

എഴുത്തുകാരൻ സൃഷ്ടിക്കുന്ന വ്യക്തിപരമായ മിത്താണ് സാഹിത്യസൃഷ്ടി. അതിൽ അസ്തിത്വത്തിന്റെ പ്രശ്നങ്ങൾ അന്തർഭവിച്ചിരിക്കുന്നു. സൃഷ്ടിയെന്ന വ്യക്തിപരമായ മിത്ത് എഴുത്തുകാരന്റെ പിറവിയുടെ ദുഖത്തിൽ നിന്നാണ് ജനിക്കുന്നത്. ഗർഭപാത്രത്തിൽനിന്നും ഭ്രഷ്ടനാക്കപ്പെടുന്ന കുഞ്ഞ് ഈ അന്യലോകത്തിൽ പിറന്നുവീഴുന്ന ആദ്യത്തെ നിമിഷത്തിൽത്തന്നെ അന്യതാബോധമെന്ന ദു:ഖം അനുഭവിച്ചു തുടങ്ങുന്നു. ഈ പിറവിയുടെ ദു:ഖം ദർശനത്തിന്റെ ഭാഗം മാത്രമല്ല. സൗന്ദര്യബോധത്തിന്റെ പ്രധാനലഹരികൂടിയാണ്. ഈ ജന്മദു:ഖമാണ് സ്വന്തമായൊരു മിത്ത് സൃഷ്ടിക്കുവാൻ അയാളെ പ്രേരിപ്പിക്കുന്നത്. പരിസരങ്ങൾ മനുഷ്യനിൽ ജനിപ്പിക്കുന്ന അപരിചിതഭാവമാണ് അന്യനെ സൃഷ്ടിക്കുന്നത്. ഈലോകത്തിലെ ജീവിതം അവനൊരു തടവുമുറിയാണ്. ഇതൊരു തടവുമുറിയാണെന്നും ഇതിൽനിന്നും രക്ഷപ്പെടുക അസാധ്യമാണെന്നുംമനസ്സിലാക്കുന്നതോടെ മനുഷ്യൻ ശിക്ഷിക്കപ്പെട്ടവന്റെ ദു:ഖം അനുഭവിക്കുന്നു. അങ്ങനെ ഞാൻ ആരാണെന്ന ചോദ്യം -ഐഡന്റിറ്റിയുടെ പ്രശ്നം- എഴുത്തുകാരന്റെ പ്രതിഭയെ അലട്ടുകയും സൃഷ്ടിയുടെ നിർബന്ധിത നിമിഷങ്ങൾ സ്വയം ജനിക്കുകയും ചെയ്യുന്നു. മനുഷ്യനേയും അവന്റെ തടവുമുറിയേയും സംബന്ധിക്കുന്ന ഈ ദർശനദു:ഖത്തിന്റെ ആധി പിടിപെട്ട പ്രവാചകനാണ് പുതിയ എഴുത്തുകാരൻ.അന്യന്റെ പ്രശ്നം ആധുനികമനുഷ്യന്റെ സകല അസ്വസ്ഥതയോടുംകൂടി ഗൗരവപൂർവ്വം കൈകാര്യംചെയ്ത ആദ്യത്തെഎഴുത്തുകാരൻ ദസ്തയേവ്സ്കിയായിരുന്നു. ‘‘ഞാൻ പണ്ട് മരിച്ചു കഴിഞ്ഞിരിക്കുന്നു. എനിക്കു മരണാനന്തരാസ്തിത്വം മാത്രമേയുള്ളൂ’’ എന്ന് പറഞ്ഞ കീറ്റ്സ് അസ്തിത്വത്തിന്റെ ദു:ഖം അവ്യക്തമായി വികാരതലങ്ങളിലൂടെ മാത്രം കണ്ടെത്തുകയാണ് ചെയ്തത്. സ്വാതന്ത്ര്യത്തിന്റെ വേദന അനുഭവിച്ചുകൊണ്ട് മാനവവാദിയായി മാറുന്നവനാണ്. പുതിയ എഴുത്തുകാരൻ. സമൂഹത്തിന്റെ മധ്യത്തിൽ ജീവിക്കുമ്പോഴും മനുഷ്യനെ അവന്റെ സ്വകാര്യചിന്തകൾ വേട്ടയാടിക്കൊണ്ടിരിക്കും.

ചോദ്യങ്ങൾ

(a). എഴുത്തുകാരന്റെ പ്രതിഭയെ അലട്ടുന്നതെന്ത് ?

(ഞാൻ ആരാണെന്ന ചോദ്യം, തത്വചിന്ത, ദർശനപരത, വികാരതീവ്രത)

(b). എഴുത്തുകാരൻ സൃഷ്ടിക്കുന്ന വ്യക്തിപരമായ മിത്തെന്ത് ?
(അരക്ഷിതബോധം, പ്രതീകാത്മത, സാഹിത്യസൃഷ്ടി, കേവലവാദം)

(c). എഴുത്തുകാരന്റെ പിറവിയുടെ ദുഖത്തിൽ നിന്ന് ജനിക്കുന്നതെന്ത് ?
(ആർദ്രത, സൃഷ്ടിയെന്ന വ്യക്തിപരമായ മിത്ത്, കാവ്യപ്രപഞ്ചം, തടവുമുറി)

(d). അന്യന്റെപ്രശ്നം ആധുനികമനുഷ്യന്റെ സകല അസ്വസ്ഥതയോടുംകൂടി ഗൗരവപൂർവ്വം കൈകാര്യംചെയ്ത ആദ്യത്തെ എഴുത്തുകാരൻ ആര് ?
(ദസ്തയേവ്സ്കി, കാന്റ്, ഗോയ്ഥെ, ബർണാഡ്ഷ)

(e). ഗർഭപാത്രത്തിൽനിന്നും ഭ്രഷ്ടനാക്കപ്പെടുന്ന കുഞ്ഞ് ഈ അന്യലോകത്തിൽ പിറന്നുവീഴുന്ന ആദ്യത്തെ നിമിഷത്തിൽത്തന്നെ അനുഭവിച്ചു തുടങ്ങുന്നതെന്ത് ?
(സന്തോഷം, നിർവൃതി, അന്യതാബോധമെന്ന ദുഃഖം, ജന്മദുഃഖം)

(f). സ്വന്തമായൊരു മിത്ത് സൃഷ്ടിക്കുവാൻ എഴുത്തുകാരനെ പ്രേരിപ്പിക്കുന്നതെന്ത് ?
(ജന്മദുഃഖം, വ്യർത്ഥതാബോധം, നശ്വരത, ക്ഷണികത)

(g). അന്യനെ സൃഷ്ടിക്കുന്നതെന്ത് ?
(മിത്ത്, അപരിചിതത്വം, പരിസരങ്ങൾ മനുഷ്യനിൽ ജനിപ്പിക്കുന്ന അപരിചിതഭാവം, നിർഭയം)

(h). "എനിക്കു മരണാനന്തരാസ്തിത്വം മാത്രമേയുള്ളൂ" എന്ന് പറഞ്ഞതാര് ?
(കീറ്റ്സ്, ഷെനെ, ഫ്രോയ്ഡ്, കീർക്കഗോർ)

(i). പുതിയ എഴുത്തുകാരൻ മാനവവാദിയായി മാറുന്നത് എങ്ങനെ?
(മതചിന്ത ഉൾക്കൊണ്ട്, സ്വാതന്ത്ര്യത്തിന്റെ വേദന അനുഭവിച്ചുകൊണ്ട്, അസ്വസ്തതയോടെ, മരണത്തിൽ വിശ്വസിച്ച്)

(j). സമൂഹത്തിന്റെ മധ്യത്തിൽ ജീവിക്കുമ്പോഴും മനുഷ്യനെ വേട്ടയാടിക്കൊണ്ടിരിക്കുന്നതെന്ത്.?
(സ്വകാര്യചിന്തകൾ. മരണഭയം, കാലബോധം, നീതിബോധം)

(k). കീറ്റ്സ് അസ്തിത്വത്തിന്റെ ദുഃഖം കണ്ടെത്തിയത് ഏത് തലത്തിലാണ് ?
(യുക്തിബോധത്തോടെ, അവ്യക്തമായി വികാരതലങ്ങളിലൂടെ മാത്രം, കാല്പനിക ചിന്തയിലൂടെ, ദാർശനിക തലത്തിൽ)

**2 ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക ഏതെങ്കിലും എട്ടെണ്ണത്തിന് (8x1= 8)**

(a). മഞ്ഞ് -എന്ന പദത്തിന്റെ ശരിയായ പര്യായപദങ്ങൾ തെരഞ്ഞെടുത്തെഴുതുക
(ഹിമം, ഹേമം, നീഹാരം, കേദാരം)

(b). മരവുരി - ശരിയായ പര്യായപദങ്ങൾ കണ്ടെത്തി എഴുതുക
(ചിരം, ചീരം, ശ്രേയം, വൽക്കലം)

(c). യതി - ശരിയായ നാനാർത്ഥപദങ്ങൾ തെരഞ്ഞെടുത്തെഴുതുക
(ബുദ്ധി, സന്യാസി, തിഥി, വിരാമം)

(d). ക്രോധത്താൽ ജ്വലിച്ചു നിൽക്കുന്നവൻ എന്നതിന് പകരമായി ഉപയോഗിക്കാവുന്ന ഒറ്റപദം ഏത് ?
(.ക്രോധദീപ്തൻ, ദീപ്തവർണ്ണൻ, ക്രോധാന്ധൻ, ക്രോധധാരി)

(e). സത്ത്വം- സ്വത്വം അർത്ഥവ്യത്യാസം കണ്ടെത്തി എഴുതുക
(തന്റേതന്നെ ഭാവം, പൗരാണികം, പിശാച് )

(f). ആധി - ആദി ശരിയായ അർത്ഥവ്യത്യാസം കണ്ടെത്തുക
(ആരവം, ശോഭ, പേടി, മുതലായവ)

(g). വൃദ്ധി - ശരിയായ വിപരീതപദം എഴുതുക

(അഭിവൃദ്ധി, ക്ഷയം , വൃത്തി, സിദ്ധി)

(h). പുമാൻ - ശരിയായ എതിർലിംഗം എഴുതുക
(പൂമാത്, പുമാനിനി, തന്വി, മനസ്വിനി)

(i). അത്യധികം എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് എഴുതുക
(അത്യ +അധികം, അതി+ അധികം, അതി +അതീകം, അത്യ +ധികം)

(j). തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക
കൃഷ്ണദ്വൈപായനൻ, കൃഷ്ണദ്വെപായനൻ, കൃഷ്ണദ്വപായനൻ, കൃഷ്ണദൈപായനൻ,

**3 ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക (ഏതെങ്കിലും എട്ട് ചോദ്യങ്ങൾക്ക് മാത്രം)** (8x1 = 8)

(a). ''പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു പാട്ടാണെന്നു പഴിക്കാമിന്നു''
i) ഇവിടെ പരാമർശിക്കുന്ന പാട്ടേത് ?
(പുള്ളുവൻ പാട്ട്, കളമെഴുത്ത് പാട്ട്, പൂരപ്പാട്ട് നാടൻപാട്ട്)
ii) ഏത് കവിതയിലെ വരികളാണിവ ?
(പ്രിയദർശനം, ഓണമുറ്റത്ത്, അമ്മത്തൊട്ടിൽ, കാവിലെപ്പാട്ട്)

(b). ആകാശഗോപുരങ്ങൾക്കു താഴത്തവ
നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു
i) നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നതെന്ത് ?
(ആശുപത്രി, ക്ഷേത്രം, വിദ്യാലയം, തെരുവീഥികൾ)
ii) പാരമ്പര്യവും പുതുമയും കൂട്ടിച്ചേർത്ത രചനാരീതി സ്വീകരിച്ച കവി ആര് ?
(റഫീക്ക് അഹമ്മദ്, മധുസൂദനൻ നായർ, വൈലോപ്പിള്ളി ശ്രീധരമേനോൻ, പി.രാമൻ)

(c). '' മാതാ പിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ ''
i) ആരാണ് ക്രോധം നിമിത്തം ഹനിക്കുന്നത് ?
(മനുഷ്യൻ, ദ്രൗണി, നൃപൻ, ബുധജനം)
ii) ക്രോധം നിമിത്തം ഹനിക്കുന്നത് ആരെയെല്ലാം ?
(മാതാവ്,പിതാവ്,സഹോദരൻ,സുഹൃത്ത്,കൂട്ടുകാരി, സജ്ജനങ്ങൾ, വൈദേശികർ, യാത്രികർ)

(d). i) റേഡിയോ വാങ്ങാൻ പുറപ്പെട്ട ചാക്കുണ്ണിയോട് നാട്ടുകാരുടെ മനോഭാവമെന്തായിരുന്നു?
(ആദരവ്, അസൂയ, കോപം, വിരോധം)
ii) പണയം എന്ന കഥ ഏത് ഗ്രാമത്തെ ചുറ്റിപ്പറ്റിയാണ് വികസിക്കുന്നത് ?
(ആറാട്ടുപുഴ, ആറാട്ടു കുന്ന്, കൂട്ടുപുഴ, ആറാട്ടുകോണം)

(e). i) ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ അറിഞ്ഞതെന്ത് ?

(കാലം, സമയം, ജീവിതരീതി, കാലാവസ്ഥ)

(ii). താഴെ കൊടുത്തിരിക്കുന്നവയിൽ ഒ.വി വിജയന്റെ കൃതി ഏത് ?

(കൈവിളക്ക്, നിന്റെ ഓർമ്മയ്ക്ക്, ധർമ്മപുരാണം, ആൾക്കൂട്ടത്തിൽ തനിയെ)

**4 ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 1 മാർക്കു വീതം)** (4x4= 16)

(a). നാണത്തോടുപരുങ്ങിയൊരുങ്ങിടു-

ഓണക്കോടിയുടുത്തൊരുഷസ്സേ

പനിനീരാൽ കഴുകിക്കൂ കാലുകൾ

മണിപീഠത്തിലിരുത്തൂ മന്നനെ

(i). നാണത്തോടുപരുങ്ങിയൊരുങ്ങിടുന്നതാര് ?

(രാത്രി, ഉഷസ്സ്, മധ്യാഹ്നം, സായാഹ്നം)

(ii). ഈ വരികളിൽ ഉഷസ്സിനെ വിശേഷിപ്പിച്ചിരിക്കുന്നതെങ്ങനെ ?

(തരളിതയായി, വിഷാദമൂകയായി, ഓണക്കോടിയുടുത്ത, സ്നേഹവാത്സ്യലത്തോടെ)

(iii). മണിപീഠത്തിലിരുത്തേണ്ടത് ആരെ ?

(യജമാനനെ, മന്നനെ, പഥികനെ, വിദൂഷകനെ)

(iv). ഏത് കവിതയിലെ വരികളാണിവ ?

(ഉജ്ജയിനി, വെറുതെ, ഓണമുറ്റത്ത്, അമ്മത്തൊട്ടിൽ)

(b). 'മനുഷ്യർ പാട്ടുകേട്ട് സമയം കളയുന്നതെന്തിനാണെന്ന് ഒരുകാലത്തും മനസ്സിലായിരുന്നില്ല'

(i). മനുഷ്യർ പാട്ടുകേട്ട് സമയം കളയുന്നതെന്തിനാണെന്ന് ഒരുകാലത്തും മനസ്സിലാകാതിരുന്നതാർക്ക് ?

(ദിവാകരൻ, ഈനാശു, ചെമ്പുമത്തായി, ചാക്കുണ്ണി)

(ii). ചെമ്പുമത്തായി ഏത് കഥയിലെ കഥാപാത്രമാണ് ?

(പ്രതിഷ്ഠ, പണയം, മൂന്നാമതൊരാൾ, ആറാംകാലം)

(iii). 'ഞായറാഴ്ച രാവിലെ സ്പെഷൽ ആയ റേഡിയോ പരിപാടി ?

(വയലും, വീടും, കവിയരങ്ങ്, ബാലമണ്ഡലം, ആരോഗ്യകേരളം)

(iv). പണയം എന്ന ചെറുകഥ രചിച്ചതാര് ?

(വി.പി ശിവകുമാർ, വി.ആർ സുധീഷ്, ഇ. സന്തോഷ് കുമാർ, ഒ.വി വിജയൻ)

(c). ''ദേഹം നിമിത്തമഹംബുദ്ധികൈക്കൊണ്ടു

മോഹംകലർന്നു ജന്തുക്കൾ നിരൂപിക്കും

ബ്രാഹ്മണോഹംനരേന്ദ്രോഹമാഢ്യോഹമെ-

ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ''

(i). ദേഹം നിമിത്തം കൈക്കൊള്ളുന്നതെന്ത് ?

(ക്രോധം, വിനയം, അഹംബുദ്ധി, സന്താപം)

(ii). ദേഹം നിമിത്തം ജന്തുക്കൾ നിരൂപിക്കുന്നത് താഴെ പറയുന്നവയിൽ ഏത് ?

(ബ്രാഹ്മണനാകുന്നു രാജാവാകുന്നു, ബുദ്ധിമാൻ, ധീരൻ, സാഹസികൻ)

(iii). താഴെ കൊടുത്തിരിക്കുന്നവയിൽ എഴുത്തച്ഛന്റെ കൃതി ഏത് ?

(മഹാഭാരതം കിളിപ്പാട്ട്, കമ്പരാമായണം, രഘുവംശം, അഭിജ്ഞാന ശാകുന്തളം)

(iv). മലയാളഭാഷയുടെ പിതാവാര് ?

(കാളിദാസൻ, ഭാസൻ, എഴുത്തച്ഛൻ, ചെറുശ്ശേരി)

(d). '' ദുര്യോധനാ ജീവിക്കുന്നുണ്ടല്ലോ കേൾക്കാൻ കൊതിക്കുന്നത് കേട്ടോളൂ പാണ്ഡവരിൽ വാസുദേവനും സാത്യകിയുമുൾപ്പെടെ ഏഴുപേരും നമ്മളിൽ മൂന്നുപേരും മാത്രമേ ഇനി ബാക്കിയുള്ളൂ ''

(i). ഇങ്ങനെ പറയുന്നതാര് ?

(കൃപർ, കർണ്ണൻ, അർജുനൻ, ദ്രൗണി)

(ii). പാണ്ഡവരിൽ അവശേഷിക്കുന്നതാരെല്ലാം?

(കർണ്ണൻ, വാസുദേവനും സാത്യകിയുമുൾപ്പെടെ ഏഴുപേർ, ശിഖണ്ഡി, ഭീഷ്മർ)

(iii). കൗരവരിൽ അവശേഷിക്കുന്നതാരെല്ലാം?

(കൃപർ,കൃതവർമ്മാവ്, ദ്രൗണി, കർണ്ണൻ, ധൃഷ്ടദ്യുമ്നൻ, ദുശ്ശാസനൻ)

(iv). ആരോട്പറയുന്ന വാക്കുകളാണിവ ?

(കൃപരോട്, ദുര്യോധനനോട്, കർണ്ണനോട്, അർജുനനോട്)

(e). ''ദൃഷ്ടനായിഹഭവാൻ ഭവാനു പ-
ണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ''

(i). ദൃഷ്ടനായതാര് ?

(ദിവാകരൻ, നളിനി, കവി, ശരീരികൾ)

(ii). ഈവരികളിൽ നളിനി തന്നെ വിശേഷിപ്പിക്കുന്നതെങ്ങനെ?

(പ്രണയിനി, ഭവാനുപണ്ടിഷ്ടയാം നളിനി, സഖി, വല്ലി)

(iii). ഈ പദ്യഭാഗം ഏത് കവിതയിൽ നിന്നും എടുത്തിട്ടുള്ളതാണ് ?

(ലീല, കരുണ, പ്രരോദനം, നളിനി)

(iv). താഴെ കൊടുത്തിരിക്കുന്നവയിൽ കുമാരനാശാന്റേതല്ലാത്ത കൃതി ഏത് ?

(കരുണ, പ്രരോദനം, വീണപൂവ്, സാഹിത്യമഞ്ജരി)

## ബി- വിഭാഗം / SECTION B

5. (a). പ്രയോഗം മാറ്റുക (2x1 = 2)

i. ഈ കരാറെല്ലാം പാണ്ഡവകൗരവരാൽ യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഏറെക്കുറെ പാലിക്കപ്പെട്ടു.

ii. പാറാവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്ത് പ്രവേശിപ്പിച്ചു.

(b). അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക (2x1 = 2)

i. മനുഷ്യച്ചോരയിലാണ്ട ദ്രൗണിയുടെ വാൾപ്പിടി കൈപ്പടത്തോടൊട്ടിപ്പിടിച്ച് ഒന്നായിത്തീർന്നതു പോലായി.

ii. അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി...

(c). അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക (2x1 = 2)

i. ഗെയ്റ്റിൽ ചീട്ടുതിരിച്ചുകൊടുത്തുകൊണ്ട് വെള്ളായിയപ്പൻ പുറത്തു കടന്നു. .

ii. ധൃഷ്ടദ്യുമ്നന്റെ മരണഞരക്കം കൊണ്ട് അവിടെയുള്ള സ്ത്രീകളും കാവൽക്കാരും ഉണർന്നു.

(d). ഏതെങ്കിലും രണ്ടെണ്ണം വാക്യത്തിൽ പ്രയോഗിക്കുക (2x1 = 2)

i. പ്രീണിപ്പിക്കുക ii. മഹാനാശകാരി iii. കുറ്റമറ്റ

(e). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2x1 = 2)

i. ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തിയും അവസാനവും.

ii. രാജാവിന്റെ വിലാപം കേട്ട ആയിരക്കണക്കിന് ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞു പോയി .

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക ഓരോന്നിനും (5മാർക്ക് വീതം)** (3x5=15)

(a). ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക 5

i. യുദ്ധം മാനവരാശി നേരിടുന്ന മഹാവിപത്ത്.

ii. വിദ്യാർത്ഥികളും സാമൂഹ്യസേവനവും

(b). നിങ്ങളുടെ പ്രദേശത്തെ ജനജീവിതത്തെ ദുരിതത്തിലാക്കുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി എടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അധികൃതർക്ക് ഒരു കത്ത് എഴുതുക 5

(c). നിങ്ങളുടെ പ്രദേശത്തെ സ്കൂളുകളെ കേന്ദ്രീകരിച്ച് ലഹരി മാഫിയ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് പത്രവാർത്ത തയ്യാറാക്കുക തയ്യാറാക്കുക 5

**7.- താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക (ഓരോന്നിനും 3 മാർക്കു വീതം)** (3x3=9)

(a). ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക (1x3=3)

i. റേഡിയോ ‘പണയം’ എന്ന കഥയിൽ ശക്തമായൊരു സാന്നിധ്യമായിത്തീരുന്നതെങ്ങനെയെന്ന് കഥാസന്ദർഭങ്ങൾ പരിശോധിച്ച് വിശദീകരിക്കുക

ii. പാണ്ഡവർ നേടിയ വിജയത്തെ വല്ലപാടും നേടിയ വിജയം എന്ന് വിശേഷിപ്പിക്കുന്നതെന്ത് കൊണ്ട് ?

(b). ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക (2x3=6)

i. ‘‘അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ’’ ഏത് കവിതയിലെ വരികളാണിവ? ആശയം വിശദീകരിക്കുക

ii ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണം നൽകുന്നത് ഓണക്കാലം പ്രകൃതി അണിഞ്ഞൊരുങ്ങുന്നത് എങ്ങനെ? വിവരിക്കുക

iii. ''അന്നത്തെ സൂചിപ്രയോഗത്തിൻനീറ്റൽ പോലൊന്ന്
മനസ്സിലൂടപ്പോൾ കടന്നുപോയ് ''ഓർമ്മകൾക്ക് അമ്മത്തൊട്ടിൽ എന്ന കവിതയിൽ വലിയ പ്രാധാന്യമുണ്ട് സമർത്ഥിക്കുക

**8. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക** (2x3=6)

i. വിജ്ഞാനദാഹിയായ വിപ്ലവകാരി ആയിരുന്നു ചട്ടമ്പിസ്വാമികൾ എന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ ബോധ്യപ്പെടുത്തുന്നു സമർത്ഥിക്കുക ?

ii കുഞ്ഞൻപിള്ള താൻ അന്വേഷിച്ചു നടന്ന ആത്മീയ ഗുരുവിനെ കണ്ടെത്തിയതെങ്ങന? തുടർന്നുണ്ടായ സംഭവവികാസങ്ങൾ എന്തെല്ലാമായിരുന്നു ?

iii. കുഞ്ഞൻപിള്ള ഹജൂർ കച്ചേരിയിലെ ജോലി ഉപേക്ഷിക്കാൻ കാരണമെന്ത് ?

******

**COMMON PRE-BOARD EXAMINATION 2022-23**

**Subject:** Malayalam (012) Marking Scheme

Class: X　　　　　　　　　　　　　　　　Time: 3 Hours
Date:　　　　　　　　　　　　　　　　　　Max. Marks: 80

**General Instructions : The Question paper is divided in to Two sections :**

**Section A : Reading Comprehension**

**Vocabulary Building & Literature (Prose, Poetry ) & M.C.Q : 40 marks**

**Section B : Grammar & Literature (Prose, Poetry ) : 40 marks**

**എ വിഭാഗം / SECTION A**

I ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക (ഓരോന്നിനും 1 മാർക്കു വീതം) (8x1= 8)

(a). ഞാൻ ആരാണെന്ന ചോദ്യം
(b). സാഹിത്യസൃഷ്ടി
(c). സൃഷ്ടിയെന്ന വ്യക്തിപരമായ മിത്ത്
(d). ദസ്തയേവ്സ്കി
(e). അന്യതാബോധമെന്ന ദു:ഖം
(f). ജന്മദു:ഖം
(g). പരിസരങ്ങൾ മനുഷ്യനിൽ ജനിപ്പിക്കുന്ന അപരിചിതഭാവം
(h). കീറ്റ്സ്
(i). സ്വാതന്ത്ര്യത്തിന്റെ വേദന അനുഭവിച്ചുകൊണ്ട്
(j). സ്വകാര്യചിന്തകൾ
(k). അവ്യക്തമായി വികാരതലങ്ങളിലൂടെ മാത്രം

2 ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക ഏതെങ്കിലും എട്ടെണ്ണത്തിന് (8x1= 8)

(a). ഹിമം, നിഹാരം,
(b). ചീരം, വൽക്കലം
(c). സന്യാസി, വിരാമം
(d). ക്രോധദീപ്തൻ
(e). പിശാച് , തന്റേതന്നെ ഭാവം,
(f). പേടി, മുതലായവ
(g). ക്ഷയം

(h). പുമാനിനി

(i). അതി+ അധികം

(j). കൃഷ്ണദ്വൈപായനൻ

3 ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക (ഏതെങ്കിലും എട്ട് ചോദ്യ ങ്ങൾക്ക് മാത്രം) (8x1 = 8)

(a).

i) പുള്ളുവൻ പാട്ട്

ii) ഓണമുറ്റത്ത്

(b).

i) തെരുവീഥികൾ

ii) റഫീക്ക് അഹമ്മദ്

(c).

i മനുഷ്യൻ

ii) മാതാവ്,പിതാവ്,സഹോദരൻ,സുഹൃത്ത്,കൂട്ടുകാരി

(d).

i) ആദരവ്

ii) ആറാട്ടു കുന്ന്

(e).

i) സമയം

(ii). ധർമ്മപുരാണം

4 ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴു തുക (ഓരോന്നിനും 1 മാർക്കു വീതം) (4x4= 16)

(a).

(i). ഉഷസ്സ്

(ii). ഓണക്കോടിയുടുത്ത

(iii). മന്നനെ

(iv). ഓണമുറ്റത്ത്

(b).

(i). ചെമ്പുമത്തായി

(ii). പണയം

(iii). ബാലമണ്ഡലം

(iv). ഇ. സന്തോഷ് കുമാർ

(c).

(i). അഹംബുദ്ധി

(ii). ബ്രാഹ്മണനാകുന്നു രാജാവാകുന്നു

(iii). മഹാഭാരതം കിളിപ്പാട്ട്

(iv). എഴുത്തച്ഛൻ

(d).

(i). ദ്രൗണി

(ii). വാസുദേവനും സാത്യകിയുമുൾപ്പെടെ ഏഴുപേർ,

(iii). കൃപർ,കൃതവർമ്മാവ്,ദ്രൗണി,

(iv). ദുര്യോധനനോട്,

(e).

(i). ദിവാകരൻ

(ii). ഭവാനുപണ്ടിഷ്ടയാം നളിനി

(iii). നളിനി

(iv). സാഹിത്യമഞ്ജരി

**ബി- വിഭാഗം / SECTION B**

I (a). പ്രയോഗം മാറ്റുക (2X1 = 2)

i. ഈ കരാറെല്ലാം യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ പാണ്ഡവകൗരവർ ഏറെക്കുറെ പാലിച്ചു.

ii. വെള്ളായിയപ്പൻ പാറാവുകാരനാൽ അഴിവാതിൽ തുറന്ന് അകത്ത് പ്രവേശിപ്പിക്കപ്പെട്ടു.

(b). അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക (2X1 = 2)

i. മനുഷ്യച്ചോരയിലാണ്ട ദ്രൗണിയുടെ വാൾപ്പിടി കൈപ്പടത്തോടൊട്ടിപ്പിടിച്ച് ഒന്നായിത്തീർന്നതു പോലാകാതിരുന്നില്ല.

ii. അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകാതിരുന്നില്ല.

(c). അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക (2X1 = 2)

i. ഗെയ്റ്റിൽ ചീട്ടുതിരിച്ചുകൊടുത്തുകൊണ്ട് - അംഗവാക്യം
വെള്ളായിയപ്പൻ പുറത്തു കടന്നു. -അംഗിവാക്യം.

ii. ധൃഷ്ടദ്യുമ്നന്റെ മരണഞരക്കം കൊണ്ട് - അംഗവാക്യം
അവിടെയുള്ള സ്ത്രീകളും കാവൽക്കാരും ഉണർന്നു. -അംഗിവാക്യം.

(d). ഏതെങ്കിലും രണ്ടെണ്ണം വാക്യത്തിൽ പ്രയോഗിക്കുക (2X1 = 2)

i. ശരിയായ വാക്യപ്രയോഗം, തെറ്റു കൂടാതെയുള്ള ലേഖനം

(e). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2X1 = 2)

i. ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി

ii. രാജാവിന്റെ വിലാപംകേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങു മിങ്ങും പാഞ്ഞു പോയി.

6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക ഓരോന്നിനും (5മാർക്ക് വീതം) (3X5=15)

(a). ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക 5

i. ആമുഖം. വിഷയം ഉൾക്കൊണ്ടുള്ള അവതരണം, ഉള്ളടക്കം, ആശയം, ഖണ്ഡികാകരണം ഉപസംഹാരം

(b). രൂപഘടന, മേൽവിലാസം, സ്വീകർത്താവ് .വിഷയസൂചന, ആമുഖം, ഉള്ളടക്കം, വിവരണം ഉപചാരവാക്ക്, പേര്, ഒപ്പ് 5

(c). രൂപഘടന, ശീർഷകം, സ്വന്തം ലേഖകൻ, സ്ഥലം, ആമുഖം, വിശദീകരണം, ഉപസംഹാരം ഭാഷാശുദ്ധി, പത്രഭാഷ 5

7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക (ഓരോന്നിനും 3 മാർക്കു വീതം) (3X3=9)

(a). ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക (1X3=3)

i. 'പണയം' എന്ന കഥയിലെ ശക്തമായ ഒരു കഥാപാത്രമാണ് റേഡിയോ എന്നു കാണാം. കഥയുടെ ആദ്യാവസാനം റേഡിയോ ശക്തമായ സാന്നിധ്യമായി മാറുന്നു. ആറാട്ടുകുന്നിൽ ആദ്യമായി റേഡിയോ വാങ്ങിച്ച ആൾ ചാക്കുണ്ണിയായിരുന്നു. മകന്റെ ചികിത്സയ്ക്ക് പണം തികയാതെ വന്നപ്പോൾ ചാക്കുണ്ണിക്ക് റേഡിയോ പണയം വെയ്ക്കേണ്ടി വരുന്നു. ''കുട്ട്യോളെപ്പോലെ നോക്കേണ്ട സാധനമാണ് അത് '' എന്ന് മത്തായിയോടു പറയുമ്പോൾ അയാളുടെ ഉള്ളിലെ തീ എത്രയാണെന്ന് വ്യക്തമാകുന്നു. ചാക്കുണ്ണിയുടെ ജീവിതത്തിന്റെ ഒരംശമായ റേഡിയോ പണയം വെച്ചപ്പോൾ അയാളുടെ ജോലിയുടെ താളം തെറ്റുന്നു. മകന്റെ മരണശേഷം ആ ദുഖത്തിൽ നിന്ന് ആശ്വാസം ലഭിക്കുന്നതിനായി അവന' ഏറെ ഇഷ്ടമായിരുന്ന 'ബാലമണ്ഡലം' കേൾക്കുകയാണയാൾ ചെയ്തത്. റേഡിയോയും ചാക്കുണ്ണിയും തമ്മിലുള്ള വൈകാരികത തീവ്രമായി കഥാകൃത്ത് കഥയിൽ അവതരിപ്പിക്കുന്നു.

Ii. മഹാഭാരത യുദ്ധം ആരംഭിക്കുമ്പോൾ കൃത്യമായ യുദ്ധ നിയമങ്ങളോടെയാണ് ഇരുമുന്നണികളും യുദ്ധരംഗത്ത് നിലയുറപ്പിക്കുന്നത്. ശക്തമായ ധർമ്മ നിബന്ധനകളോടെയാണ് കൗരവ പാണ്ഡവ യുദ്ധം ആരംഭിച്ചത്. യുദ്ധത്തിന്റെ ആദ്യ ദിനങ്ങളിൽ ഇത് പാലിക്കപ്പെട്ടു. പിന്നെ ലംഘിക്കപ്പെട്ടു തുടങ്ങി. കൗരവരും ഇക്കാര്യത്തിൽ പിന്നിലായിരുന്നില്ല. അഭിമന്യുവിനെ ചതിയിൽപ്പെടുത്തി വധിച്ചു. പാണ്ഡവർ ഭീഷ്മർ, ദ്രോണർ, കർണ്ണൻ, ദുര്യോധനൻ തുടങ്ങിയവരെ വീഴ്ത്തിയത് യുദ്ധ ധർമ്മം ലംഘിച്ചു കൊണ്ടാണ് പൂർണ്ണമായും ധർമ്മങ്ങൾ പാലിച്ച് നേടിയെടുത്ത വിജയം പാണ്ഡവർക്ക് അവകാശപ്പെടാനാവില്ല. അതുകൊണ്ടാണ് വല്ലപാടും നേടിയ വിജയം എന്ന് പറയുന്നത്.

(b). ഏതെങ്കിലും രണ്ടു ചോദ്യത്തിന' മാത്രം ഉത്തരമെഴുതുക (2X3=6)

i. കുമാരനാശാന്റെ 'നളിനി' എന്ന കവിതയിലെ വരികളാണിവ. നളിനിയും ദിവാകരനും ബാല്യകാല സുഹൃത്തുക്കളായിരുന്നു. കാലം അവരിൽ വലിയ മാറ്റങ്ങൾ വരുത്തുന്നു. ദിവാകരൻ ലൗകിക ജീവിതം ഉപേക്ഷിച്ച് സന്യാസത്തിന്റെ പാത സ്വീകരിക്കുന്നു. നളിനി ദിവാകരനെ ധ്യാനിച്ച് കഴിയുന്നു. ഇവർ പരസ്പരം കണ്ടുമുട്ടുന്നതാണ് പാഠഭാഗം. അറിവുള്ള മഹത്തുക്കൾ മറ്റുള്ളവർക്കു കൂടി പ്രയോജനപ്രദമായിത്തീരത്തക്കവിധമാണ് ജീവിക്കുന്നതെന്ന് ദിവാകരൻ

നളിനിയോട് പറയുന്നു. തന്റെ ജീവിതം ലോകസേവനത്തിനായി അർപ്പിച്ചിരിക്കുകയാണെന്ന് ദിവാകരൻ സൂചിപ്പിക്കുന്നു. നമ്മുടെ ഏത് പ്രവൃത്തിയും സമൂഹത്തിന്റെ നന്മയും പുരോഗതിയും ലക്ഷ്യമാക്കിയുള്ളതായിരിക്കണമെന്നും ദിവാകരൻ അഭിപ്രായപ്പെടുന്നു.

Ii  മലയാളനാട് ഓണത്തെ വരവേൽക്കുന്നതെങ്ങനെയെന്ന് മനോഹരമായി വിവരിക്കുന്ന വൈലോപ്പിള്ളി ശ്രീധരമേനോന്റെ കവിതയാണ് 'ഓണമുറ്റത്ത് ' .മലനിരകളാൽ നിറഞ്ഞു നിൽക്കുന്ന മലയാളനാട്ടിലെ വയലുകളിൽപ്പോലും മഞ്ഞിന്റെ തണുപ്പും നനവുമുള്ള പാവനമായ ഒരു ഭാവം ഒരു മധുരോദാരമായ വികാരമായി തങ്ങിനിൽക്കുന്നു. അത് ഓണമാകുന്നു. തുമ്പകൾ പൂക്കുടകൾ നിറച്ച് മേടുകൾ തോറും മഴകൊണ്ട് വിറച്ചു നിൽക്കുന്നു. മുക്കുറ്റിപ്പൂവുകൾ ദീപക്കുറ്റികൾ നാട്ടി ഓണത്തെ കാത്തിരിക്കുന്നു. വെള്ളിത്താലമെടുത്ത് നെയ്യാമ്പലുകൾ ശോഭിക്കുന്നു. കുട്ടികൾ ആർപ്പുവിളികളാലും, ചെറുകന്യകമാർ വായ്ക്കുരവയിട്ടും ഓണത്തെ വരവേൽക്കുന്നു. ഗോമേദകത്തിന്റെ നിറവാർന്ന മിഴികളുമായി സ്വർണ്ണസിംഹാസനത്തിൽ മഹാബലി മുത്തുക്കുടയും ചൂടി ഇരിക്കുന്നു എന്ന് കവി വർണ്ണിക്കുന്നു. പൂക്കളുടെ ഉത്സവമായും ഒരു കൊയ്ത്തുത്സവമായും മലയാളി ആഘോഷിക്കുന്ന തിരുവോണത്തെ പ്രകൃതി സ്വീകരിക്കുന്നത് സൂക്ഷ്മമായി വർണ്ണിക്കുകയാണ് കവി.

iii. കുടുംബ ബന്ധങ്ങൾ പ്രമേയമാക്കി റഫീക്ക് അഹമ്മദ് രചിച്ച കവിതയാണ് 'അമ്മത്തൊട്ടിൽ' പ്രായമായ അമ്മയെ ഉപേക്ഷിക്കാൻ തയ്യാറാവുന്ന മകനെ കവി ഈ കവിതയിൽ അവതരിപ്പിക്കുന്നു. ഈ കവിതയിൽ ഓർമ്മകൾക്ക് വലിയ പ്രാധാന്യം നൽകുന്നതായി കാണാം. ഓർമ്മകൾ, അമ്മയുടെ വാത്സല്യം എന്നിവ മകനെ അമ്മയെ ഉപേക്ഷിക്കുക എന്ന പ്രവൃത്തിയിൽ നിന്നും പിന്തിരിപ്പിക്കുന്നു. ആശുപത്രി ബാല്യകാലത്ത് അസുഖം വന്നപ്പോൾ അമ്മ ആ ആശുപത്രിയുടെ പടവുകൾ കയറി തന്നെ കൊണ്ടുപോയത് അവനെ ഓർമ്മിപ്പിച്ചു. വിദ്യാലയം, ക്ലാസ്മുറിയിലേക്കു പോയ മകനെയും കാത്ത് ചുറ്റുമതിലിന് പുറത്ത് കാത്തുനിന്ന അമ്മയുടെ മുഖം അയാളെ ഓർമ്മിപ്പിച്ചു. ഇങ്ങനെ ഓർമ്മകൾ സൂചിപ്രയോഗത്തിൻ നിറ്റൽ പോലെയും അമ്മയെന്ന വാത്സല്യരൂപത്തെക്കുറിച്ച് ഓർമ്മിപ്പിച്ചതിനാൽ അമ്മയെ ഉപേക്ഷിക്കാൻ മകന് കഴിയാതെ വരുന്നു.

8. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക (2X3=6)

i. വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് പൂർണ്ണ അർത്ഥത്തിൽ ചട്ടമ്പിസ്വാമികളെ വിശേഷിപ്പിക്കാം. വേദാന്തവും വ്യാകരണവും ബ്രാഹ്മണർ ഒഴികെ മറ്റ് വിഭാഗങ്ങൾക്ക് വിലക്കപ്പെട്ട കാലഘട്ടത്തിൽ തന്റെ പ്രതിഭകൊണ്ട് അതെല്ലാം സ്വായത്തമാക്കിയ സൗമ്യവിപ്ലവകാരിയായിരുന്ന നവോത്ഥാന നായകനാണ് ചട്ടമ്പിസ്വാമികൾ. വേദാന്തം മീമാംസ എന്നിവയ്ക്കു പുറമെ ജ്യോതിഷം ,വൈദ്യം ,മന്ത്രവാദം തുടങ്ങിയ മേഖലകളിലും സ്വാമികൾ കൈവച്ചു. ആയുർവേദത്തിൽ നല്ല അറിവുണ്ടായിരുന്ന സ്വാമികൾ ഒറ്റമൂലി പ്രയോഗങ്ങളിലൂടെ രോഗശമനം വരുത്തി. തത്വശാസ്ത്രം മർമ്മശാസ്ത്രം എന്നിവയിലും താല്പര്യമുണ്ടായിരുന്ന സ്വാമികൾ നല്ലൊരു സംഗീതജ്ഞൻ കൂടിയായിരുന്നു. ചിത്രരചന,അഭിനയം എന്നിവയിലും സാമർത്ഥ്യം പ്രകടിപ്പിച്ച സ്വാമികൾ സാഹിത്യ രചനയിലും വ്യാപൃതനായിരുന്നു. ഭാഷാപരമായ ഗവേഷണങ്ങൾക്കുപുറമെ ഭൂമിശാസ്ത്രപരമായ അന്വേഷണങ്ങളും അദ്ദേഹം നടത്തിയിട്ടുണ്ട്.

Ii വടിവീശ്വരത്തുവച്ചായിരുന്നു കുഞ്ഞൻപിള്ള താൻ അന്വേഷിച്ചു നടന്ന ആത്മീയഗുരുവിനെ ആദ്യമായി കാണുന്നത്. അവിടെ ഒരു വീട്ടിൽ അടിയന്തിര സദ്യ നടക്കുകയായിരുന്നു. ഊണുകഴിഞ്ഞ് പുറത്തേക്കിട്ട ഇലകളിൽ നിന്നും ഉച്ഛിഷ്ടം ഭക്ഷിക്കുവാൻ എത്തിയ നായ്ക്കൾക്കൊപ്പം

ഒരു വൃദ്ധനും സാഹോദര്യത്തോടെ എച്ചിൽ കഴിക്കുന്നത് അവിടെക്കൂടിയിരുന്ന ആൺകുട്ടികളിൽ കൗതുകമുണർത്തി. അവർ ആ വൃദ്ധനേയും നായ്ക്കളേയും കല്ലെടുത്തെറിഞ്ഞെങ്കിലും അയാൾക്ക് ഒരു ഭാവമാറ്റവും ഉണ്ടായില്ല. ആ നായ്ക്കൾ യാചകനെ അനുസരിച്ചു കൊണ്ടിരുന്നു. വിവേകിയായ മനുഷ്യനേയും വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളേയും സമരസപ്പെടുത്തുന്ന സവിശേഷമായ ഒരു സിദ്ധി ആ യാചകനുണ്ടെന്ന് സദ്യയ്ക്കെത്തിയ സ്വാമികൾ മനസ്സിലാക്കി. കുഞ്ഞൻപിള്ള തന്നെ നിരീക്ഷിക്കുന്നുണ്ട് എന്നു മനസ്സിലാക്കിയ വൃദ്ധൻ എച്ചിൽത്തീറ്റ നിർത്തി എഴുന്നേറ്റ് നടക്കുവാൻ തുടങ്ങി. അദ്ദേഹം വെറുമൊരു യാചകനല്ലെന്നും യോഗിവര്യനാണെന്നും തിരിച്ചറിഞ്ഞ കുഞ്ഞൻപിള്ള ആ ഭിക്ഷുവിനെ പിന്തുടർന്നു. ആ ഭിക്ഷു പത്തു പന്ത്രണ്ടു നാഴിക നടന്നശേഷം കുറേ ദൂരം ഓടുകയും ഒരു കാട്ടിൽ പ്രവേശിക്കുകയും ചെയ്തു. ശരീരത്തിലെ ഊർജ്ജം വറ്റിവരണ്ട് കുഞ്ഞൻപിള്ള ബോധരഹിതനായി വീണുപോയി. തന്നെ പിന്തുടർന്ന യുവാവ് സാമാന്യനല്ലെന്നും അയാളിൽ ആദ്ധ്യാത്മിക തേജസ്സ് ജ്വലിക്കുന്നുണ്ടെന്നും അനുഗ്രഹവും മന്ത്രോപദേശവും ലഭിക്കുവാൻ ആ യുവാവ് യോഗ്യനാണെന്നും മനസ്സിലാക്കിയ ആ ബ്രഹ്മജ്ഞാനി തളർന്നു കിടക്കുന്ന കുഞ്ഞൻപിള്ളയിലേക്ക് യോഗസുധയുടെ അപൂർവ്വമായ അനുഭൂതി രസങ്ങൾ പകർന്നു. കരുണാമയനായ ജീവൻമുക്തനായ ആ യോഗിവര്യൻ പ്രണവമന്ത്രമുപദേശിച്ചുകൊണ്ട് കുഞ്ഞൻപിള്ളയെ അനുഗ്രഹിച്ചു.

iii. കുഞ്ഞൻപിള്ളയ്ക്ക് ആദ്യമായി ലഭിച്ച കണക്കെഴുത്തു പിള്ള എന്ന സർക്കാരുദ്യോഗം ത്രിവിക്രമൻ തമ്പി എന്ന പരാക്രമിയായ ഒരു തഹസിൽദാരുടെ കീഴിലായിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാനെ അന്നത്തെ മഹാരാജാവിന്റെ കല്പനയനുസരിച്ച് അറസ്റ്റുചെയ്ത് നാടുകടത്തി തന്റെ പരാക്രമം തെളിയിച്ചയാളാണ് ത്രിവിക്രമൻ തമ്പി, ഒരത്യാവശ്യഘട്ടത്തിൽ കുഞ്ഞൻപിള്ള കുറച്ചു ദിവസത്തെ അവധിക്കായി അപേക്ഷ സമർപ്പിച്ചപ്പോൾ ത്രിവിക്രമൻ തമ്പി, അവധി അനുവദിച്ചില്ല. തനിക്കെന്തായാലും അവധി കിട്ടിയേ തീരൂ എന്ന് കുഞ്ഞൻപിള്ള ശാഠ്യം പിടിച്ചപ്പോൾ തമ്പിയിലെ സർവ്വാധികാരി സടകുടഞ്ഞെഴുന്നേറ്റു. നാളെ താൻ ഓഫീസിൽ വരുമ്പോൾ കണക്കെഴുത്തുപിള്ള ഹാജരുണ്ടായിരിക്കണം എന്ന് തമ്പി ആക്രോശിച്ചു. ''ഞാൻ ഇനി എപ്പോൾ ഇവിടെ വന്നിരിക്കുമോ അപ്പോൾ എന്നെ നോക്കണം'' എന്നായിരുന്നു ചട്ടമ്പിയുടെ മറുപടി. ഈ സംവാദത്തോടെ തമ്പിയും ചട്ടമ്പിയും പിണങ്ങിപ്പിരിഞ്ഞു. ചട്ടമ്പിസ്വാമികളുടെ അവസാന ഉദ്യോഗമായിരുന്നു അത്. പിറ്റേന്നു തന്നെ അദ്ദേഹം ഹജ്ജൂർ കച്ചേരി വിട്ടു.

******